## 3.1001 കുട്ടക്കാരനരച്ച. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കുട്ടക്കാരനരച്ച നേരമുടനേ തന്മിത്രശത്രുപ്പട–
ക്കൂട്ടത്തിന്റെ നടുക്കു പൊന്നണിമണിത്തേർനിർത്തിനിന്നൂർജ്ജസാ
കോട്ടം വിട്ടൊരു കൗരവേന്ദ്രഭടർതന്നായുസ്സിനെക്കേവലം
നോട്ടത്താലെ ഹരിച്ച പാർത്ഥസഖനിൽ പ്രേമം ഭവിക്കാവു മേ!

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.1002 കാളും മോദേന കറ്റച്ചിട. . . (ഋഷി)

സ്രഗ്ദ്ധര

കാളും മോദേന കറ്റച്ചിടയനമചലക്കുഞ്ഞുമൊന്നിച്ചൊരുന്നാൾ
മേളിച്ചുംകൊണ്ടിരിക്കുന്നളവരികിലണഞ്ഞിട്ടു ശാഠ്യം പിടിച്ച്
ചീളെന്നച്ഛന്റെ മെച്ചം തടവിന ജടയിൽ ചന്ദ്രനെക്കണ്ടു തേങ്ങാ–
പ്പൂളെന്നോർത്തിട്ടു നീട്ടീടിന കരിവദനത്തുമ്പി ഭാഗ്യം തരട്ടേ!

കവി : **പെരട്ടഴിയം വലിയ രാമനിളയത്**

## 3.1003 ചതുർഭുജേ ചന്ദ്ര. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചതുർഭുജേ ചന്ദ്രകലാവതംസേ
കുചോന്നതേ കുങ്കുമരാഗശോണേ
പുണ്ഡ്രേക്ഷുപാശാങ്കുശപുഷ്പബാണ–
ഹസ്തേ നമസ്തേ ജഗദേകമാതഃ

കവി : **കാളിദാസൻ**, കൃതി : *ശ്യാമളാദണ്ഡകം*

## 3.1004 പാർത്ഥൻ തുടങ്ങി. . . (ബാലേന്ദു)

വസന്തതിലകം

പാർത്ഥൻ തുടങ്ങി നരനായകരെത്ര സ്വർഗ്ഗ–
മെത്തിത്തിരിച്ചു ധരതേടി മടങ്ങിയെത്തി
ധൂർത്താർന്നൊരാവഴിയൊരിക്കലൊരെത്തിനോട്ടം
മാത്രം നടത്തി ഹരി; കേവലയോഗമല്ല.

കവി : **ബാലേന്ദു**

## 3.1005 ധനാധിപൻ കാത്തൊരു. . . (ജീവി)[186]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധനാധിപൻ കാത്തൊരു ദിക്കിനർക്കൻ
മര്യാദ വിട്ടേച്ചു ഗമിച്ചനേരം
സമീരണൻ ദക്ഷിണയായ ദിക്കിൻ
മുഖത്തുദിച്ചൂ നെടുവീർപ്പിനൊപ്പം.

കവി : **എ.ആർ. രാജരാജവർമ്മ**, കൃതി : *കുമാരസംഭവം തർജമ* (3:25)

---

[186] **[*ഉമേഷ്*] ശ്ലോകം 3.1005 :** മൂലശ്ലോകം (**കാളിദാസൻ**) :

കുബേരനാഥാം ദിശമുഷ്ണരശ്മൗ
ഗന്തും പ്രവൃത്തേ സമയം വിലംഘ്യ
ദിഗ്ദക്ഷിണാ ഗന്ധവഹം മുഖേന
വ്യളീകനിശ്വാസമിവോത്സസർജ്ജ.

## 3.1006 സ്ത്രീവർഗ്ഗത്തിലെവൾക്കും. . . (ഹരി)

സ്ത്രീവർഗ്ഗത്തിലെവൾക്കുമാണൊരു തുണയ്ക്കായ് വേണമാരാകിലും
തൈവല്ലിക്കു പടർന്നിടാനൊരു മരം വേണം മുരിക്കാകിലും
ഏവം പ്രാകൃത ബോധവൈകൃതവശാലന്നേ വെറും ഭാര്യയായ്–
പ്പാവം പെണ്ണു, പുമാനഹംകൃതധിയാ മത്താർന്ന ഭർത്താവുമായ്

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.1007 എങ്ങു മച്ചിത്തകാമ്പാം. . . (കർത്താ)

സ്രഗ്ദ്ധര

എങ്ങു മച്ചിത്തകാമ്പാമഗതി സുവദനേ? പണ്ടു നിൻ മെയ് തിരക്കീ–
ട്ടെങ്ങാനും പോയ്മറഞ്ഞോ? ശിവശിവ! പലനാളായി കണ്ടീല ഞാനോ;
കൺകാണാഞ്ഞോ വലഞ്ഞൂ കുചഭരതിമിരേ? നാഭിപദ്മത്തിൽ മുങ്ങി–
പ്പൊങ്ങാഞ്ഞോ ഹന്ത! പീനസ്തനഗിരിതടതോ വീണു കൈകാലൊടിഞ്ഞോ?

കവി : **ചേലപ്പറമ്പു നമ്പൂതിരി**

## 3.1008 കണ്ടിട്ടുള്ള ദിനം മറന്നു. . . (ഹരി)

സ്രഗ്ദ്ധര

കണ്ടിട്ടുള്ള ദിനം മറന്നു, കുശലോദന്തങ്ങൾ തമ്മിൽച്ചെവി–
ക്കൊണ്ടിട്ടിപ്പോളിരുണ്ടുനീണ്ടൊരിരുപന്തീരാണ്ടു തീരാറുമായ്
ഉണ്ടിന്നും പ്രിയതോഴി മത്സ്മരണയിൽ പൊന്നിൻകിനാവായിരം
ചെണ്ടിട്ടീടിന രണ്ടിളം കരളുചേർന്നൊന്നായൊരന്നാളുകൾ.

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.1009 ഉച്ചത്തിൽപ്പറയുന്നു ഞാൻ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഉച്ചത്തിൽപ്പറയുന്നു ഞാൻ, സരസനാം പട്ടത്തു കുഞ്ഞുണ്ണിയെ–
ന്നൊച്ചപ്പെട്ടു വസിച്ചിട്ടും കവിവരൻ കേടറ്റ നേന്ത്രപ്പഴം,
അച്ഛൻ വെണ്മണി ചിങ്ങനാണു, പൂവാളമ്പാടി പൂവമ്പഴം,
അച്ചങ്കണ്ട, നറച്ചിട്ടുന്നിരുമുടിക്കുന്നന്റെ മാണിപ്പഴം.

കവി : **അച്ചങ്കണ്ടത്തു നമ്പിയാർ, വെണ്മണി അച്ഛൻ, അമ്പാടി**

## 3.1010 ആദ്യം വന്നതു കാലബോധം. . . (മധുരാജ്)[187]

ശാർദ്ദൂലവിക്രീഡിതം

ആദ്യം വന്നതു കാലബോധ, മതിനോടൊപ്പം പദാർത്ഥാദിസ–
മ്പാദ്യം, ഏത്തിനു തെല്ലൊരാർദ്രത, വെളിച്ചത്തോടവിദ്വേഷവും
ഉദ്യത്പത്രകരോപനീതമുകുളശ്ലോകം നിവേദ്യങ്ങളായ്
പ്രദ്യോതാർപ്പണമാക്കിടാമിവിടെ നാ, മുദ്യാനവിദ്യാർത്ഥികൾ!

കവി : **മധുരാജ്**

---

[187] [*ജ്യോതി*] **ശ്ലോകം 3.1010 :**

| | | |
|---|---|---|
| കാലബോധം | = | സമയബോധം എന്നും, താളബോധം എന്നും |
| പത്രകരോപനീതം | = | ഇലയെടുത്ത കൈ വഹിക്കുന്നവയെന്നും, കത്തെഴുതുന്ന കൈ ഉണ്ടാക്കിയതെന്നും |

## 3.1011 ഊക്കിൽപ്പെരുത്ത നൃപസൽകൃതി. . . (കർത്താ)

വസന്തതിലകം

ഊക്കിൽപ്പെരുത്ത നൃപസൽകൃതിയാം ബിലാത്തി–
ത്തീക്കപ്പലോട്ട കിടനോക്കുവതിന്നിദാനീം
ഈക്കെൽപ്പെഴാത്ത മമ ദുഷ്കൃതിയാകുമോടി–
യേൽക്കിൽ പരുന്തൊടിനിയീച്ച പടയ്ക്കൊരുങ്ങും.

കവി : **ഉള്ളൂർ**, കൃതി : *ഒരു പദ്യലേഖനം*

## 3.1012 ഇതര പാപഫലാനി. . . (ഹരി)

ദ്രുതവിളംബിതം

ഇതര പാപഫലാനി യഥേച്ഛയാ
വിലിഖിതാനി സഹേ ചതുരാനന
അരസികേഷു കവിത്വ നിവേദനം
ശിരസി മാ ലിഖ മാ ലിഖ മാ ലിഖ!

കവി : **കാളിദാസൻ**

## 3.1013 ആയാസത്താൽ വിയർപ്പിൻ. . . (ജീവി)

സ്രശ്ധര

ആയാസത്താൽ വിയർപ്പിൻ കണികകളണിയും നെറ്റിമേൽ പാതിയോളം
മായും സിന്ദൂരഗോപിക്കുറിയു, മുടലിലക്കാട്ടുചെമ്മണ്ണുമേന്തി
സായംകാലം പുണർന്നീടിന ഘനശകലംപോലെ, മാടിന്റെ പിന്നിൽ
കായാമ്പൂവർണ്ണനെത്തും നയനമധുരമം ചിത്രമോർക്കട്ടെ ചിത്തം.

കവി : **വി. കെ. ജി.**

## 3.1014 സാശയാ വിധുതപാശയാ. . . (കർത്താ)

കുസുമമഞ്ജരി

സാശയാ വിധുതപാശയാ വിധൃതപാശയാ സരജനീശയാ
ശോശയാനപതപാശയാ കചവികോശയാ വിനതമേശയാ
സേനയാ സുമഥനാശയാ ഹൃതഹരാശയാ ദമിതനാശയാ
ഹേലയാദൃതസുകോശയാ ദിവി വിമോചയേ വിമതനാശയാ.

കവി : **ശ്രീനാരായണഗുരു**, കൃതി : *ദേവീപ്രണാമദേവ്യഷ്ടകം*

## 3.1015 സൂരിവ്രജത്തൊടിടപെട്ട്. . . (ഹരി)

വസന്തതിലകം

സൂരിവ്രജത്തൊടിടപെട്ടിതരാനുബന്ധം
ദൂരെ ത്യജിച്ച ദുരഹങ്കൃതിയുള്ളതെല്ലാം
തീരെക്കളഞ്ഞു തിരുനാമപദം ജപിച്ചാൽ
തീരും നമുക്കു ജനനീജഠരപ്രവേശം

കവി : **ശീവൊള്ളി**

## 3.1016 തൻ പാപങ്ങളൊരുത്തി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

തൻ പാപങ്ങളൊരുത്തിയശ്രുനദിയായ്പ്പാദത്തിലർപ്പിക്കവേ
നിൻ പേർചൊല്ലി ജനങ്ങളൂർജ്ജതയൊടന്നോശാന പാടീടവേ
നിൻ പാദങ്ങൾ കരങ്ങൾ പേശികളഹോ ക്രൂശിൽപ്പിടഞ്ഞീടവേ
നീ പ്രാർത്ഥിച്ചതു ലോകനന്മ വരുവാൻ കാരുണ്യമുണ്ടാകുവാൻ!

കവി : ബാലേന്ദു, കൃതി : *ശ്രീയേശുനവകം*

## 3.1017 നിൽക്കാ ഭൂമിയിലൊന്നുമെങ്ങും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

നിൽക്കാ ഭൂമിയിലൊന്നുമെങ്ങുമൊരുപോലെന്നും വെളുപ്പോളവും
കക്കാനൊക്കുകയില്ലൊരാൾക്ക – "പലനാൾ കട്ടാലൊരുന്നാൾ പെടും"
ഇക്കാണുന്നൊരു ക്ലൂരിരുൾക്കുഴിയിൽനിന്നൊന്നാകെയിന്നാടിനെ–
പ്പൊക്കാൻ നല്ലൊരു നാളെ വന്നുപുലരും കേഴായ്ക, നാടേ ഭവാൻ!

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

## 3.1018 ഇല്ലാ വിസ്മയമേകനായ്. . . (ഉമേഷ്)[188]

ശാർദ്ദൂലവിക്രീഡിതം

ഇല്ലാ വിസ്മയമേകനായ് ജലനിധിശ്യാമാങ്കസീമാങ്കഭൂ–
വെല്ലാടം നഗരാർഗ്ഗളോച്ചഭുജനീ രാജാവു പാലിപ്പതിൽ;
നല്ലാരാസുരബദ്ധവൈരകൾ ജയം നേരുന്ന വിൺനാട്ടുകാ–
രെല്ലാം വില്ലനിവന്റെ വിൽക്കൊടിയിലും, ശക്രന്റെ വജ്രത്തിലും.

കവി : കാലടി രാമൻ നമ്പ്യാർ / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ (കേളീശാകുന്തളം)*

## 3.1019 നിർമ്മര്യാദങ്ങളിമ്മാണി. . . (കർത്താ)

സ്രഗ്ദ്ധര

നിർമ്മര്യാദങ്ങളിമ്മാണികളിരുവരുമായ്ച്ചെയ്തതെല്ലാം പൊറുക്കാം;
കർമ്മം പൊന്നീടിലോ ചെറ്റതിനു പകരവും വീണ്ടുകൊള്ളാമൊരുന്നാൾ;
ധമ്മില്ലം കൊണ്ടു മെല്ലെപ്പിഹിതവദനമയ്യോ! തദാനീം ചിരിച്ചാ–
ളമ്മല്ലാർവേണി; ചൊല്ലാമതു മനസി പൊറായുന്നിതെല്ലായിലും മേ.

കവി : പുനം നമ്പൂതിരി, കൃതി : *രാമായണം ചമ്പു*

## 3.1020 ധൂളീധൂഷിതമായ്. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ധൂളീധൂഷിതമായ് പുകക്കറപിടിച്ചംബോധരോൽഘട്ടനം
മൂലം പാട്ടുകൾ വീണ വിഷ്ണുപദമെമ്പാടും പുതുക്കീട്ടുവാൻ
നീലച്ചായമുണക്കി വെച്ച നിലയിൽ കുമ്പാരമായ്ക്കാണുമീ–
ശൈലത്തിൻ വനനീലകോമളിമയാലിന്നാട്ടു ചേതോഹരം!

കവി : വി.കെ.ജി

---

[188] [*ഉമേഷ്*] ശ്ലോകം **3.1018 :** മൂലശ്ലോകം (കാളിദാസൻ) :

നൈതച്ചിത്രം, യദയമുദധിശ്യാമസീമാം ധരിത്രീ–
മേകഃ കൃത്സ്നാം നഗരപരിഘപ്രാംശുബാഹുർ ഭുനക്തി
ആശംസന്തേ സുരയുവതയഃ സക്തവൈരാ ഹി ദൈത്യൈ–
രസ്യാധിജ്യേ ധനുഷി വിജയം, പൗരുഹൂതേ ച വജ്രേ.

## 3.1021 നാല്വംകൂട്ടി മുറുക്കിടുന്നതു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നാല്വംകൂട്ടി മുറുക്കിടുന്നതു രസം! താംബൂലസാരം നണ–
ഞ്ഞേല്വം ളുലഹരീവിലാസമൊരുമട്ടാനന്ദസന്ദായകം,
ചാലേ ചുണ്ടു ചുമന്നുകിട്ടു, മിനിയും ളുപ്പുന്ന മട്ടിൽ കുറെ–
ച്ചേല്വ, ണ്ടായതു ദൂരെവേണ, മധികം താംബൂലമാപത്കരം.

കവി : **ഏവൂർ പരമേശ്വരൻ**

## 3.1022 ചിന്തുരം തൊട്ടു, ചിന്തും. . . (ജീവി)

സ്രഗ്ധര

ചിന്തുരം തൊട്ടു, ചിന്തും പ്രഭയുടയ മണിക്കോപ്പണി, ഞ്ഞാളിമാരോ–
ടെന്തോ ചെന്താമരക്കണ്ണുന ചെറുതു ചെരിച്ചുചരിച്ചും, ചിരിച്ചും
ചെന്താരമ്പൻ ചെറുക്കുന്നതിനു ചെറുതിരച്ചില്ലി ചിന്നിച്ചു, മത്തൻ–
ചന്തിക്കെട്ടും ചലിപ്പിച്ചൊരു തരുണി വരും പിട്ടു നേരിട്ടു കണ്ടേൻ.

കവി : **ശീവൊള്ളി**, കൃതി : *ഒരു കഥ*

## 3.1023 ചേലായാൽ മതി പെൺകുളി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ചേലായാൽ മതി പെൺകുളിക്കടവിലെച്ചേലങ്ങൾ കക്കും, മുല–
പ്പാലായാൽ മതിയാസ്വദിക്കണമലം ഹാലാഹലം ചേരില്വം,
നീലാറ്റിൻ കരയാകില്വം മതി രതിക്രീഡയ്ക്കു, കാട്ടോട തൻ
കോലായാൽ മതി പാടുവാൻ - ചതുരനോ തെമ്മാടിയോ നീ ഹരേ!

കവി : **വി. കെ. ജി.**

## 3.1024 നീലക്കാർകാന്തികോല്വം. . . (കർത്താ)

സ്രഗ്ധര

നീലക്കാർകാന്തികോല്വം പുരികുഴൽനിരതൻ മേന്മ നൻമ്മൈല്വകൾക്കും
നീളെള്ളുകും മധൂളീമധുരകളവചോഭങ്ഗി പെൺകുയ്ല്വകൾക്കും
ലീലാചാതുര്യമോരോന്നഭിനവലതകൾക്കും കടം നൽകി മെല്ലേ
നീലക്കണ്ണാൾ തപസ്സിന്നുചിതത തടവീടുന്ന വേഷം ധരിച്ചാൾ.

കവി : **ലക്ഷ്മീപുരത്തു രവിവർമ്മത്തമ്പുരാൻ**, കൃതി : *ഗൗരീപരിണയം*

## 3.1025 ലോകാനാമേകനാഥം. . . (ഉമേഷ്)

സ്രഗ്ധര

ലോകാനാമേകനാഥം, പദതളിരിൽ വണങ്ങും ജനാനാമശേഷാ-
മാകാംക്ഷാം പൂരയന്തം, നയനശിഖിശിഖാലീഢചൂതായുധാംഗം,
ഏകീഭാവായ കുന്നിൻമകളെ നിജശരീരാർദ്ധമായ് ചേർത്തു, പേർത്തും
ഭോഗോന്മേഷം വളർക്കും വിബുധപരിവൃഢം ചന്ദ്രചൂഡം ഭജേഥാഃ.

## 3.1026 എന്നോമലിങ്ങുവരികെന്നു. . . (ഹരി)

വസന്തതിലകം

എന്നോമലിങ്ങുവരികെന്നു യശോദ മെല്ലെ–
ച്ചൊന്നാൾ മകന്നു പുതുവെണ്ണ കൊടുപ്പതിന്നായ്
അന്നേരമാർത്തിയൊടെയോടി വിയർത്തുവീണ
കണ്ണന്റെ കാതരത കാണ്മതു കൗതുകം മേ

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

## 3.1027 അമ്മേരു തന്നുപരിഭാഗമതിൽ. . . (ഉമേഷ്)

വസന്തതിലകം

അമ്മേരു തന്നുപരിഭാഗമതിൽക്കരേറാം
ചെമ്മേ രസാതലമതിന്നടിയിൽഗ്ഗമിക്കാം
ഇമ്മെയ്യൊടാഴിയതിനപ്പുറവും കടക്കാം
അമ്മേ! മഹാവിഷമമാണു കുടുംബഭാരം!

## 3.1028 ഇതെന്തൊരാനന്ദമിതെന്തു. . . (കർത്താ)

വംശസ്ഥം

ഇതെന്തൊരാനന്ദമിതെന്തു കൗതുകം
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ–
ന്നിതാ തൊടും മുൻപിതു വിണ്ണിലായിതേ

കവി : **കുമാരനാശാൻ**, കൃതി : *മിന്നാമിനുങ്ങ്*

## 3.1029 ഇന്ദീവരേണ നയനം. . . (ഹരി)

വസന്തതിലകം

ഇന്ദീവരേണ നയനം, മുഖമംബുജേന
കുന്ദേന ദന്ത, മധരം നവ പല്ലവേന
അംഗാനി ചമ്പകദളൈശ്ച വിധായ വേധാഃ
കാന്തേ കഥം രചിതവാനുപലേന ചേതഃ

കവി : **കാളിദാസൻ**, കൃതി : *ശൃംഗാരതിലകം*

## 3.1030 ആക്രാമൻ ദിവി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആക്രാമൻ ദിവി ദക്ഷിണാപരഹരിത്കോണൈകദേശം ക്ഷണം
വൈമാനശ്ചലരശ്മിജാലജടിലോ ഗോളോ∫യമുജ്ജാഗരഃ
ലംബംലംബമുപാരിരംസുരധുനാ സായാഹ്നിവഹ്നിദ്യുതിർ–
ദ്വൈതീയീകദിനേശമണ്ഡലതുലാലിപ്സുഃ സമുത്പ്രക്ഷ്യതേ.

കവി : **എ.ആർ. രാജരാജവർമ്മ**, കൃതി : *വിമാനാഷ്ടകം*

## 3.1031 ലാവണ്യം കൊണ്ടിണങ്ങും. . . (ഹരി)[189]

സ്രഗ്ദ്ധര

ലാവണ്യം കൊണ്ടിണങ്ങും പുതുമ, കവിതകൊണ്ടുള്ള സത്കീർത്തി, വിദ്വദ്–
ഭാവം കൊണ്ടുള്ള മാന്യസ്ഥിതി, രണപടുതാമൂലമാം വൻ പ്രതാപം

---

[189] [*ഉമേഷ്*] ശ്ലോകം **3.1031 : Thomas Gray**-യുടെ *Elegy Written in a Country Churchyard* എന്ന കവിതയിലുള്ള

The boast of heraldry, the pomp of power,
  And all that beauty, all that wealth e'er gave,
Awaits alike th' inevitable hour:-
  The paths of glory lead but to the grave.

എന്ന പദ്യത്തിന്റെ ആശയാനുവാദം.

ഈവണ്ണം വർണനീയം ഗുണമഖിലമൊരേ വാതിലിൽ തട്ടിമുട്ടി–
ജ്ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ ചെന്നുചേരുന്നുവല്ലോ.

കവി : **വി.സി.ബാലകൃഷ്ണപ്പണിക്കർ**, കൃതി : *ഒരു വിലാപം*

## 3.1032 ഇതിനളഗിരാ യാതേ. . . (കർത്താ)

ഹരിണി

ഇതിനളഗിരാ യാതേ ഹംസേ വിദർഭപുരീം ഗതേ
തദുപവനദേശാന്തേ ശാന്തേ നിഷീദതി കുത്രചിത്
ശ്രുതനളഗുണാ ഭൈമീ കാമാതിഗുഹനനിസ്സഹാ
വനമുപഗതാ നീതാ ജാതാദരാഭിരഥാളിഭി.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

## 3.1033 ശ്രീമാമുനീന്ദ്രമണി. . . (ഋഷി)

വസന്തതിലകം

ശ്രീമാമുനീന്ദ്രമണി 'പുറ്റമകൻ' ചമച്ച–
രാമായണം സരളകോമളമാദികാവ്യം
ഹേ മാന്യ! സാഹസവശാലടിയൻ കടന്നു
സാമാന്യമൊക്കെയൊരു തർജ്ജമ ചെയ്തുതീർത്തേൻ!

കവി : **വള്ളത്തോൾ**, കൃതി : *(ഡയറി)*

## 3.1034 ഹൃച്ചഞ്ചലിപ്പു. . . (മധുരാജ്)

വസന്തതിലകം

ഹൃച്ചഞ്ചലിപ്പു, നെടുവീർപ്പു, വിനിദ്രഭാവം,
വിച്ഛിന്നചിന്തകൾ, വിനോദവിരക്തി, ഭക്തി
ഇച്ചൊന്നതപ്പടി സതീർത്ഥ്യരിലേറ്റിടും നി–
ന്നച്ഛാങ്ഗഭങ്ഗി, കമലാക്ഷി, പരീക്ഷ തന്നെ!

കവി : **വി. കെ.ജി**

## 3.1035 ഇല്ലസ്പഷ്ടഗുണത്വം. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ഇല്ലസ്പഷ്ടഗുണത്വമങ്ങയിൽ, മഹാരാജത്വവും; പിന്നെയി–
ല്ലല്ലോ മാഗധസൂതവന്ദിനിലയീയുള്ളോനിലും വല്ലതും;
ചൊല്ലാനുള്ളതുമിന്നു നൂറുശതമാനത്തോളവും സത്യമാം;
മൾല്ല്യൂരേ, തടയായ്ക താങ്കൾ പൃഥുപോ, ലീവാഗ്വിസർഗാഞ്ജലി.

കവി : **ടി. എം. വി.**

## 3.1036 ചിലമ്പുമക്കാഞ്ചന. . . (ജ്യോതി)

ഉപേന്ദ്രവജ്ര

ചിലമ്പുമക്കാഞ്ചന കാഞ്ചിയോടും
ചിലമ്പുതൻ മഞ്ജുളനാദമോടും
ചലൽപ്പദം ഖേലനലാലസന്മാ–
രലങ്കരിച്ചാരഥ ഗോപവാടം

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.1037 ചോറ്റാനിക്കര വാഴുമംബ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

"ചോറ്റാനിക്കര വാഴുമംബ, ഭവദീയാജ്ഞയ്ക്കു മദ്ദേഹവും
വിട്ടോടീ ചിരബാധയായൊരുമഹാഗന്ധർവ്വനമ്മേ തൊഴാം"
"ചെറ്റില്ലായതിലെന്റെ മേന്മ, യടിയന്ത്രത്തിന്റെ നാഗസ്വരം
കേട്ടാ ബാധയൊഴിഞ്ഞു, നിത്യമിവിടെക്കാണുന്നതാണീവിധം."

കവി : **ബാലേന്ദു**, കൃതി :

## 3.1038 ചാടിൻ ചട്ടം ചവിട്ടി. . . (കർത്താ)

സ്രഗ്ദ്ധര

ചാടിൻ ചട്ടം ചവിട്ടിച്ചിതറിയതിൽ മുതിർന്നോരോമനക്കാലു പൊക്കി–
ച്ചാട്ടുമ്പോൾ ചന്തി കുത്തിച്ചുപുതയഥ വീണേറെ മേൽച്ചേറണിഞ്ഞും
ചാടുന്തിപ്പിച്ചവയ്ക്കും ചതിയുടയ ചലൽക്കണ്ണനാം കണ്ണനെച്ചാ–
*ഞ്ചാടിച്ചാരത്തു ചാരുസ്മിതരുചി ചിതറിക്കൊണ്ടു കണ്ടീടണം മേ!*

കവി : **വെണ്മണി മഹൻ**, കൃതി : *(സമസ്യാപൂരണം)*

## 3.1039 ചാരം, വെള്ളം, കരിത്തോൽ. . . (ഉമേഷ്)

സ്രഗ്ദ്ധര

ചാരം, വെള്ളം, കരിത്തോൽ, മഴു, വെരു - തിവയു, ണ്ടെപ്പൊഴും ഭൂതജാലം
ചാരത്തു, ണ്ടീ നിലയ്ക്കുള്ളൊരു പട്ടമലയൻ കെട്ടിയോളായ തായേ!
സ്വൈരം ത്രൈലോക്യവിത്താം തിരുമിഴിയെ വിത, ച്ചെൻ മനസ്സാം നിലത്തി–
ന്നേരം ഭക്തിക്കൃഷിക്കായുടരു, കിതതിനിജ്ജന്മി ചാർത്തിത്തരുന്നു!

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

## 3.1040 സകലാസു കലാസു. . . (കർത്താ)

വസന്തമാലിക

സകലാസു കലാസു നൈപുണം കൊ–
ണ്ടഖിലാനന്ദവിധായിധന്യശീല!
ചകലാസു പുതച്ചു സൗഖ്യമേൽപ്പാ–
നഭിലാഷം വളരുന്ന സത്യമത്രേ

കവി : **അനന്തപുരത്തു രാജരാജവർമ്മ മൂത്തകോയിത്തമ്പുരാൻ**

## 3.1041 ചിന്തുന്ന ചോര സിര തൻ. . . (ഉമേഷ്)

വസന്തതിലകം

ചിന്തുന്ന ചോര സിര തൻ മുറിവായിൽ നിന്നും-;
മെൻ ദേഹമിപ്പൊഴുമിറച്ചി നിറഞ്ഞതത്രേ;
സംതൃപ്തി കിട്ടിയതുമില്ല നിനക്കു; മെന്നി–
ട്ടെന്തിന്നു ഹേ ഗരുഡ, ഭക്ഷണമങ്ങു നിർത്തി?

കവി : **ഉമേഷ് നായർ**, കൃതി : *(നാഗാനന്ദത്തിലെ ഒരു ശ്ലോകത്തിന്റെ തർജ്ജമ)*

## 3.1042 സൗധങ്ങൾ മേൽപ്പൊട്ടു. . . (കർത്താ)

ഇന്ദ്രവജ്ര

സൗധങ്ങൾ മേൽപ്പൊട്ടു വളർന്നു നമ്മെ–
ബ്ബാധിക്കുമെന്നുള്ളൊരു സംശയത്താൽ
ധാതാവു പണ്ടേ നിജലോകവാസം
സാധിച്ചതല്ലീ സകലത്തിനും മേൽ?

കവി : **അഴകത്തു പദ്മനാഭക്കുറുപ്പ്**, കൃതി : *രാമചന്ദ്രവിലാസം*

## 3.1043 ധരാതലത്തിൽ ധനപുഷ്ടി. . . (ജീവി)

ഉപേന്ദ്രവജ്ര

ധരാതലത്തിൽ ധനപുഷ്ടിയൊത്തു–
ണ്ടൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്ന കുബേരദിക്കാം
വരാംഗിയാൾ തൊട്ടൊരു പൊട്ടു പോലെ.

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.1044 ച്യുതഭാഗ്യനായ്. . . (കർത്താ)

പ്രമിതാക്ഷര

ച്യുതഭാഗ്യനായ് പരിണമിക്കുകയാൽ
നിതരാം നൃശംസനവനാദിമുതൽ;
ഋതമില്ല തെല്ലവനിലായതിനാൽ
ഗതമായവന്നു നിലനിൽപുമതിൽ.

കവി : **കട്ടക്കയം**, കൃതി : *ശ്രീയേശു വിജയം*

## 3.1045 ഋഷിദേവഗണസ്വധാഭുജാം. . . (ബാലേന്ദു)[190]

വിയോഗിനി

ഋഷിദേവഗണസ്വധാഭുജാം
ശ്രുതയാഗപ്രസവൈഃ സ പാർത്ഥിവഃ
അനൃണത്വമുപേയിവാൻ ബഭൗ
പരിധേർമുക്തയിവോഷ്ണദീധിതിഃ

കവി : **കാളിദാസൻ**, കൃതി : *രഘുവംശം*

## 3.1046 അടങ്ങാതന്തിയ്ക്കങ്ങ്. . . (ഉമേഷ്)

ശിഖരിണി

അടങ്ങാതന്തിയ്ക്കങ്ങലർശരരിപുസ്വാമി നടനം
തുടങ്ങുമ്പോൾ നോക്കിസ്സരസമഥ കൊണ്ടാടുമവനെ
മുടങ്ങാതെപ്പോഴും നവരസമൊലിയ്ക്കുന്ന മിഴിയാൽ
കൊടുങ്ങല്ലൂരമ്മേ! കുശലമടിയങ്ങൾക്കു തരണേ!

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

---

190 [*ഉമേഷ്*] **ശ്ലോകം 3.1045 :** പരിഭാഷ (കണ്ടൂർ) :

പിതൃദേവമുനിക്കടം വിടാൻ
സുതയാഗശ്രുതയുക്തനായജൻ
ചിതമായ് പരിവേഷമതൊരു–
ദ്ധതസൂര്യന്നെഴുമാഭ തേടിനാൻ.

## 3.1047 മാതാവേ നിത്യകന്യേ. . . (ബാലേന്ദു)

സ്രഗ്ദ്ധര

മാതാവേ, നിത്യകന്യേ, നിരവധി കരുണാധാമമേ, സന്മനസ്സിൻ
ദാതാവേ, സൗമ്യശീലേ, ജഗദഘഹരനാമീശപുത്രന്റെ തായേ,
ശ്രീതാവും നിന്റെ നേത്രം പതിയണമിവനിൽ, ക്കേവലം പ്രീതിയോടേ
ഭ്രാതവായ്ത്തോന്നണം മേ സകലരുമതിനായ് ഭക്തിപൂർവ്വം നമിപ്പേൻ!

കവി : **ബാലേന്ദു**

## 3.1048 ശബ്ദബ്രഹ്മേതി കർമ്മേത്യണരിതി. . . (ജ്യോതി)[191]

സ്രഗ്ദ്ധര

ശബ്ദബ്രഹ്മേതി കർമ്മേത്യണരിതി ഭഗവൻ, കാല ഇത്യാലപന്തി
ത്വാമേകം വിശ്വഹേതും സകലമയതയാ സർവഥാ കൽപ്യമാനം
വേദാന്തൈർ യത്തു ഗീതം പുരുഷപരചിദാത്മാഭിധം തത്തു തത്ത്വം
പ്രേക്ഷാമാത്രേണ മൂലപ്രകൃതിവികൃതികൃത് കൃഷ്ണ, തസ്മൈ നമസ്തേ!

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം*(98:5)

## 3.1049 വെണ്ണീറും, വെള്ളെലിമ്പും,. . . (ഉമേഷ്)

സ്രഗ്ദ്ധര

വെണ്ണീറും, വെള്ളെലിമ്പും, വിഷധരവിലസത്പാമ്പുമാപാദചൂഡം,
തണ്ണീരെപ്പോഴുമോലും, തലയിലെരികനൽക്കട്ട പൊട്ടിന്റെ കണ്ണും,
എണ്ണേറും ഭൂതയൂഥങ്ങളൊടൊരു കളിയും കണ്ടു നിന്നോടിണങ്ങും
പെണ്ണോളം ധൈര്യമുള്ളോരുലകിലൊരുവർ മറ്റില്ല, ചെല്ലൂർപിരാനേ!

## 3.1050 എസ്കേപ്പിസ്റ്റുകളുണ്ടു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

എസ്കേപ്പിസ്റ്റുകളുണ്ടു, രണ്ടു തരമാണക്കൂട്ടരെൻ തോഴരേ!
സെക്സും വിസ്കിയുമിസ്കി,യസ്കൃതയുണർത്തീടും കഥാകൃത്തുകൾ;
ദുഃഖത്തിൻ നിഴലാ, യരണ്ട മുകിലായ്, ഹോസ്പിറ്റലായ്, സ്വപ്നമായ്
ദിക്കെല്ലാമലയുന്ന കാവ്യകല തൻ വേതാളരൂപങ്ങളും.

കവി : **ഏവൂർ പരമേശ്വരൻ**

## 3.1051 ദുർമ്മന്ത്രാന്നൃപതിർവിനശ്യതി. . . (ഉമേഷ്)[192]

ശാർദ്ദൂലവിക്രീഡിതം

ദുർമ്മന്ത്രാന്നൃപതിർവിനശ്യതി, യതിഃ സംഗാത്, സുതോ ലാളനാത്,

---

[191] [*ഉമേഷ്*] **ശ്ലോകം 3.1048 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ശബ്ദബ്രഹ്മം ഭവാൻ താ, നണവുമറിവിധം, കാലവും കർമ്മവും നീ,
വിശ്വത്തിൻ ഹേതു, വിശ്വാത്മകനമിഹ ഭവാ, നാകയാൽ ചേരുമെന്നും;
വേദാന്തം ചൊല്ലിടുന്നാപ്പുരുഷപരചിദാത്മാഖ്യമാം തത്ത്വവും നീ;
കൺകോണാൽത്താൻ വികാരം പ്രകൃതിയിലുളവാക്കുന്ന നിന്നെത്തൊഴുന്നേൻ.

[192] [*ഉമേഷ്*] **ശ്ലോകം 3.1051 :** ഈ ശ്ലോകം അല്പം വ്യത്യാസത്തോടെ ഭർത്തൃഹരിയുടെ *നീതിശതക*ത്തിൽ കാണുന്നുണ്ട്:

ദൗർമ്മന്ത്ര്യാന്നൃപതിർവിനശ്യതി, യതിഃ സംഗാത്, സുതോ ലാളനാത്,
വിപ്രോ ∫ നദ്ധ്യയനാത്, കുലം കതനയാ, ച്ഛീലം ഖലോപാസനാത്,
ഹ്രീർമദ്യാ, ദനപേക്ഷണാദപി കൃഷിഃ, സ്നേഹഃ പ്രവാസാശ്രയാ-,
മൈത്രീ ചാപ്രണയാത്, സമൃദ്ധിരനയാ, ത്ത്യാഗാത് പ്രമോദാദ്ധനം.

വിപ്രോ ∫ നദ്ധ്യയനാത്, കുലം കുതനയാ, ശ്ലീലം ഖലോപാസനാത്,
മൈത്രീ ചാപ്രണയാത്, സമൃദ്ധിരനയാത്, സ്നേഹഃ പ്രവാസാശ്രയാത്,
സ്ത്രീ ഗർവ്വാ, ദനപേക്ഷണാദപി കൃഷിഃ ത്യാഗാത്, പ്രമോദാദ്ധനം.

കവി : **വിഷ്ണുശർമ്മ**, കൃതി : *പഞ്ചതന്ത്രം*

## 3.1052 മാഴക്കണ്ണാൾക്കൊരു. . . (കർത്താ)

മന്ദാക്രാന്ത

മാഴക്കണ്ണാൾക്കൊരു മയിലുമുണ്ടങ്ങു പിൻകാലൊളം പോയ്–
ത്താഴെച്ചെല്ലും പുരികുഴലഴിച്ചോമൽ നിൽപ്പോരുനേരം
ഊഴത്തം കൊണ്ടിരുൾമുകിലിതെന്റുഞ്ചിതം പീലിജാലം
ചൂഴച്ചിന്തിച്ചവയൊട്ടുടനേ പാടിയാടീടുവോന്റ്

കൃതി : *ഉണ്ണുനീലിസന്ദേശം*

## 3.1053 ഉൾക്കാമ്പിനേറീടിന. . . (ഉമേഷ്)

ഇന്ദ്രവജ്ര

ഉൾക്കാമ്പിനേറീടിന ബാധ നൽകും
ചിക്കെന്നു ശയ്യയ്ക്കതിദോഷമേകും
തീർക്കായ്കിൽ വേഗത്തിൽ വളർന്നുകൂടും
*ദുഷ്കാവ്യവും മൂട്ടയുമൊന്നുപോലെ.*

കവി : **കെ. സി. കേശവപിള്ള**, കൃതി : *(സമസ്യാപൂരണം)*

## 3.1054 തോട്ടത്തിലിപ്പോൾ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തോട്ടത്തിലിപ്പോൾ ഗൃഹസാർവഭൗമ–
നതാഉ സസ്യങ്ങളെയങ്ങുമിങ്ങും
ഗംഭീരമായോരു വിലോകനത്താൽ
സംഭാവനം ചെയ്തു നടന്നിടുന്നു.

കവി : **കുറ്റിപ്പുറത്തു കേശവൻ നായർ**, കൃതി : *ഗ്രാമീണകന്യക*

## 3.1055 ഗണിച്ചിടാതേ മുനിയായൊരെന്നെ. . . (ഉമേഷ്)[193]

വംശസ്ഥം

ഗണിച്ചിടാതേ മുനിയായൊരെന്നെ നീ
നിനച്ചിടുന്നേവനെയേകതാനയായ്
സ്മരിച്ചിടാ നിന്നെയവൻ, കഥിക്കിലും
ഭ്രമിച്ചവൻ പൂർവ്വകൃതാം കഥാമിവ.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ*

---

[193] [*ഉമേഷ്*] ശ്ലോകം **3.1055 :** മൂലശ്ലോകം (**കാളിദാസൻ**) :

വിചിന്തയന്തീ യമനന്യമാനസാ
തപോധനം വേത്സി ന മാമുപസ്ഥിതം
സ്മരിഷ്യതി ത്വാം ന സ ബോധിതോ ∫ പി സൻ
കഥാം പ്രമത്തഃ പ്രഥമം കൃതാമിവ.

## 3.1056 സമക്ഷമായ്ക്കാണകിലെന്നപോലെ. . . (കർത്താ)[194]

വംശസ്ഥം

സമക്ഷമായ്ക്കാണകിലെന്നപോലെ ഞാൻ
സമാധിമൂലം സുഖമാർന്നിരിക്കവേ
ഭ്രമം കളഞ്ഞെന്തിനു ചിത്രമാക്കി നീ
ചമച്ചു വീണ്ടും കമലായതാക്ഷിയെ?

കവി : **എ.ആർ.** , കൃതി : *ശാകുന്തളം*

## 3.1057 ഭൂരിപൂക്കൾ വിടരുന്ന. . . (ജീവി)

രഥോദ്ധത

ഭൂരിപൂക്കൾ വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോർത്തിടുന്നതിൻ–
ചാരെ നാമെഴുമെഴുത്തുപള്ളിയും.

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

## 3.1058 ചിന്തിച്ചിടുന്നെളിമ കണ്ടു. . . (ഹരി)

വസന്തതിലകം

ചിന്തിച്ചിടുന്നെളിമ കണ്ടു ചവിട്ടിയാഴ്ത്താൻ
ചന്തത്തിനായ് സഭകളിൽപ്പറയുന്നു ന്യായം
എന്തോർക്കിലും കപടവൈഭവമാർന്ന ലോകം
പൊന്തുന്നു, സാധുനിര താണു വശം കെടുന്നു

കവി : **കുമാരനാശാൻ** , കൃതി : *ഒരു തീയക്കുട്ടിയുടെ വിചാരം*

## 3.1059 എന്നല്ലയാംഗലകലാലയ. . . (ജീവി)

വസന്തതിലകം

എന്നല്ലയാംഗലകലാലയ ക്ലിപ്തവിദ്യ–
യൊന്നെന്നിയുന്നതി വരാനിഹ മാർഗ്ഗമില്ല;
എന്നാൽ പഠിക്കവതിനോ ധനമേറെവേണ–
മിന്നോർക്കിൽ നിസ്വരിഹ നമ്മുടെ കൂട്ടരെല്ലാം.

കവി : **കുമാരനാശാൻ**, കൃതി : *ഒരു തീയക്കുട്ടിയുടെ വിചാരം*

## 3.1060 ഏറെക്കൗതുകമുള്ളൊരേണമിഴിയാൾ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഏറെക്കൗതുകമുള്ളൊരേണമിഴിയാൾ താംബൂല ഗർഭാസ്യയായ്
കാറൊക്കും കുഴൽ പിൻപുറത്തഴകിലിട്ടമ്പോടെഴും പോലവേ
പാരം ബാലദിനേശ ഗർഭമുഖിയായ് ശോണാധരത്തോടു നൽ–
സ്വൈരം പ്രാചി വിളങ്ങിടുന്നു തിമിരക്കൂട്ടങ്ങൾ കാട്ടാതഹോ!

കവി : **വെണ്മണി മഹൻ** , കൃതി : *കാമതിലകം ബാണം*

---

[194] [*ഉമേഷ്*] ശ്ലോകം **3.1056 :** മൂലശ്ലോകം (**കാളിദാസൻ**) :

ദർശനസുഖമനുഭവതഃ / സാക്ഷാദിവ തന്മയേന ഹൃദയേന
സ്മൃതികാരിണാ ത്വയാ മേ / പുനരപി ചിത്രീകൃതാ കാന്താ.

## 3.1061 പ്രദോഷദീപാവലി. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രദോഷദീപാവലി കണ്ടുകൊണ്ടു
പാശ്ചാത്യഭൂഭാഗമണഞ്ഞ സൂര്യൻ
പ്രഭാതദീപാവലി കണ്ടുകൊണ്ടു
പൗരസ്ത്യദേശത്തെയണഞ്ഞു വീണ്ടും.

കവി : **കുറ്റിപ്പുറത്തു കേശവൻ നായർ**, കൃതി : *ഗ്രാമീണകന്യക*

## 3.1062 പ്രണിഹിതമണിനൂപുരാങ്ഘ്ര്യ. . . (കർത്താ)

പുഷ്പിതാഗ്ര

പ്രണിഹിതമണിനൂപുരാങ്ഘ്ര്യപദ്മാ–
മനുപമകാന്തിഝരീപരീതഗാത്രീം
ജനനയനസുധാം, ത്രപാനുരാഗ–
ക്ഷണനതമുഗ്ദ്ധമുഖീം, ദദർശ സീതാം.

കവി : **പൂനം നമ്പൂതിരി**, കൃതി : *രാമായണം ചമ്പു*

## 3.1063 ജന്തൂനാം നരജന്മ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ജന്തൂനാം നരജന്മ ദുർലഭ, മതഃ പുംസ്ത്വം, തതോ വിപ്രതാ,
തസ്മാദ് വൈദികധർമ്മമാർഗപരതാ, വിദ്വത്ത്വമസ്മാത്പരം,
ആത്മാനാത്മവിവേചനം സ്വനുഭവോ ബ്രഹ്മാത്മനാ സംസ്ഥിതിർ–
മുക്തിർനോ ശതകോടി ജന്മസുകൃതൈഃ പുണ്യൈർ വിനാ ലഭ്യതേ

കവി : **ശങ്കരാചാര്യർ**, കൃതി : *വിവേകചൂഡാമണി*

## 3.1064 ആദൗ ദേവകി ദിവ്യഗർഭജനനം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ആദൗ ദേവകിദിവ്യഗർഭജനനം, ഗോപീഗൃഹേ വർദ്ധനം,
മായാപൂതന ജീവിതാപഹരണം, ഗോവർദ്ധനോദ്ധാരണം,
കംസച്ഛേദിപകൗരവാദിനിധനം, കുന്തീസുതാപാലനം,
ഏവം ഭാഗവതം പുരാണകഥിതം ശ്രീകൃഷ്ണലീലാമൃതം.

## 3.1065 കണ്ട പണ്ടമഖിലം. . . (കർത്താ)

കുസുമമഞ്ജരി

കണ്ട പണ്ടമഖിലം കലർന്നഴിയുമിങ്ങുകണ്ണിലതിൽനിന്നുതാ–
നണ്ഡപിണ്ഡമഖിലം വിരിഞ്ഞുവരുമെന്നുമൊന്നുമറിയാതഹോ!
പണ്ടുപണ്ടുപരി ചെയ്ത പാപനിരപറ്റിനിന്നു പതറിക്കുമി–
ക്കണ്ടകശ്ശനിയൊഴിച്ചു നീ സപദി കാത്തുകൊൾക പരദൈവമേ!

കവി : **കുമാരനാശാൻ**, കൃതി : *ശാംകരശതകം*

## 3.1066 പീലി ചാർത്തിയൊരു കുന്തളം. . . (ഉമേഷ്)

കുസുമമഞ്ജരി

പീലി ചാർത്തിയൊരു കുന്തളം, വടിവിലാടിടും മകരകുണ്ഡലം,
ചാലിൽ മുത്തിഴകൾ, വന്യമാല, കളഭാദി ചേർന്ന പുതുസൗരഭം,
കാലിൽ നൽത്തളകൾ, പൊന്നിടഞ്ഞ തുകിൽ, പിന്നെ മീതെയരഞ്ഞാണമീ-
ച്ചേലിൽ രാസനടനം തുടർന്ന തവ മൂർത്തി പേർത്തുമിവനോർത്തിടാം

കവി : **സി. വി. വാസുദേവഭട്ടതിരി**, കൃതി : *നാരായണീയം തർജ്ജമ (69:1)*

## 3.1067 കേശപാശധൃത. . . (രാജേഷ്)

കുസുമമഞ്ജരി

കേശപാശധൃതപിഞ്ഛികാവിതതി സഞ്ചലന്മകരകുണ്ഡലം
ഹാരജാല വനമാലികാലളിതമംഗരാഗ ഘനസൗരഭം
പീതചേലധൃതകാഞ്ചികാഞ്ചിതമുദഞ്ചദംശു മണിനൂപുരം
രാസകേളി പരിഭൂഷിതം തവ ഹി രൂപമീശ കലയാമഹേ!

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം (69:1)*

## 3.1068 പിച്ചനെല്ലവിലിടിച്ചു. . . (ജ്യോതി)

കുസുമമഞ്ജരി

പിച്ചനെല്ലവിലിടിച്ചുകെട്ടിയ പഴഞ്ഞുണിക്കിഴിയുമേന്തിയ–
ന്നച്യുതന്റെ തിരുമുൻപിൽ വന്നവനിരന്നതില്ല ധനമെങ്കിലും
അച്ഛസൗഹൃദമുറച്ച ഭക്തിയിലണച്ച വേണ്ടവിഭവങ്ങൾ നി–
ന്നിച്ഛ തുച്ഛതരമർഹനെങ്കിലരുളാത്തതില്ല കരുണാകരൻ

കവി : **വി.കെ.ജി**

## 3.1069 ആഴി തന്നിലുരഗേശനായ. . . (ഉമേഷ്)

കുസുമമഞ്ജരി

ആഴി തന്നിലുരഗേശനായ മണിമെത്തമേലഴകിനോടു ചേർ–
ന്നേഴുരണ്ടുലകമൻപിൽ നേത്രമുന കൊണ്ടു കാത്തു കലിതാദരം
ചൂഴുമുള്ള മുനിദേവജാതി പുകഴുന്നതും പരിചിനോടു കേ–
ട്ടാഴിമാതിനൊടു കൂടിയുള്ള കളി കോലുമീശ്വരമുപാസ്മഹേ!

കവി : **പൂന്താനം**, കൃതി : *പാർത്ഥസാരഥീസ്തവം*

## 3.1070 ചെമ്പരുത്തിനിറം വഹിക്കും. . . (കർത്താ)

മല്ലിക

ചെമ്പരുത്തിനിറം വഹിക്കുമഹർമ്മുഖത്തെയെടുത്തു ക–
ണ്ടമ്പരന്നതുപോലെ പാഞ്ഞൊഴിയുന്ന കൂരിരുൾ ദൂരവേ;
വമ്പനാം തവ രോഷരൂഷിതമായ്ച്ചമഞ്ഞ മുഖത്തെയുൾ–
ക്കമ്പമേറിട്ടുമാറു കാണമരാതിസേനകണക്കിനേ.

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.1071 വേണുനാദകൃത. . . (ഉമേഷ്)[195]

കുസുമമഞ്ജരി

വേണുനാദകൃതതാനഗാനകളഗാനരാഗഗതിയോജനാ-

[195] [*ഉമേഷ്*] ശ്ലോകം **3.1071 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

വേണുവിൻ ശ്രുതിയൊടൊത്തു പാടി മധുരസ്വരത്തി, ലതിനൊത്തുടൻ
ചേണിയന്ന പടി താളമിട്ടു, തള കൊഞ്ചിടുന്ന പദമൂന്നിയും,
പാണി കൊണ്ടു ചുമലിൽപ്പിടിച്ചു, മിളകുന്ന പൊൻവള കിലുങ്ങിയും
ശ്രോണി തന്നിലിളകുന്ന ചേലയൊടു ചെയ്തൊരാ നടനമോർക്കുവിൻ!

ലോഭനീയമൃദുപാദപാതകൃതതാളമേളനമനോഹരം
പാണിസംക്വണിതകങ്കണം ച മുഹുരംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത രാസകേളിരസഡംബരം

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം* (69:4)

## 3.1072 പുണ്യമായ ഭഗവത്കഥാമൃതം. . . (രാജേഷ്)

കുസുമമഞ്ജരി

"പുണ്യമായ ഭഗവത്കഥാമൃതമൊഴിഞ്ഞിനിക്കലിയുഗത്തിലീ
മന്നിടത്തിലുടലാർന്നവർക്കു വഴിയില്ല മോക്ഷപദമേറുവാൻ.
അന്നു ഭാഗവതവും നരന്നു ഹിതമാകയില്ല രതിയെന്നിയേ"
യെന്നു ഗോപികളെ വെന്ന കണ്ണനരുളട്ടെയിന്നിവന്നു വാഗ്മിത.

കവി : **രാജേഷ് വർമ്മ**

## 3.1073 ആരിതിന്നൊരുവനർത്ഥി. . . (ഉമേഷ്)

കുസുമമഞ്ജരി

ആരിതിന്നൊരുവനർത്ഥി? യെന്തു പകരം തനിക്കൊരുപകാരവും
വാരിദങ്ങൾ മഴപെയ്കിലാപി സുഖമേകിടുന്നിഹ ശരീരിണാം
"മാരി പെയ്ക"മൊരു ഗീരിവണ്ണമുരചെയ്കയാൽ ഗണകനേകനി–
പ്പാരിനേ വില കൊടുത്തു വാങ്ങിയതു പോൽ നിനപ്പതതിദുസ്സഹം!

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശശതകം തർജ്ജമ*

## 3.1074 മുത്തണിഞ്ഞകുട ചാമരം. . . (ബാലേന്ദു)

കുസുമമഞ്ജരി

മുത്തണിഞ്ഞകുട ചാമരം തഴ നിറം കലർന്നു, പല വാദ്യവും
പത്തുനൂറു യുവസുന്ദരാംഗികൾ വിളക്കെടുത്തു പുറകേ മുദാ
ഭക്തിപൂണ്ട പദപങ്കജം തൊഴുതു ലോകർ തിങ്ങിയുടനെങ്ങുമേ
ചിത്രമേ തിരുവനന്തനൽപ്പുരമമർന്ന ശീവേലിമഹോത്സവം.

കവി : **കുഞ്ചൻ നമ്പ്യാർ**

## 3.1075 ഭൂഷണേഷു കില ഹേമവത്. . . (ഉമേഷ്)

കുസുമമഞ്ജരി

ഭൂഷണേഷു കില ഹേമവ, ജ്ജഗതി മൃത്തികാവദഥവാ ഘടേ,
തന്തുജാലവദഹോ പടേഷ്വപി ച, രാജിതാദ്വയരസാത്മകം
സർവ്വസത്ത്വഹൃദയൈകസാക്ഷിണ, മിഹാതിമായനിജവൈഭവം,
ഭാവയാമി ഹൃദയേ ഭവന്തമിഹ പദ്മനാഭ പരിപാഹി മാം.

കവി : **സ്വാതി തിരുനാൾ**

## 3.1076 സോമകോടിസമധാമകഞ്ചുകില. . . (കർത്താ)

കുസുമമഞ്ജരി

സോമകോടിസമധാമകഞ്ചുകിലലാമമഞ്ചതലമാസ്ഥിതം
ശ്യാമതാമരസദാമകോമളരമാദൃഗഞ്ചിതകരാഞ്ചലം
കാമദായകമമോഘമേഘകുലകാമനീയകഹരം പരം
സാമജാമയഹരം ഹരിം സ മുനിരാനനാമ വനമാലിനം.

കവി : **അശ്വതി തിരുനാൾ**, കൃതി : *പൗണ്ഡ്രകവധം*

## 3.1077 കുന്തളാവലി വിയർത്ത. . . (ഉമേഷ്)

കുസുമമഞ്ജരി

കുന്തളാവലി വിയർത്ത പൂങ്കവിളിൽ മിന്നിയും, കളർമുലക്കുടം
ചന്തമോടു നടമാടിയും, പൃഥുനിതംബമണ്ഡലമുലഞ്ഞുമേ,
ചെന്തളിർത്തനു തളർന്നിടും പടി, സലീലമദ്രിജ നിജാന്തികേ
പന്തടിക്കെ, നിടിലാക്ഷനാർന്ന പുളകം നമുക്കരുൾക മംഗളം!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക (വന്ദനശ്ലോകം)*

## 3.1078 ചാഞ്ഞിങ്ങു നീർ തൊട്ടു. . . (ജ്യോതി)

ഇന്ദ്രവജ്ര

ചാഞ്ഞിങ്ങു നീർ തൊട്ടു കിടന്നിടുന്ന
വൻപാറമേൽ ശാന്തസരിത്പ്രവാഹം
ആ മന്ദ്രശബ്ദത്തൊടു ചെന്നലയ്ക്കെ
ചിന്നുന്ന നീർത്തുള്ളി പളുങ്കുപോലെ

കവി : **വള്ളത്തോൾ**

## 3.1079 അന്തിച്ചുകപ്പംബരമാം. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അന്തിച്ചുകപ്പംബരമാം വനത്തിൽ–
ച്ചെന്തീപടർന്നുള്ളതുപോലെ കാണായ്
ജഗത്തശേഷം ചരമാർക്കകാന്തി–
പ്രദീപ്തിയാൽ ഭാസുരമായ് വിളങ്ങി

## 3.1080 ജോലിക്കു വയ്ക്കുമവരൊക്കെ. . . (ബാലേന്ദു)

വസന്തതിലകം

ജോലിക്കു വയ്ക്കുമവരൊക്കെ വിവാഹിതന്മാ–
രാവേണമെന്നൊരു നിബന്ധനയെന്തിനെന്നോ?
ചെറ്റൊച്ചവച്ചു പഴിചൊല്ലുവതെന്റെ ശീലം
കെട്ടാത്തവർക്കതു പൊറുക്കുക ശീലമാകാ.

കവി : **ബാലേന്ദു**

## 3.1081 ചൂടേറ്റിട്ടൊട്ടു ഞെട്ടറ്റലർനിരയെ. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

ചൂടേറ്റിട്ടൊട്ടു ഞെട്ടറ്റലർനിരയെ മദിച്ചാന ഗണ്ഡങ്ങൾ തേച്ചി–
ട്ടാടുമ്പോഴാശു ഗോദാവരിയിലിഹ പൊഴിക്കുന്ന തീരദ്രുമങ്ങൾ;
കൂടേറി പ്രാവു പൂങ്കോഴികൾ കരയുമിവറ്റിന്റെ തോലിൽ ചരിക്കും
കീടത്തെച്ചെന്നു കൊത്തുന്നിതു നിഴലിലിരുന്നൂഴി മാന്തും ഖഗങ്ങൾ.

കവി : **ചാത്തുക്കുട്ടി മന്നാടിയാർ**, കൃതി : *ഉത്തരരാമചരിതം*

## 3.1082 കോഴി,യാടു മുതലായ. . . (രാജേഷ്)

കുസുമമഞ്ജരി

കോഴി,യാടു മുതലായ ജന്തുനിരയെപ്പിടിച്ചു കൃപയെന്നിയേ
പാഴിൽ വെട്ടുവതു കൊണ്ടു ദേവിയുടെ നൽപ്രസാദമുളവാകിലോ
ഊഴി തന്നിൽ നിജപുത്രസന്തതിവധത്തിനാൽ ജനനിയായിടും
കേഴമാന്മിഴിയിലും ഭവിക്കുമതിയായ മോദമതു നിർണ്ണയം

കവി : **കെ സി കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

### 3.1083 ഉദയതി ശശിബിംബം. . . (കർത്താ)

മാലിനി

ഉദയതി ശശിബിംബം കാന്തമന്തിച്ചവപ്പിൽ;
പരമപി രവിബിംബം ചെന്റിതസ്തം പ്രയാതി;
ഉഭയമിതമുരുമ്മിക്കുട്ടുകിൽക്കുങ്കുമാർദ്രം
കുചയുഗമുപമിക്കാം നൂനമച്ചീസുതായാഃ.

, കൃതി : *ചെറിയച്ചീവർണ്ണനം*

### 3.1084 ഉദ്യോഗസ്ഥകരത്തിലാണ. . . (ബാലേന്ദു)[196]

ശാർദ്ദൂലവിക്രീഡിതം

ഉദ്യോഗസ്ഥകരത്തിലാണ ഭരണം സർവ്വം നിയന്ത്രിക്കുമാ
കേമൻ മന്ത്രിവശംഗതൻ, മഹിതനാ നേതാവു കൂറുള്ളവൻ
ഹാ! വമ്പെന്തിതിലേറെ വേണമിവിടെപ്പൂർണ്ണം ജനായത്തമെ–
ന്നേവം കണ്ണുമടച്ചിരിപ്പു സതതം വോട്ടും കൊടുത്തിട്ടു നാം!

കവി : **ബാലേന്ദു**

### 3.1085 ഹാ കഷ്ടം, നരജീവിതം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഹാ കഷ്ടം! നരജീവിതം ദുരിത, മീ ശോകം മറക്കാൻ സുഖോ-
ദ്രേകം ചീട്ടുകളിക്കയാം ചിലർ, ചിലർക്കാകണ്ഠപാനം പ്രിയം,
മൂകം മൂക്കിനു നേർക്കു കാണ്മു ചിലരിന്നേകം ശിവം സുന്ദരം,
ശ്ലോകം ചൊല്ലിയിരിപ്പു ഞങ്ങൾ ചില, രീ ലോകം വിഭിന്നോത്സവം !

കവി : **വൈലോപ്പിള്ളി**

### 3.1086 മായാരണത്തിൽ വളരെ. . . (കർത്താ)

വസന്തതിലകം

മായാരണത്തിൽ വളരെബ്ഭടർ ചേർന്നു തീവ്ര–
വ്യായാമനാകുമനിരുദ്ധനെ വെന്നശേഷം
ധീയാർന്ന ബാണസചിവേന്ദ്രനഷാഗൃഹത്തിൽ–
പ്പോയാൻ, തദീയസഖി ചെന്നറിയിക്ക മൂലം.

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

### 3.1087 ധിക് പാണ്ഡുപുത്രചരിതം. . . (ഉമേഷ്)

വസന്തതിലകം

ധിക് പാണ്ഡുപുത്രചരിതം സ്ഥവിരപ്രമാണം

---

[196] [*ബാലേന്ദു*] ശ്ലോകം **3.1084 :** പ്രേംജിയുടെ

ദൈവത്തിന്റെ കരത്തിലാണ ഭുവനം, സർവ്വം നിയന്ത്രിക്കുമാ
ദേവൻ മന്ത്രവശംഗതൻ, മഹിതമാ മന്ത്രം ദ്വിജാധീനവും;
ഹാ! വമ്പെന്തിതിലേറെ വേണമുലകിൽ ബ്രഹ്മണ്യമാപൂർണ്ണമെ–
ന്നേവം കണ്ണുമടച്ചിരുന്നു സസുഖം നമ്പൂരിതൻ പൂർവ്വികർ.

എന്ന ശ്ലോകത്തിന്റെ അനുകരണം.

ബാലപ്രമാണമപി കഷ്ടമഹോ വിനഷ്ടം!
രേ, ധർമ്മജ! ദ്രുപദജാമപി പൃച്ഛ കാര്യം;
നാരീപ്രമാണമപി തേ/സ്ത്വിഹ രാജ്യതന്ത്രം!

കവി : **മേൽപ്പത്തൂർ**, കൃതി : *രാജസൂയം ചമ്പു*

## 3.1088 രോമാഞ്ചയൻ ഗോഭിരഹോ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

രോമാഞ്ചയൻ ഗോഭിരഹോ സചേതസഃ
പുരശ്ച പശ്ചാച്ച സമന്തതോ ജനാൻ
ഗീതാഞ്ജലേർഗായക ഏഷ ദൃശ്യതേ
സചക്ഷുഷഃ സ്മഃ സശരൽസഖോ *രവിഃ*.

കവി : **കുമാരനാശൻ**, കൃതി : *സ്വാഗതപഞ്ചകം*

## 3.1089 ഗതം തിരശ്ചീനം. . . (ഉമേഷ്)

വംശസ്ഥം

ഗതം തിരശ്ചീനമനൂരുസാരഥേഃ
പ്രസിദ്ധമൂർദ്ധ്വജ്വലനം ഹവിർഭുജഃ
പതത്യധോ ധാമ വിസാരി സർവ്വതഃ
കിമേതദിത്യാകുലമീക്ഷിതം ജനൈഃ

കവി : **മാഘൻ**, കൃതി : *ശിശുപാലവധം (മാഘം) (1:2)*

## 3.1090 പ്രീഡിഗ്രി കൊണ്ടു ഗുണമില്ലിനി. . . (കർത്താ)

വസന്തതിലകം

പ്രീഡിഗ്രി കൊണ്ടു ഗുണമില്ലിനി ബീയെയായാൽ
ബീയെഡ്ഡു വേണ, മിനിയെംഫിലതെമ്മെയായാൽ,
ക്ലാസോട്ടു കൂടി വിജയിക്കിലുമിന്നു വേണം
ലേശം ധനം പകിടിയോ പിഴയോ കൊടുക്കാൻ.

കവി : **ഏവൂർ പരമേശ്വരൻ**

## 3.1091 കണ്ഠേ വിഷം ഭഗവതോ. . . (ഉമേഷ്)

വസന്തതിലകം

കണ്ഠേ വിഷം ഭഗവതോ മമ തോഴ, ചിത്തേ
ചിന്താവിഷം നിഹിത, മെങ്ങളിലേഷ ഭേദഃ;
കന്ദർപ്പനോടു പകയാം, കളുർതിങ്കൾ ചൂടാം,
അപ്പാച്ചിയെപ്പിരികിൽ ഞാൻ പരമേശതുല്യഃ

കൃതി : *ലീലാതിലകം*

## 3.1092 കണ്ണിമയ്ക്കിലഴിയും പ്രപഞ്ചം. . . (കർത്താ)

കുസുമമഞ്ജരി

കണ്ണിമയ്ക്കിലഴിയും പ്രപഞ്ചമിതു കണ്ടു കണ്ടു മുഷിയുന്നൊര–
ക്കണ്ണിൽനിന്നു കരകേറി വന്നു കഴലേറി നിന്നു കളിയാടുവാൻ
കണ്ണവച്ചു കരയുന്നു വന്നു കലിവേടനാടലിടചേരുമ–
ക്കണ്ണിവച്ചു പിടിപെട്ടു തിന്നുകളയാതെ കാത്തരുൾക ദൈവമേ!

കവി : **കുമാരനാശാൻ**, കൃതി : *ശാംകരശതകം*

## 3.1093 കദാചന വ്രജശിശുഭിഃ. . . (വിശ്വപ്രഭ)[197]

അതിരുചിര

കദാചന വ്രജശിശുഭിഃ സമം ഭവാൻ
വനാശനേ വിഹിതമതിഃ പ്രഗേതരാം
സമാവൃതോ ബഹുതരവത്സമണ്ഡലൈഃ
സതേമനൈർനിരഗമദീശ, ജേമനൈഃ.

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം* (51:1)

## 3.1094 സ്വർഗ്ഗാതിർത്തിയതിക്രമിച്ച. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

സ്വർഗ്ഗാതിർത്തിയതിക്രമിച്ച യമനെപ്പാകാരി ശാസിച്ചു പോൽ,
"നിൽക്കു നിർത്തു പരാക്രമം തവകൃതം, കേസാക്കുമല്ലെങ്കിൽ ഞാൻ";
ചീർക്കും തൻ ചിരിയൊട്ടൊതുക്കി യമനൊന്നാരാഞ്ഞു, "വാദിക്കുവാൻ
വക്കീലെങ്ങു തവാന്തികേ, സകലരും വന്നുള്ളതിങ്ങോട്ടു താൻ!"

കവി : **ബാലേന്ദു**

## 3.1095 ചേതോഭവശ്ചാപല. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര

ചേതോഭവശ്ചാപലതാപ്രസംഗേ
കാ വാ കഥാ മാനുഷലോകഭാജാം?
യദ്ദാഹശീലസ്യ പുരാം വിജേതു-
സ്തഥാവിധം പൗരുഷമർദ്ധമാസീത്.

കവി : **കാളിദാസൻ**

## 3.1096 യാദവർക്കു കുരു. . . (ബാലേന്ദു)

രഥോദ്ധത

യാദവർക്കു കുരു പാണ്ഡവാദിയിൽ
ഭേദമെന്തു നിരുപിച്ചു കാണുകിൽ
മോദമോടിവിടെയാരു മുമ്പിൽവ-
ന്നാദരിക്കുമവരോടു ചേരണം

കവി : **നടുവത്തച്ഛൻ**, കൃതി : *ഭഗവദ്ദൂത്*

## 3.1097 മരങ്ങൾ തന്മേൽ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മരങ്ങൾ തന്മേൽ ചില കൂരിയാറ്റ-
ക്കൂടുണ്ടു ചന്തത്തൊടു തൂങ്ങി നിൽപ്പൂ
ശിരസ്സു കീഴായ് നിലകൊള്ളുമുഗ്ര-
തപസ്വിമാർ തൻ ജടയെന്നപോലെ

കവി : **വള്ളത്തോൾ**

---

[197] [*ഉമേഷ്*] ശ്ലോകം **3.1093 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ഒരിക്കൽ നീ ശിശുഗണമൊത്തു രാവിലേ
തിരിച്ചു കാടതിലശനം കഴിക്കുവാൻ
കരത്തിൽ നൽക്കറികളൊടന്നവും മുദാ
ധരിച്ചുകൊണ്ടുടനെ കിടാക്കളോടുമായ്.

## 3.1098 ശിശുക്കൾ തൻ പുഞ്ചിരി. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ശിശുക്കൾ തൻ പുഞ്ചിരി പോലെനിക്കു
ചിത്തം കുളിർപ്പിപ്പൊരു കൊച്ചു പൂവേ!
വെൺതിങ്കൾ രാകം പൊടികൊണ്ടു തീർത്തു
വേധസ്സു നിന്നെ, യ്യുതിനില്ല വാദം.

കവി : **ഉള്ളൂർ**, കൃതി : *തുമ്പപ്പൂവ്*

## 3.1099 വാല്മീകിയ്ക്കു നിഷാദബാണമിണയെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വാല്മീകിയ്ക്കു നിഷാദബാണമിണയെപ്പൊള്ളിച്ച ദുഃഖാഗ്നിയായ്
വ്യാസന്നന്ത്യരണാങ്കണത്തിലിളയെപ്പാലിച്ച ധർമ്മോക്തിയായ്,
ദാസന്നാത്മസുഗന്ധമായ കലയെക്കാണിച്ചവാഗ്രൂപമായ്
ഭാസിയ്ക്കുന്ന വരിഷ്ഠവൃത്തരുചിരശ്ലോകങ്ങളേ വാഴുക!

കവി : **പി. എൻ. വിജയൻ** , കൃതി : *ശ്ലോക സ്തോത്രപഞ്ചകം*

## 3.1100 ദാനം ചെയ്തിട്ടു വീണ്ടും. . . (ജ്യോതി)

സ്രഗ്ദ്ധര

ദാനം ചെയ്തിട്ടു വീണ്ടും സുകൃതഫലമിരട്ടിച്ച കർണ്ണന്റെ യാത്രാ–
ദാനം വാങ്ങിച്ച വൃദ്ധദ്വിജനമിതരസം പൂണ്ടു തുള്ളിത്തുടങ്ങീ
താനമ്പോ മട്ടുമാറി, ചെറ്റിടയൊഴിവായ്ക്കുണ്ട പാർഥന്റെ സൂത–
സ്ഥാനം ചാടിക്കരേറീ, പടനടുവില്പടൻ പാഞ്ചജന്യം മുഴങ്ങീ

കവി : **വി. കെ. ജി.**

## 3.1101 തുഞ്ചത്താചാര്യഭാഷാ. . . (ബാലേന്ദു)

സ്രഗ്ദ്ധര

തുഞ്ചത്താചാര്യഭാഷാകളമൊഴി, മലയാളാംബികേ കുമ്പിടുന്നേൻ
കുഞ്ചൻ നമ്പ്യാർക്കു നർമ്മോജ്വലകവനകരീ കൈരളീ കൈതൊഴുന്നേൻ
നിൻ ചന്തം ചിന്തിടും വാങ്മയതനുവനിശം നെഞ്ചിലെൻ പിഞ്ചുഹൃത്താം
മഞ്ചം തഞ്ചത്തിലേറിസ്സരസകളകളം കൊഞ്ചിടാൻ കെഞ്ചിടുന്നേൻ.

കവി: കൃഷ്ണൻ കുഞ്ഞുള്ളി, കൃതി : *നാൽക്കാലിപ്രേമം*

## 3.1102 ന ചോരഹാര്യം. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ന ചോരഹാര്യം ന ച രാജഹാര്യം
ന ഭ്രാതൃഭാജ്യം ന ച ഭാരകാരീ
വ്യയേ കൃതേ വർധത ഏവ നിത്യം
വിദ്യാധനം സർവധനാത് പ്രധാനം

കവി : ഭാമിനി, കൃതി : *സഭാതരംഗിണി*

## 3.1103 വിഡ്ഢിത്തമേതുമൊരു. . . (ബാലേന്ദു)

വസന്തതിലകം

വിഡ്ഢിത്തമേതുമൊരു പെണ്ണിനു പറ്റുകില്ലെ-
ന്നൊട്ടും ധരിച്ചുമിവനൊട്ടു കഥിച്ചുമില്ല;
കട്ടായമിങ്ങു പുരുഷനു ശരിക്കിണങ്ങും
മട്ടാണു ദൈവമവളെപ്പണിചെയ്തു മുന്നം.

കവി : ബാലേന്ദു

## 3.1104 കഷ്ടിച്ചൊട്ടറിയാൻ തുടങ്ങിയ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കഷ്ടിച്ചൊട്ടറിയാൻ തുടങ്ങിയ മുതൽക്കുണ്ടായി ക്ലേശങ്ങളും
കഷ്ടപ്പാടുകളും സഹിച്ചൊരുവിധം മുമ്പോട്ടു നീങ്ങീടവേ
കഷ്ടം, ഹാ തകിടം മറിഞ്ഞൊരധികപ്പറ്റായി പിന്നീടു ഞാ-
നൊട്ടും മേ കരുതാത്തതാണു വിധിതാൻ തെറ്റല്ല പറ്റിച്ചതും.

കവി : പി. എൻ. എസ്. നമ്പൂതിരി , കൃതി : *നീക്കിയിരിപ്പ്*

## 3.1105 കണ്ടീ വിപത്തഹഹ. . . (ജീവി)

വസന്തതിലകം

കണ്ടീ വിപത്തഹഹ! കല്ലലിയുന്നിതാടൽ-
കൊണ്ടാശു ദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ് നി-
ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

## 3.1106 തായംകാവിൽ കരിങ്കൽപ്പടിയിൽ. . . (ഋഷി)

സ്രഗ്ദ്ധര

തായംകാവിൽ കരിങ്കൽപ്പടിയിലിവനിടം കയ്യടിച്ചും, വലങ്കൈ–
ത്താളം തെറ്റാതുരുട്ടാനനവധിദിവസം മുട്ടിവേറിട്ടടിച്ചും
മേളക്കയ്യാലരങ്ങത്തൊരുദിനമിവനും കൊട്ടവേ ചെറ്റുമില്ലാ–
തായീതായം പകച്ചോരിവനെയനുദിനം ചെണ്ടകൊട്ടിയ്ക്കയല്ലോ!

കവി : **വടക്കുമ്പാട് നാരായണൻ** , കൃതി : *ചെണ്ട*

## 3.1107 മേൽപ്പറ്റിടും പൊടിയഴുക്കു. . . (ജീവി)

വസന്തതിലകം

മേൽപ്പറ്റിടും പൊടിയഴുക്കു മെഴുക്കുനാറ്റം
വേർപ്പെന്നു തൊട്ടവകളഞ്ഞതിശുദ്ധയാക്കി
വായ്പ്പേറിടും തനുസുഖം മനുജർക്കുചേർപ്പാൻ
സോപ്പേ നിനക്കു ശരി വാസനയേതിനുള്ളൂ?

## 3.1108 വൻ പോരതിൽക്കൊടിയ. . . (ബാലേന്ദു)

വസന്തതിലകം

വൻ പോരതിൽക്കൊടിയ ദാരികഹത്യ ചെയ്തി–
ട്ടൻപോടു പാട്ടുപുര തന്നിലമർന്ന ദേവീ!
വൻ പാപമാർത്തി ദുരിതാദികളൊക്കെ നീങ്ങാൻ
നിൻപാദഭക്തി തുണയിന്നുലകത്തിലമ്മേ.

കവി : **ബാലേന്ദു**

## 3.1109 വാനാറ്റിൻമട്ടുവായ്ക്കും. . . (ഋഷി)

വാനാറ്റിൻമട്ടുവായ്ക്കും ജലഗുണമുടയോരേതൊരാറ്റിൽക്കുളിയ്ക്കാൻ
നാനാരാജ്യത്തുനിന്നും പലനരർ പതിവായിട്ടു വന്നെത്തി മേവും
ഞാനാ നല്ലാലുവായിൽ പുഴയുടെയരികത്താണു പാർപ്പെങ്കിലും മേ
സ്നാനാർത്ഥം കാഞ്ഞവെള്ളം വിഹിതമിതിനുമേലെന്തു നിർഭാഗ്യമുള്ളൂ?

കവി : **വള്ളത്തോൾ** , കൃതി : *ഡയറി*

## 3.1110 ഞെട്ടറ്റു നീ മുകളിൽ. . . (ജീവി)

വസന്തതിലകം

ഞെട്ടറ്റു നീ മുകളിൽ നിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യഭോഗം
വിട്ടാശു ഭൂവിലടിയുന്നൊരു ജീവനെന്നോ.

കവി : **കുമാരനാശാൻ** , കൃതി : *വീണപൂവ്*

## 3.1111 തന്ത്രിക്കേറ്റമടുത്തുപാസന. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തന്ത്രിക്കേറ്റമടുത്തുപാസന നടത്താം, നിന്നെ വന്ദിക്കുവാൻ
മന്ത്രിക്കിത്തിരി മാറിനിൽക്കണ,മയാൾ തന്ത്രജ്ഞനാണെങ്കിലും
മന്ത്രിക്കുന്നു മനം കുറുംകവിത ദൂരാൽക്കുപ്പുമീയെന്നിലെ–
ത്തന്ത്രിക്കമ്പനമെന്റെ കൃഷ്ണ! ഗുരുവായൂരപ്പ! നീയാകണേ!

കവി : **കരിമ്പുഴ രാമചന്ദ്രൻ** , കൃതി : *ശ്രീകൃഷ്ണ വാങ്മയം*

## 3.1112 മെച്ചം കൂടുന്ന കച്ചേരികളുടെ. . . (ജീവി)

സ്രഗ്ദ്ധര

മെച്ചം കൂടുന്ന കച്ചേരികളുടെ നടുവിൽചെന്നു കാൽ വച്ചു കാൽ മേൽ
പച്ചപ്പേക്കൂത്തു കാട്ടിച്ചിലതു കശപിശെപ്പേശിയാൽതന്നെ പോരാ
പിച്ചക്കാരന്നുമീയുള്ളവനടിമപെടാനുള്ളവൻതന്നെയെന്നോർ-
ത്തുച്ചത്തിൽ കൃത്യവർഗ്ഗങ്ങളെയുടനടനേ തീർക്കണം തർക്കമെന്യേ

കവി : **പന്തളം കേരളവർമ്മ**

## 3.1113 പ്രാസത്തിന്നു പദങ്ങളെപ്പലതരം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

പ്രാസത്തിന്നു പദങ്ങളെപ്പലതരം ക്രൂശിച്ചുകൊണ്ടുള്ള വി–
ന്യാസത്തോടെ വലിക്കുനീട്ടിയ വൃഥാസ്ഥൂലപ്രബന്ധോദ്യമം
ഹാ! സദ്യയ്ക്കു വിളിച്ചു പാഴ്ക്കറി വിളമ്പുമ്പോലെ പാരം പരീ–
ഹാസം; പോര വിരുന്നുകാരെയപമാനിക്കുന്നതായും വരാം.

കവി : **കൃഷ്ണൻ കുത്തുള്ളി**

## 3.1114 ഹാ ധിക് കഷ്ടം കുമാരൗ. . . (ജ്യോതി)[198]

സ്രഗ്ദ്ധര

"ഹാ ധിക് കഷ്ടം കുമാരൗ സുലളിതവപുഷൗ മല്ലവീരൗ കഠോരൗ
ന ദ്രക്ഷ്യാമോ, വ്രജാമസ്ത്വരിത"മിതി ജനേ ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും പോഥയാമാസിതോർവ്യാം,
പിഷ്ടോഽ ഭൂന്മുഷ്ടികോഽപി ദ്രുതമഥ ഹലിനാ നഷ്ടശിഷ്ടൈർദധാവേ

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം* (75:7)

## 3.1115 ചേലൊത്ത പുഷ്പമൊരു. . . (ജീവി)[199]

വസന്തതിലകം

ചേലൊത്ത പുഷ്പമൊരു ചെന്തളിരിൽ പതിച്ചാ–
ലല്ലെങ്കിൽ മുത്തുമണി നൽപവിഴത്തിൽവെച്ചാൽ,
തൊണ്ടിപ്പഴത്തിനെതിരാം മദിരാക്ഷി തന്റെ
ചുണ്ടിൽപ്പരക്കുമൊരു പുഞ്ചിരിയോടെതിർക്കും.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *കുമാരസംഭവം തർജ്ജമ*

---

[198] [*ഉമേഷ്*] ശ്ലോകം **3.1114 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

"ദുഷ്ടന്മാർ മല്ലരേറ്റം കഠിനർ, മൃദുലരീ ബാലരോ കോമളന്മാർ,
കഷ്ടം! കാണേണ്ട പോകാ"മിതു വിധമവശം പൗരർ ചൊല്ലുന്ന നേരം
വട്ടം ചുറ്റിച്ചു ചാണൂരനെയുടനെ വധിച്ചാഞ്ഞെറിഞ്ഞൂ ഭവാനും,
മുഷ്ടിക്കുത്താലരച്ചാൻ മുസലിയപരനെ, പ്പാഞ്ഞുപോയ് ശേഷമുള്ളോർ.

[199] [*ഉമേഷ്*] ശ്ലോകം **3.1115 :** മൂലശ്ലോകം (കാളിദാസൻ) :

പുഷ്പം പ്രവാളാപഹിതം യദി സ്യാ-
ന്മുക്താഫലം വാ സ്ഫുടവിദ്രുമസ്ഥം
തതോഽനുകുര്യാദ്വിശദസ്യ തസ്യാ-
സ്താമ്രോഷ്ഠപര്യസ്തരുചഃ സ്മിതസ്യ.

## 3.1116 തക്കാളിസൂപ്പിലഥ. . . (ബാലേന്ദു)

വസന്തതിലകം

തക്കാളിസൂപ്പിലഥ തൈരുമറിഞ്ഞുവീണാൽ
പക്കാവടയ്ക്കുപരി വെണ്ണ പരത്തി വച്ചാൽ
ലിപ്സ്റ്റിക്കു തേച്ചമിതശോണിമയാർന്നിളിച്ച
ചുണ്ടിൽപ്പരക്കുമവശം ചിരിയോട്ടു നേർക്കും

കവി : **ബാലേന്ദു**, കഴിഞ്ഞ ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

## 3.1117 ലീലാലോലേ കദാചിത്ത്വയി. . . (ജ്യോതി)

സ്രഗ്ദ്ധര

ലീലാലോലേ കദാചിത്ത്വയി ഫലകലസംചോരണാത്യന്തകൃപ്യദ്–
ബാലോക്തത്വന്മുദാശശ്രുവണകുപിതയാ പ്രോചിഷേ ത്വം ജനന്യാ
വത്സേഹാത്യന്തകുത്സ്യം ജഗതി മൃദശനം കിം കൃതം ദുർവിനീത
ശ്രുത്വാ തദ്വാചമാസ്യം വികചകമലദേശ്യം ത്വയാശു വ്യദാരി

കവി : **മാനവേദരാജ**, കൃതി : *കൃഷ്ണഗീതി*

## 3.1118 വൈരിവൃന്ദമലിവററുടനേ. . . (ജീവി)

സ്വാഗത

വൈരിവൃന്ദമലിവററുടനേ മുൻ–
പൂരിവച്ച മിശിഹായുടെ വസ്ത്രം
താരിലും മിനുസമാം തിരുമെയ്യിൽ
ഭൂരിമാല്യയരുമരണിയിച്ചു.

കവി : **കട്ടക്കയം ചെറിയാൻ മാപ്പിള**, കൃതി : *ശ്രീയേശുവിജയം*

## 3.1119 താതൻ ജയിച്ചങ്ങൊരു. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

താതൻ ജയിച്ചങ്ങൊരു മന്ത്രിയാകും
പുത്രൻ തുടങ്ങും പല ഗൂഢ തന്ത്രം;
അതാണു നാട്ടിൽ പതിവായ് നടക്കും
***ആദർശമച്ഛന്നു മകൻ മഹീയാൻ***.

കവി : **ബാലേന്ദു**

## 3.1120 ആരാ?, ഞാൻ ബലഭദ്രസോദരൻ. . . (ജ്യോതി)[200]

ശാർദ്ദൂലവിക്രീഡിതം

"ആരാ?","ഞാൻ ബലഭദ്രസോദര, നിതെൻവീടെന്നു തെറ്റിദ്ധരി–
ച്ചാണെ കേറിയ","തെങ്കിൽ, നെയ്ഭരണിയിൽകയ്യിട്ടതെന്തിന്നു നീ?"
"കാണാതായൊരു കന്നിനെത്തിരയുവാനാ"ണെന്നു കോപിച്ചൊര–
ഗ്ഗോപിക്കേകിയൊരുത്തരം ഹരി! ഹരിച്ചീടട്ടെയെൻമൗഢ്യവും.

കവി : **മധുരാജ്**

[200] [*ജ്യോതി*] ശ്ലോകം **3.1120 :** മൂലശ്ലോകം (**വില്വമംഗലത്തു സ്വാമിയാർ**) :

കസ്ത്വം ബാല? ബലാനുജഃ, കിമിഹ തേ? മന്മന്ദിരാശങ്കയാ,
യുക്തം ത,ന്നവനീതഭാണ്ഡവിവരേ ഹസ്തം കിമർത്ഥം ന്യസേഃ?
മാതഃ കഞ്ചന വത്സകം മൃഗയിതും, മാഗാ വിഷാദം ക്ഷണാ-
ദിത്യേവം വ്രജവല്ലവീ പ്രതിവചഃ കൃഷ്ണസ്യ പുഷ്ണാതു നഃ

## 3.1121 കണ്ടോരുണ്ടോ? തപശ്ശാന്തത. . . (ജീവി)

സ്രഗ്ധര

കണ്ടോരുണ്ടോ? തപശ്ശാന്തത നിറയുമകക്കാമ്പിലേക്കെത്തിനോക്കാ–
റുണ്ടത്രേ, ഗോപിമാർതൻസ്മരമഥിതമനസ്സിങ്കലും തങ്ങുമത്രേ;
ഉണ്ടത്രേ നാമമോരായിര, മുപനിഷദുക്തിക്കെഴും യുക്തിയേയും
തിണ്ടാടിപ്പിച്ച മായാവിയെ, യൊരുകുറി കാണിക്കുമോ കാണിനേരം?

കവി : **വി. കെ. ജി.**

## 3.1122 ഉന്മേഷത്തൊട്ടു താൻ മുറുക്കി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉന്മേഷത്തൊട്ടു താൻ മുറുക്കിയരികത്തൽപ്പം മുറുക്കാനമായ്
ചുമ്മാതേ മണിപത്തടിപ്പഉവരേ മൂടിപ്പുതച്ചങ്ങനെ
ബ്രഹ്മസ്വം മഠമായതിന്റെ പടിയിൽ പൂർണ്ണാനന്ദമോദം പര–
ബ്രഹ്മം കണ്ടരുളുന്ന വെണ്മണി മഹൻ നമ്പൂരിയെക്കണ്ടു ഞാൻ

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

## 3.1123 ബാലാലലാമമണിതൻ. . . (കർത്താ)

വസന്തതിലകം

ബാലാലലാമമണിതന്നലസേക്ഷണങ്ങൾ
നീലാരവിന്ദയുഗളീനിഗളപ്രദങ്ങൾ;
വേലാതിവർത്തിരുചിയാമധരോഷ്ഠബിംബം
ലീലാനിരാകൃതജപാകുസുമാവലേപം.

കവി : **ഉള്ളൂർ**, കൃതി : *ശിവഗീത*

## 3.1124 വിണ്ണിൽക്കണ്ണു പതിച്ചു. . . (ഉമേഷ്)[201]

ശാർദ്ദൂലവിക്രീഡിതം

വിണ്ണിൽക്കണ്ണു പതിച്ചു നിൽപ്പു ചില, രെന്താണോ ഫലം കിട്ടുവാൻ?
മന്നിൻ ഭോഗസുഖങ്ങളിൽ മുഴുകിയും വാഴുന്നു വേറേ ചിലർ;
ഇന്നീക്കയ്യിലിരിപ്പതെന്തതിനെ നീ സൂക്ഷിക്ക, ലാഭം കള-
ഞ്ഞെന്നാലെ? ന്തകലത്തിലുള്ള പടഹധ്വാനങ്ങളും കേൾക്കൊലാ!

കവി : **ഉമേഷ് നായർ. ഉമർ ഖയ്യാമിന്റെ ഒരു ചതുഷ്പദിയുടെ പരിഭാഷ.**

## 3.1125 ഇനരശ്മികളേറ്റു. . . (മധുരാജ്)

വിയോഗിനി

ഇനരശ്മികളേറ്റു വാടിയും
മണവും മാദ്ധ്വിയുമറ്റമന്തിയിൽ
ഒരു പൂ വിലപിച്ചതീ വിധം
മരുദാന്ദോളനജാതമർമ്മരം:

കവി : **ഇ. നാരായണൻ**

[201] [*ഉമേഷ്*] ശ്ലോകം **3.1124 :** മൂലപദ്യം (ഉമർ ഖയ്യാം) :

Some for the Glories of This World; and some
Sigh for the Prophet's Paradise to come;
Ah, take the Cash, and let the Credit go,
Nor heed the rumble of a distant Drum!

### 3.1126 ഒരു മുട്ടയുമില്ല. . . (ബാലേന്ദു)[202]

വിയോഗിനി

ഒരു മുട്ടയുമില്ല ബാക്കിയായ്
വരുമോരോന്നതു വന്നപോലെ പോം
തിരയുന്ന മനുഷ്യ; രൊന്നുമേ
വിരിയാ, ശോകരഹസ്യമായതും

കവി : **ബാലേന്ദു**, കൃതി : *ചിന്താവിഷ്ടയായ കോഴി*

### 3.1127 താരഹാര, മിരുളാം കുചം,. . . (ജീവി)

രഥോദ്ധത

താരഹാര, മിരുളാം കുചം, വിധു-
സ്മേരവക്ത്രമിവപൂണ്ട രാത്രിയെ
പാരമംബരമൊഴിഞ്ഞു കാൺകയാൽ
കൈരവങ്ങൾ മിഴിപൊത്തി ലജ്ജയാൽ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.1128 പ്രാർത്ഥിച്ചിടാം ഞാൻ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രാർത്ഥിച്ചിടാം ഞാനവിടത്തിലെത്തി
പ്രഭോ! മദുർവികു പരാർദ്ധ്യഭവ്യം;
ഭവാനു യോജിച്ച കൃതാന്തദണ്ഡം;
പരാസുവിൻ ജീവനു നിത്യശാന്തി.

കവി : **ഉള്ളൂർ**, കൃതി : *രാമശാസ്ത്രി*

### 3.1129 ഭർത്താവുള്ളൊരബല. . . (ജീവി)[203]

മന്ദാക്രാന്ത

ഭർത്താവുള്ളൊരബല സതിയായീടിലും ബന്ധുഗേഹേ
നിത്യം പാർത്താൽ ജനമിഹ മറിച്ചോർക്കുമെന്നുള്ള മൂലം
അസ്തസ്നേഹം സ്വപതി പെരുമാറീടിലും തത്സമീപേ
വർത്തിക്കേണം വനിത - യതിനാം ബാന്ധവർക്കുള്ളിൽ മോഹം

കവി : **ആറ്റൂർ കൃഷ്ണപ്പിഷാരടി**, കൃതി : *ശാകുന്തളം തർജ്ജമ*

---

[202] [*ഉമേഷ്*] ശ്ലോകം **3.1126 :** കുമാരനാശാന്റെ *ചിന്താവിഷ്ടയായ സീത*യിലെ

ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ, വന്ന പോലെ പോം;
വിരയുന്നു മനുഷ്യനേതിനോ,
തിരിയാ കർമ്മരഹസ്യമാർക്കുമേ

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

[203] [*ഉമേഷ്*] ശ്ലോകം **3.1129 :** മൂലശ്ലോകം (**കാളിദാസൻ**) :

സതീമപി ജ്ഞാതികുലൈകസംശ്രയാം
ജനോ ∫ ന്യഥാ ഭർത്തൃമതീം വിശങ്കതേ
അതഃ സമീപേ പരിണേതുരിഷ്യതേ
തദ്ദ്വഷ്ടിതാപി പ്രമദാ സ്വബന്ധുഭിഃ

## 3.1130 ആരാധിപ്പാ, നരുണപദമാർ. . . (ഉമേഷ്)

മന്ദാക്രാന്ത

ആരാധിപ്പാ, നരുണപദമാ, രൻപരൊ, ത്താരമാണ്ടോ,-
രാരായേണ്ടോരരയൊ, ടടിപെട്ടാരവാർകൊങ്കവായ്പ്പാൽ,
ആരാജശ്രീമുഖവ്യ, മലസാ, ക്ഷ്യഭ്രുകേശങ്ങളും ചേർ,-
ന്നാരാൽക്കാണാ, മബലകളെയ, ങ്ങാലവട്ടങ്ങളോട്ടും.

കവി : **മഠം പരമേശ്വരൻ നമ്പൂതിരി**, കൃതി : *ശുകസന്ദേശം തർജ്ജമ*

## 3.1131 അർത്ഥോ നരാണാം. . . (ഹരി)

സ്രഗ്ധര

അർത്ഥോ നരാണാം പതിരംഗനാനാം
വർഷാ നദീനാ, മൃതുരാട് തരൂണാം
സ്വധർമ്മചാരീ നൃപതിർപ്രജാനാം
ഗതം ഗതം യൗവനമാനയന്തി

കവി : **വിഷ്ണുശർമ്മ**, കൃതി : *പഞ്ചതന്ത്രം*

## 3.1132 സ്വാരാട്ടെന്നെയൊരിക്കൽ മുൻപു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്വാരാട്ടെന്നെയൊരിക്കൽ മുൻപു ശകലം മാനിക്കുവാൻ വൈകവേ
പാരാതാപ്പുരുഷന്ന ഞാനരുളിടും ശാപം ശമിച്ചീടുവാൻ
ഹാ! രാവും പകലും കിടന്നു പലനാൾ പാഥോധി ദേവാസുര-
ന്മാരാകെക്കടയേണ്ടിവന്ന കഥ നീയുൾക്കാമ്പിലോർക്കുന്നുവോ?

കവി : **ഉള്ളൂർ**, കൃതി : *അംബരീഷശതകം*

## 3.1133 ഹന്ത, ക്രീഡയിലിക്കരം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഹന്ത! ക്രീഡയിലിക്കരം കടപറിച്ചിട്ടോരു വെള്ളാന തൻ
ദന്തത്താൽ, മഘവോപലക്കുമിളയും വെച്ചെൻ പ്രസാദാർത്ഥമായ്
വിൺതച്ചൻ വിരചിച്ച പാദുകകളെ സ്വൈരം ത്രിലോകീമലർ-
പ്പെൺതയ്യത്ര തലോടുമെന്നടികളിൽ ചേർക്കുന്ന ചേടീജനം!

കവി : **വള്ളത്തോൾ**, കൃതി : *രാവണന്റെ അന്തഃപുരഗമനം*

## 3.1134 വല, ചൂണ്ട, ലിവറ. . . (കർത്താ)

വസന്തമാലിക

വല, ചൂണ്ട, ലിവറ കൊണ്ടുചെന്നാ-
ണരയർക്കീയുലകത്തിൽ മീൻപിടുത്തം;
വല പൂങ്കുഴൽ, ചൂണ്ടൽ ചോരിവായീ-
യരയപ്പെണ്ണിനു, ചക്രവർത്തി മത്സ്യം.

കവി : **ഉള്ളൂർ**, കൃതി : *സത്യവതി*

## 3.1135 വാചം ന മിശ്രയതി. . . (ജ്യോതി)[204]

വസന്തതിലകം

വാചം ന മിശ്രയതി യദ്യപി മദ്വചോഭിഃ
കർണ്ണം ദദാത്യഭിമുഖം മയി ഭാഷമാണേ
കാമം ന തിഷ്ഠതി മദാനനസമ്മുഖീനാ
ഭൂയിഷ്ഠമന്യവിഷയാ ന തു ദൃഷ്ടിരസ്യാഃ

കവി : **കാളിദാസൻ**, കൃതി : *അഭിജ്ഞാനശാകുന്തളം*

## 3.1136 കുട്ടിക്കുരംഗമിഴിയാമുമ. . . (ഉമേഷ്)

വസന്തതിലകം

കുട്ടിക്കുരംഗമിഴിയാമുമതന്റെ ചട്ട
പൊട്ടിക്കുരുത്തിളകുമക്കളുർകൊങ്ക രണ്ടും
മുട്ടിക്കുടിക്കുമൊരു കുംഭിമുഖത്തൊടൊത്ത
കുട്ടിയ്ക്കു ഞാൻ കുതുകമോടിത കൈതൊഴുന്നേൻ!

കവി : **വെണ്മണി മഹൻ**

## 3.1137 മലയപവനനാലും. . . (കർത്താ)

മാലിനി

മലയപവനനാലും മങ്കമാർ തൻ കടാക്ഷാ-
മലതരസുധയാലും മന്ദഹാസത്തിനാലും
മലർമട്ടുമൊഴിയാലും മാന്യയോധർക്കു മന്ദം
മലയൊളിമുലയാലും മാറി മാലാകമാനം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1138 മാണിക്യം, മാറ്റു കൂടും. . . (രാജേഷ്)

സ്രഗ്ദ്ധര

മാണിക്യം, മാറ്റു കൂടും മരതകമിതുമട്ടുള്ള രത്നം പതിച്ചാ-
വാനിൻ തച്ചൻ കുറെത്തച്ചുകൾ പണിഉരകൊള്ളിച്ച പല്ലക്കു താങ്ങി
ക്ഷീണിച്ചീടാത്ത കാൽവെപ്പൊടു കുതി തുടരാൻ വ്യാസവാല്മീകിഭാസ-
ശ്രേണിയ്ക്കെൻ വാണി, നീ ളുകിയ കരുണ പൊഴിക്കൊന്നിവന്മേലുമല്പം.

കവി : **ടി. എം. വി.**

## 3.1139 കൊള്ളാമിപ്പാളയത്തിൽപ്പട. . . (കർത്താ)

സ്രഗ്ദ്ധര

കൊള്ളാമിപ്പാളയത്തിൽപ്പട, ഭരതമഹീപാലർ ദുഷ്കാലവഹ്നി-
യ്ക്കുള്ളായ് ത്താനേ ദഹിപ്പോരവസരമിതിലേക്കാറ്റു ളുറ്റാൻ വിശേഷം
എല്ലാരും പോരിനായിട്ടുടനടി നടകൊണ്ടീടുവിൻ വീട്ടു കാക്കാ-
നല്ലാവുണ്ടിങ്ങു കയ്ക്കൊള്ളുക ഝടിതി ജയശ്രീയെയോ ഹൗറിയേയോ.

കവി : **ഉള്ളൂർ**, കൃതി : *സുജാതോദ്വാഹം*

---

204 [*ഉമേഷ്*] **ശ്ലോകം 3.1135 :** പരിഭാഷ (**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**) :
എന്നാലാപമതോടു സമ്മിളിതമായൊന്നും കഥിക്കുന്നതി–
ല്ലെന്നാലും ചെവി നൽകിടുന്നു വിരവിൽ സംഭാഷമാണേ മയി
കന്നൽക്കണ്ണി മമാനനാഭിമുഖിയായ് നിൽക്കുന്നതില്ലെങ്കിലും
തന്വിക്കില്ല മദന്യഗോചരമതിൽ ഭൂയിഷ്ഠമാലോകനം.

## 3.1140 എന്നും മറ്റും നിനച്ചും. . . (ഉമേഷ്)

സ്രഗ്ദ്ധര

എന്നും മറ്റും നിനച്ചും, ഹൃദി ഭയമൊഴിവാനേറെ മദ്യം കഴിച്ചും,
മുന്നും പിന്നും മറന്നും, മുഴുമതിയെ ഹഠാൽ പോർക്കു നേർക്കായ് വിളിച്ചും,
ചിന്നും ഹാസം കലർന്നും, ചില പൊഴുതിള മേൽ വീണു, മപ്പാപി പിന്നീ-
ടന്നുന്മത്തൻ കണക്കെസ്സുതരൊടുമൊരുമിച്ചാത്മഗേഹം ഗമിച്ചാൻ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1141 ചരിതാർത്ഥതയാർന്ന. . . (രാജേഷ്)

വിയോഗിനി

ചരിതാർത്ഥതയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽ നിന്നുടൻ
ശരിയായിക്കളി തീർന്ന നട്ടുവൻ

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.1142 പ്രോദ്രേകാദ്രീതരൂപേ. . . (കർത്താ)

സ്രഗ്ദ്ധര

പ്രോദ്രേകാദ്രീതരൂപേ വിമലവരഗിരാ പൂർവഗീതേഋരുരോ
ഭാർഗ്ഗശ്രീഗൗരിഉപ്ലാഖിലപുരഗഋരു പ്രേര്യഖേര്യാഗതാഗാഃ
ഖേലേഷ്ടാഭ്രാഡ്യരാഗോത്തരപടുഭിരുരു വ്യാപ്രമൈവാഖിലാപ്ത്യൈഃ
പ്രേഡ്യാവിപ്രപ്രവര്യൈരുരുരയമതിഭീ രൂപിണീമേഗ്രഗാസ്താൽ.

കവി : **മേൽപ്പുത്തൂർ**, കൃതി : *ഋഗ്വേദസൂക്തം*

## 3.1143 ഖഗങ്ങളേ മൃഗങ്ങളേ. . . (ഋഷി)

പഞ്ചചാമരം

ഖഗങ്ങളേ മൃഗങ്ങളേ വിശാലഭൂരുഹങ്ങളേ,
ദൃഗഞ്ചലേന മഞ്ജുനോക്കുമേണ ശാബകങ്ങളേ,
നഗങ്ങളേ, ഗജങ്ങളേ, മനോജ്ഞവണ്ടിനങ്ങളേ,
സുഖേന നിങ്ങൾ കണ്ടിതോ ഘനേ വനേ നളം നൃപം?

കവി : **മഴമങ്ഗലം** , കൃതി : *ഭാഷാനൈഷധചമ്പു*

## 3.1144 നന്ദി;യങ്ങതിഖരം. . . (മധുരാജ്)

രഥോദ്ധത

നന്ദി; യങ്ങതിഖരം വിഴുങ്ങിയി–
ട്ടന്യനേകിയതു നല്ലൊരക്ഷരം
നഞ്ഞശിച്ചുലകിനന്നു മങ്ഗളം
തന്നൊരാ സ്മരഹരം സ്മരിപ്പു ഞാൻ!

കവി : **മധുരാജ്**

## 3.1145 നല്ല ഹൈമവതഭൂവിൽ. . . (ജ്യോതി)

രഥോദ്ധത

നല്ല ഹൈമവതഭൂവിൽ – ഏറെയായ്–
ക്കൊല്ലം – അങ്ങൊരു വിഭാതവേളയിൽ
ഉല്ലസിച്ചു യുവയോഗിയേകനത്–
ഫുല്ലബാലരവിപോലെ കാന്തിമാൻ

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

## 3.1146 ഉണ്ടാഗ്ഗിരിക്കരികിൽ മേക്കു. . . (ജീവി)

വസന്തതിലകം

ഉണ്ടാഗ്ഗിരിക്കരികിൽ മേക്കു വശത്തൊളിപ്പൂ–
ച്ചെണ്ടായ് ശിവാദ്രിയുടെ തെക്കളകാപുരംപോൽ
തണ്ടാരിൽ മാതിനുടെ കുത്തുവെളിക്കുനിന്നു
കൊണ്ടാടുമാഴിയതിരാം മലയാളരാജ്യം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1147 തയ്യാറായ് ചിത്രഗുപ്തൻ. . . (ജ്യോതി)

സ്രഗ്ദ്ധര

തയ്യാറായ് ചിത്രഗുപ്തൻ സുകൃതദുരിതസമ്പാദ്യമെണ്ണിത്തിരിയ്ക്കാൻ
കൊയ്യാറായ് വിത്തിറക്കീടിന വിധി, യരിവാൾ മൂർച്ചകൂട്ടിത്തുടങ്ങീ
നെയ്യാറായീ പുതപ്പിപ്പതിനൊരു മരണക്കോടി, യൂക്കുള്ളുലയ്ക്കു–
ക്കയ്യൻ തൻ കാട്ടുപോത്തിൻ കയറൊട്ടു കയറാറായി കൈലാസവാസിൻ!

കവി : **വി.കെ.ജി**

## 3.1148 നിഷ്കമ്പം ഞാൻ ത്യജിക്കേ. . . (ഉമേഷ്)[205]

സ്രഗ്ദ്ധര

നിഷ്കമ്പം ഞാൻ ത്യജിക്കേ, സ്വജനമനുഗമിച്ചീടുവാനുദ്യമിക്കേ,
“നിൽക്കെ”ന്നായിട്ടുറക്കെഗ്ഗുരുസമഗുരുശിഷ്യാഗ്രനോതിത്തടുക്കേ,
അക്കണ്ണീറ്റിൽക്കുളിക്കേ, കലുഷിതമിഴിയായ് ക്രൂരനാമെങ്കൽ വിട്ടോ–
രക്കോൺനോട്ടം വിഷം തേച്ചൊരു ശരമതുപോലെന്നെ നീറ്റുന്നിതേറ്റം.

കവി : **കാലടി രാമൻ നമ്പ്യാർ / കാളിദാസൻ**, കൃതി : *ശാകുന്തളം തർജ്ജമ (കേളീശാകുന്തളം)*

## 3.1149 അതൽപം നിദ്രാലുഃ. . . (ജീവി)

ശിഖരിണി

അതൽപം നിദ്രാലുഃ രജനിഷു കുവാഗ് ദുർഗതതമഃ
മഹാകാതര്യാധ്യോ മനസി വിധുതപ്രോജ്വലയശാഃ
വധാന്മാംസാദാനാം ബഹുവിമതലാഭോ ജനകജേ
കഥം ശ്ലാഘ്യോ രാമഃ ഖലതമസകൃന്മാ സ്പൃഷ ഗിരാ.

കവി : **കാമരാജനഗർ രാമശാസ്ത്രി**, കൃതി : *സീതാരാവണസംവാദഝരി*

---

[205] **[*ഉമേഷ്*] ശ്ലോകം 3.1148 :** മൂലശ്ലോകം (കാളിദാസൻ) :

ഇതഃ പ്രത്യാദേശാത് സ്വജനമനുഗന്തും വ്യവസിതാ
സ്ഥിതാ “തിഷ്ഠേ”ത്യുച്ചൈർവദതി ഗുരുശിഷ്യേ ഗുരുസമേ
പുനർദൃഷ്ടിർബാഷ്പപ്രസരകലുഷാമർപ്പിതവതീ
മയി ക്രൂരേ യത്തത് സവിഷമിവ ശല്യം ദഹതി മാം.

## 3.1150 വേദാന്തേഷു യമാഹുരേകപുരുഷം. . . (ഉമേഷ്)[206]

ശാർദ്ദൂലവിക്രീഡിതം

വേദാന്തേഷു യമാഹുരേകപുരുഷം, വ്യാപ്യസ്ഥിതം രോദസീ
യസ്മിന്നീശ്വര ഇത്യനന്യവിഷയഃ ശബ്ദോ യഥാർത്ഥാക്ഷരഃ
അന്തര്യശ്ച മുമുക്ഷുഭിർ നിയമിതപ്രാണാദിഭിർ മൃഗ്യതേ
സ സ്ഥാണുഃ സ്ഥിരഭക്തിയോഗസുലഭോ നിഃശ്രേയസായാസ്തു വഃ

കവി : **കാളിദാസൻ**, കൃതി : *വിക്രമോർവ്വശീയം*

## 3.1151 അന്തിക്കുട്ടിലണഞ്ഞിരുന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അന്തിക്കുട്ടിലണഞ്ഞിരുന്ന കുറുകും പ്രാവിൻ സ്വരം, ചോലയിൽ–
ച്ചന്തം നോക്കിയിരുന്നുപോയ കിളിതൻ കാണാത്ത സംഗീതവും
സ്വന്തം പൂക്കളിലുഷ്ണമാർന്നു നിശയെക്കാക്കുന്ന പൂക്കൈതയും
എൻ താളത്തിലലിഞ്ഞൊരർത്ഥമറിയാത്തർത്ഥങ്ങളായ്ക്കണ്ടു ഞാൻ!

കവി : **വി. മധുസൂദനൻ നായർ**, കൃതി : *ഏഴ ചുവടുകൾ*

## 3.1152 സരസിജമനുവിദ്ധം. . . (ജ്യോതി)[207]

മാലിനി

സരസിജമനുവിദ്ധം ശൈവലേനാപിരമ്യം
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്ക്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം

കവി : **കാളിദാസൻ**, കൃതി : *അഭിജ്ഞാനശാകുന്തളം*

## 3.1153 ഇപ്പോൾ കേരളകൽപ്പകദ്രുമ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഇപ്പോൾ കേരളകൽപ്പകദ്രുമസമാജക്കാർ നിയോഗിക്കയാൽ
താൽപര്യത്തൊടു താഴ്മപൂണ്ടെടമരം വിക്ടർ വിമുക്താമയം
ചൊൽപൊങ്ങും മിശിഹാചരിത്രമിതു നൽപ്പാട്ടായി നിർമ്മിച്ചതി–
ന്നെപ്പേരും പിഴതീർത്തനുഗ്രഹമെനിക്കേകേണമെല്ലാവരും.

കവി : **എടമരത്ത് വിക്ടർ**, കൃതി : *മിശിഹാചരിത്രം*

---

[206] [*ഉമേഷ്*] **ശ്ലോകം 3.1150 :** പരിഭാഷ (**കുഞ്ഞിക്കുട്ടൻ തമ്പുരാൻ**) :

ലോകവ്യാപിയതെന്നു യാതൊരുവനെച്ചൊല്ലുന്നു വേദാന്തവും,
മാഴ്കാതീശ്വരനെന്ന നാമമെവനിൽത്താനേ യഥാർത്ഥപ്പെട്ടു,
ഏകാന്തേ കരണങ്ങൾ വെന്നവനെയുൾത്തേടുന്നു മോക്ഷാർത്ഥിമാ,–
രേകട്ടേ പ്രിയഭക്തനാശ്ശിവനടൻ നിങ്ങൾക്കു നിശ്രേയസം.

[207] [*ഉമേഷ്*] **ശ്ലോകം 3.1152 :** പരിഭാഷ (**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**) :

ഫുല്ലാബ്ജത്തിനു രമ്യതക്കു കുറവോ പായൽ പതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകല്ലയോ പനിമതിക്കങ്കം കറുത്തെങ്കിലും?
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും ഭൂയിഷ്ഠശോഭാവഹം;
നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും.

## 3.1154 ചിന്താസുന്ദരകാവ്യവും. . . (ഉമേഷ്)[208]

ശാർദ്ദൂലവിക്രീഡിതം

ചിന്താസുന്ദരകാവ്യവും, ലഘുതരം ഭോജ്യങ്ങളും, ചെന്നിറം
ചിന്തിപ്പൂനര പൊന്തി വീണ്ടു നിറയും സുസ്ഫാടികക്കിണ്ണവും,
കാന്തേ, യെന്നരികത്തിളം തണലിൽ നീ പാടാനുമുണ്ടെങ്കിലോ
കാന്താരസ്ഥലി പോലുമിന്നിവനു ഹാ സ്വർല്ലോകമാണോമനേ!

കവി : എം. പി. അപ്പൻ , കൃതി : *ജീവിതോത്സവം* (ഉമർ ഖയാമിന്റെ *റുബായിയാത്തി*ന്റെ പരിഭാഷ.)

## 3.1155 കുടഞ്ഞും കമിഴ്ത്തം. . . (കർത്താ)

ഭുജംഗപ്രയാതം

കുടഞ്ഞും കമിഴ്ത്തം പണിപ്പെട്ടിഴഞ്ഞും
കളിക്കോപ്പു ചുണ്ടത്തണച്ചും മറിഞ്ഞും
കഴൽപ്പിഞ്ചുവച്ചും കുടുങ്ങിച്ചിരിച്ചും
കുരുന്നായ്ക്കളിക്കുന്ന ഭാഗ്യം കൊഴിഞ്ഞു.

കവി : വി. മധുസൂദനൻ നായർ, കൃതി : *നമുക്കിനി മറക്കാം*

## 3.1156 കമ്പം കൈവിട്ടുണരുക. . . (ഉമേഷ്)[209]

മന്ദാക്രാന്ത

കമ്പം കൈവിട്ടുണരുക, നിശാവേദിയിൽ നിന്നുമാസ്ത്രൻ–
മുമ്പിൽക്കാണായിടുമൊരുഡുവൃന്ദത്തെയോടി, ച്ചതിൻ തൻ
പിമ്പേ പായിച്ചിരവിനെയുമാ വിണ്ണിൽ നിന്നും, കരത്താ–
ലമ്പെയ്യുന്നു നൃപഭവനശൃംഗത്തിലാദിത്യദേവൻ.

കവി : ഉമേഷ് നായർ / ഉമർ ഖയ്യാം, കൃതി : *ഉമർ ഖയ്യാമിന്റെ ചതുഷ്പദികൾ (ആദ്യശ്ലോകം)*

## 3.1157 പാലംഭോരാശിമദ്ധ്യേ. . . (കർത്താ)

സ്രഗ്ദ്ധര

പാലംഭോരാശിമദ്ധ്യേ ശശധരധവളേ ശേഷഭോഗേ ശയാനം,
മേളം കോലും കളായദ്യുതിയൊടു പടതല്ലുന്ന കാന്തിപ്രവാഹം,
നാളന്നേറിത്തുളുമ്പും നിരുപമകരുണാഭാരതിമൃൽകടാക്ഷം
നാളീകത്താരിൽമാതിൻ കുളുർമുലയുഗളീഭാഗധേയം ഭജേഥാഃ.

കവി : മഴമങ്ഗലം, കൃതി : *നൈഷധം ചമ്പു*

## 3.1158 നാലാമ്നായൈകമൂലം. . . (ഉമേഷ്)

സ്രഗ്ദ്ധര

നാലാമ്നായൈകമൂലം, നതജനദിവിഷത്പാദപം, നേത്രവഹ്നി–

[208] [*ഉമേഷ്*] ശ്ലോകം **3.1154 :** മൂലപദ്യം (ഉമർ ഖയ്യാം) :
A Book of Verses underneath the Bough,
A Jug of Wine, a Loaf of Bread – and Thou
Beside me singing in the Wilderness –
Oh, Wilderness were Paradise enow!

[209] [*ഉമേഷ്*] ശ്ലോകം **3.1156 :** മൂലപദ്യം (ഉമർ ഖയ്യാം) :
WAKE! For the Sun, who scatter'd into flight
The Stars before him from the Field of Night,
Drives Night along with them from Heav'n, and strikes
The Sultan's Turret with a Shaft of Light.

ജ്വാലാനിർദ്ദഗ്ദ്ധമീനദ്ധ്വജ, മചലസുതാരൂഢവാമാങ്കഭാഗം,
കാലാരാതിം, കപർദ്ദോദരകബളിതമന്ദാകിനീമാനനീയം,
കൈലാസാവാസലോലം, കനിവൊടു മനമേ ചന്ദ്രചൂഡം ഭജേഥാ!

## 3.1159 കുത്തിൽച്ചത്തതു മൂന്നു പേർ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കുത്തിൽച്ചത്തതു മൂന്നു പേർ, ടെററിസം കൊണ്ടെട്ടുപത്താളുകൾ,
വൈദ്യം തെറ്റിയൊരമ്പതു, ണ്ടപകടം പറ്റിത്തികച്ചെൺപതും;
യുദ്ധത്തിൽപ്പല ശസ്ത്രമേറ്റു മരണം നൂറോളമെന്റീശ്വരാ,
പത്തഞ്ഞൂറു ഭവാന്റെ പേരിലുളവാം നാനാ മതപ്പോരിലും.

കവി : ബാലേന്ദു

## 3.1160 യദി ഹൃത്കമലേ. . . (ഉമേഷ്)[210]

തോടകം

യദി ഹൃത്കമലേ മധുപാനരതോ
വരദോ മുരളീധര ഭൃങ്ഗവരഃ
സുമഗന്ധ സുഭക്തിരസേ സരസഃ
ക്വ സഖേ തരുണീ കബരീ വിപിനം?

കവി : മധുരാജ്

## 3.1161 സുവിശാലമഗാധം. . . (കർത്താ)

വിയോഗിനി

സുവിശാലമഗാധമുൽബണം
ലഘു സന്തീര്യ കരേണ വാരിധിം
ബത! പാരതടാവലംബന–
ക്ഷണമാത്രേ സ്ഖലിതോഽസ്മി കാ ഗതിഃ.

കവി : എ. ആർ, കൃതി : *ഭങ്ഗവിലാപഃ*

## 3.1162 ബാല്യം താരുണ്യമായും. . . (ജ്യോതി)

സ്രഗ്ദ്ധര

ബാല്യം താരുണ്യമായും, തരുണിമ ജരയേകുന്ന വാർദ്ധക്യമായും,
കാല്യം മദ്ധ്യാഹ്നമായും, കൊടുവെയിലിരുളേകുന്ന സായാഹ്നമായും,
മൂല്യം വിട്ടസ്തമിക്കുന്നതു,സഹജ; മതിൽ ഖേദിയാ, യ്കിജ്ജഗത്താം
മാല്യം പൊട്ടിച്ചുടയ്ക്കും പ്രകൃതിയുടെ വിലാസങ്ങൾ വിശ്വോത്തരങ്ങൾ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

## 3.1163 മൂന്നാൾ മദ്ധ്യവയസ്കർ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മൂന്നാൾ മദ്ധ്യവയസ്കർ വണ്ടിയിലരട്ടിക്കറ്റു ചോദിച്ചപോൽ

---

[210] [*രാജേഷ്*] ശ്ലോകം **3.1160 :** പരിഭാഷ (രാജേഷ്) :

ശമമാം സുമഗന്ധമുതിർന്നിടുമെൻ
ഹൃദയത്തിലെ ഭക്തിരസം നുകരാൻ
സരസൻ ഹരിയാമളിയെത്തിടുകിൽ
തരുണീ കബരീ വനമെന്തിവന്?

ചൊന്നാൻ പോലതില്ലുള്ളൊരാൾ വിശദമായ് കണ്ടകുറോടിത്തരം,
“രാമൻ കുട്ടിയിയാളയാൾക്കരികിലപ്പുക്കുട്ടിയാണുള്ളതും,
കൃഷ്ണൻ കുട്ടിയഹം, സദാ നിയമമോ കുട്ടിക്കരച്ചാർജ്ജു താൻ”

കവി : **ബാലേന്ദു**

## 3.1164 രുഷാ വിശിഖമുച്ഛിഖം. . . (മധുരാജ്)

പൃഥ്വി

രുഷാ വിശിഖമുച്ഛിഖം ജഹതി രാഘവേ ലാഘവാ–
ദജായത രുജായത ശ്വസിതചക്രനക്രാർണ്ണവം
രസാതലവലത്തിമിസ്തിമിതകുംഭികുംഭീനസ–
പ്രവിഷ്ടഗിരികന്ദരം തരളമന്തരം വാരിധേഃ

കവി : **ഭോജരാജാവു**, കൃതി : *ചമ്പൂരാമായണം*

## 3.1165 രണ്ടാണെനിക്കു പശുവിന്നതു. . . (ബാലേന്ദു)

വസന്തതിലകം

രണ്ടാണെനിക്കു പശുവിന്നതു നാലുമെന്താ–
ണെന്നുള്ള ടീച്ചറുടെ ചോദ്യമതിന്നൊരുത്തൻ
നെഞ്ചത്തു ദൃഷ്ടിയൊടെ തെല്ലു മടിച്ചുരച്ചാൻ
തോന്നുന്നതുണ്ടു; പറയാനൊരു നാണമാണേ

കവി : **ബാലേന്ദു**

## 3.1166 നാളീകാക്ഷന്റെ മാറത്തരുളിന. . . (കർത്താ)

സ്രഗ്ദ്ധര

നാളീകാക്ഷന്റെ മാറത്തരുളിന രമ തൻ കയ്യിലാടുന്ന കേളീ–
നാളീകത്തിങ്കലെത്തേൻ ഹരിയുടെ തിരുനാഭിക്കകം വീണിടുമ്പോൾ
നാളീകാവാസനാകും ശിശുവിനിവൾ ദരം കൊണ്ടു പാൽ നൽകിടുന്നെ–
ന്നാളീടുന്നാദരാൽ ദേവകൾ കരുതുമിതേകട്ടെ നമ്മൾക്കു ശുഭം.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**, . *വിശ്വഗുണാദർശ ചമ്പുവിലെ ശ്രീരാജീവാക്ഷ. . .* എന്ന ശ്ലോകത്തിന്റെ പരിഭാഷ.

## 3.1167 നേരമ്പോക്കായി മാത്രം. . . (രാജേഷ്)

സ്രഗ്ദ്ധര

***നേരമ്പോ*** ക്കായി മാത്രം രതിയെ, മദിരയെ സ്വച്ഛമാം ***വെള്ള***മായും
നാരിത്വത്തെ***ച്ചരക്കായ്***, സഹജ മനുജനെക്കേവലം ***കക്ഷി***യായും
***ധർമ്മ***ത്തെബ്ഭിക്ഷയായും കവനമൊരു വെറും ***കൗതുകം*** മാത്രമായും
നേരംപോൽ പാർത്തുകാണാൻ നിപുണത തികയും കൈരളീഭാഷ വെൽക.

കവി : **രാജേഷ് വർമ്മ**

## 3.1168 ധനത്തിനുള്ള ചൂഷണം. . . (കർത്താ)

പഞ്ചചാമരം

ധനത്തിനുള്ള ചൂഷണം, ജനത്തിനുള്ള ശോഷണം,
ധനിയ്ക്കു സർവപോഷണം–ധാനാധിപത്യലക്ഷണം!
ധനപ്രധാനമാകണം ധനാധിപത്യ, മേതിനും
ധനം ധനം ധനം ധനം ധനം ധനം ധനം ധനം!.....

കവി : **ഏവൂർ പരമേശ്വരൻ**

## 3.1169 ധാതാവാദൗ ചമച്ചോരുദകം. . . (ഉമേഷ്)[211]

സ്രഗ്ധര

ധാതാവാദൗ ചമച്ചോരുദക, മഥ ഹവിർവാഹിയാം വീതിഹോത്രൻ,
ഹോതാ താനും, ദിനേശൻ, നിശയുടെ പതിയും, നാദലക്ഷ്യം നഭസ്സും,
ഭൂതാളിക്കാകെയേകപ്രകൃതി പൃഥിവിയും, പ്രാണദൻ മാരുതൻ താ,–
നേതാവദ്‌വ്യക്തമൂർത്ത്യഷ്ടകനലകടയോൻ നിങ്ങളെക്കാത്തിടട്ടേ!

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ (മണിപ്രവാളശാകുന്തളം)*

## 3.1170 ഭഗവൻ, തവ പുണ്യനാമജാലം. . . (രാജേഷ്)

വസന്തമാലിക

ഭഗവൻ, തവ പുണ്യനാമജാലം
പകലും രാവുമുറക്കെ വാഴ്ത്തി മേവും
തവ ഭക്തരിൽ നിന്നുമെന്നെ നിത്യം
ഭുവനാധീശ്വര, കാത്തു കൊള്ളണം നീ!

കവി : **രാജേഷ് വർമ്മ**

## 3.1171 തണ്ടാർ ചാന്നാരു രണ്ടിങ്കലും. . . (കർത്താ)

സ്രഗ്ധര

തണ്ടാർ ചാന്നാരു രണ്ടിങ്കലുമിവിടൊരുപോലീ പ്രയോഗങ്ങൾ കാണ്മാ–
നുണ്ടല്ലോ ഹേ പണിക്കർക്കിദമസുലഭമായീടുവാനെന്തുബന്ധം?
പണ്ടത്തേപ്പാക്കനാരോടറിക പുലയനാരോടുമീ രേഫമൂന്നി–
ട്ടുണ്ടുയ്ക്കോരുന്നുവോ താൻ ഹൃദയമതിനിടുക്കേറുമെൻ സൂത്രധാരാ.

കവി : **മൂലൂർ**, കൃതി : *('പണിക്കർ' യുദ്ധം)*

## 3.1172 പോകാനില്ലയെനിക്കു മറ്റൊരിടം. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

പോകാനില്ലയെനിക്കു മറ്റൊരിടമിപ്പാരിങ്കൽ ശ്ലോകങ്ങളെ–
ച്ചൊല്ലാനും ബത കേൾക്കുവാനുമതിലെക്കുറ്റങ്ങൾ തീർക്കാനുമേ
എന്നാലും മുതിരുന്നിതങ്ങു വിട്ടുവാൻ വൃത്തത്തിലൊക്കാത്തതാ–
മെന്നോടിന്നു പൊറുത്തിടട്ടെ ദയവായ് കൂട്ടർക്കിതാ വന്ദനം!

കവി : **ദിലീപ്**

## 3.1173 എല്ലാമീശ്വരലീല. . . (ഉമേഷ്)[212]

ശാർദ്ദൂലവിക്രീഡിതം

എല്ലാമീശ്വരലീല, 'വൃത്ത'ഗതനായൊട്ടും വെളിച്ചത്തുടി–

---

[211] [*ഉമേഷ്*] **ശ്ലോകം 3.1169 :** മൂലശ്ലോകം (**കാളിദാസൻ**) :

യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാഃ, വഹതി വിധിഹുതം യാ ഹവിർ, യാ ച ഹോത്രീ,
യേ ദ്വേ കാലം വിധത്തഃ, ശ്രുതിവിഷയഗുണാ യാ സ്ഥിതാ വ്യാപ്യവിശ്വം,
യാമാഹുഃ സർവ്വഭൂതപ്രകൃതിരിതി, യയാ പ്രാണിനഃ പ്രാണവന്തഃ
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതു വസ്താഭിരഷ്ടാഭിരീശഃ

[212] *പോകാനില്ലയെനിക്കു. . .* എന്ന കഴിഞ്ഞ ശ്ലോകത്തിനുണ്ടായിരുന്ന വൃത്തഭംഗങ്ങളും മറ്റു പിശകുകളും ശരിയാക്കാൻ **ബാലേന്ദു** സഹായിച്ചതും, അതിനെ തിരസ്കരിക്കാതെ നന്നാക്കി സ്വീകരിക്കാൻ **കർത്താ** പ്രചോദനം നൽകിയതും അനുസ്മരിച്ച്, ആ ശ്ലോകം ഉൾപ്പെടുത്താൻ വേണ്ടി എഴുതിയ എ-പ ദ്രുതകവനം.

പ്പില്ലാതാർത്ത്ഴലുമ്പൊഴാർദ്രഹൃദയൻ ‘ബാലേന്ദു’വെത്തുന്നതും,
പല്ലാൽ കോർത്തിടുവാനണഞ്ഞ വിധി തൻ ‘ശാർദ്ദൂലവിക്രീഡിതം’
നല്ലാഹ്ലാദകമാക്കുവാൻ ഹൃദി ബലം ‘കർത്താവു’ നൽകുന്നതും!

കവി : **ഉമേഷ് നായർ**

## 3.1174 പണ്ടേ പൂവായ് വിരിഞ്ഞീടിന. . . (മധുരാജ്)

സ്രഗ്ദ്ധര

പണ്ടേ പൂവായ് വിരിഞ്ഞീടിന നിമിഷമിളംകുമ്പിളിൽ തേൻ തുളുമ്പി–
ക്കൊണ്ടേ നിന്നുമ്പിലെത്താനനുമതി വിധിയേകീലെനിക്കെന്തുകൊണ്ടോ!
വണ്ടിൻ ചാർത്താർത്തണഞ്ഞീടിന ഹൃദയമലർച്ചെണ്ടിതാ വാട്ടമാറായ്;
കണ്ടേക്കാ, മൊട്ടുശിഷ്ടം മധു; വിതു മധുവൈരിൻ, നിനക്കേകിയാലോ !

കവി : **പി.പി.കേ.പൊതുവാൾ**, കൃതി : *കിളിയുടെ നാവ്*

## 3.1175 വീണാപാണിനിയായി വാണി. . . (ജ്യോതി)[213]

ശാർദ്ദൂലവിക്രീഡിതം

വീണാപാണിനിയായി വാണി, മുരളീഗാനത്തിനാലിന്ദ്രനും,
താളം കൊട്ടി വിരിഞ്ചനും, മധുരമാം ഗീതത്തിനാൽ പൂമകൾ,
മന്ദ്രം സാന്ദ്രമൃദങ്ഗമോട്ടു ഹരിയും, ചൂഴുന്ന വാനോർകളും,
സേവിയ്ക്കുന്ന പ്രദോഷവേളയിലിതാ കാർത്യായനീകാന്തനെ.

കവി : **രാജേഷ് വർമ്മ**

## 3.1176 മേലത്രയും പുളകമാർന്നിട്ടും. . . (കർത്താ)

വസന്തതിലകം

മേലത്രയും പുളകമാർന്നിട്ടുമാ യുവാവെൻ–
ചാരത്തുകൂടെ നടകൊള്ളുകിൽ രണ്ടുപേർക്കും
കാലങ്ങുമിങ്ങുമിടറും, ഹൃദയം തുടിക്കും
ഫാലം വിയർക്കുമൊരു മിന്നലകത്തു പായും.

കവി : **ജി. ശങ്കരക്കുറുപ്പ്**, കൃതി : *സുഭദ്ര*

## 3.1177 കരങ്ങളിൽ വിളങ്ങിടും മുരളി. . . (ജ്യോതി)

പൃഥ്വി

കരങ്ങളിൽ വിളങ്ങിടും മുരളി, നിൽപ്പു കാളിന്ദി തൻ–
കരയ്ക്കൊരരയാൽത്തറയ്ക്കുപരി നീലവണ്ടിൻ നിറം
അരയ്ക്കരിയ മഞ്ഞയാം തുകിലുടുപ്പു, മച്ചിത്തമേ
തിരിച്ചറിയുവാൻ പണിപ്പെടുക വേണ്ട ഗോവിന്ദനെ!

കവി : **വി.കെ.ജി.**

---

[213] [*ഉമേഷ്*] **ശ്ലോകം 3.1175 :** മൂലശ്ലോകം :

വാഗ്ദേവീ ധൃതവല്ലകീ, ശതമഖോ വേണും ദധത്, പദ്മജ-
സ്താളോന്നിദ്രകരോ, രമാ ഭഗവതീ ഗേയപ്രയോഗാന്വിതാ,
വിഷ്ണുഃ സാന്ദ്രമൃദങ്ഗവാദനപടുർ, ദേവാഃ സമന്താത് സ്ഥിതാഃ
സേവന്തേ തമനു പ്രദോഷസമയേ ദേവം മൃഡാനീപതിം

## 3.1178 അളന്നു തെളിയിച്ചിടാം. . . (ഉമേഷ്)[214]

പൃഥ്വി

അളന്നു തെളിയിച്ചിടാം സുഗമ'മസ്തി'യും 'നാസ്തി'യും,
സഹായമിയലാതെ കാട്ടിടുവ'നുച്ച'വും 'നീച'വും,
സമർത്ഥനിതിനൊക്കെയെങ്കിലുമെനിക്കു സാധിച്ചതി–
ല്ലഗാധതയളന്നിടാൻ, സുരയെ വിട്ടു മറ്റൊന്നിലും!

കവി : **സർദാർ കെ. എം. പണിക്കർ**, കൃതി : *രസികരസായനം (ഉമർ ഖയ്യാം)*

## 3.1179 സൗജന്യാബ്ധേ, ഭവതു. . . (കർത്താ)

മന്ദാക്രാന്ത

സൗജന്യാബ്ധേ, ഭവതു ഭവതേ സ്വാഗതം; വേഗതോ ഗാ–
മാഗാസ്സമ്പ്രത്യമരതരുണീനന്ദനാന്നന്ദനാന്ന,
ഉത്സങ്ഗാത്വാ കരപരിലസദ്വല്ലകീകോണവേല്ല–
ന്നീലക്ഷൗമാഞ്ചലപടലികാമുദ്രിതാദദ്രിജായാഃ?

കവി : **ലക്ഷ്മീദാസൻ**, കൃതി : *ശുകസന്ദേശം*

## 3.1180 ഉണ്ണീ, കേൾക്കുക നീ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഉണ്ണീ, കേൾക്കുക നീ : കൃഷിപ്പണി പഠിപ്പുള്ളോർക്കു നിന്ദാർഹമെ–
ന്നെണ്ണീടായ്ക, നരർക്കു ജീവനമതിന്നേകാശ്രയം കാർഷികം;
മണ്ണീ മട്ടു തഴച്ചു കാണ്മതു കൃഷിക്കാർ തൻ ശ്രമോദർക്കമായ്
നണ്ണീടാം, ഭുവി സാർവ്വഭൗതികസുഭിക്ഷാകർഷകൻ കർഷകൻ!

കവി : **ആർ. രാമചന്ദ്രൻ നായർ**

## 3.1181 മുദാ കരാത്തമോദകം. . . (രാജേഷ്)

പഞ്ചചാമരം

മുദാ കരാത്തമോദകം, സദാ വിമുക്തി സാധകം,
കലാധരാവതംസകം, വിലാസി ലോക രക്ഷകം,
അനായകൈക നായകം, വിനാശിതൈഭദൈത്യകം,
നതാശുഭാശു നാശകം, നമാമി തം വിനായകം

കൃതി : *ഗണേശപഞ്ചരത്നകീർത്തനം*

## 3.1182 അവിടെശ്ശിവനേ. . . (കർത്താ)

വിയോഗിനി

അവിടെശ്ശിവനേ കഥിക്കുവാൻ
പവിയോ നാവു? നിനയ്ക്കുവാൻ മനം
അവിതർക്കിതമല്ല പാറയോ?
കവിയും ഹന്ത മനുഷ്യനല്ലയോ?

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

---

[214] [*ഉമേഷ്*] **ശ്ലോകം 3.1178 :** മൂലപദ്യം (ഉമർ ഖയ്യാം) :
For *Is* and *Is-not* though with Rule and Line
And *Up* and *Down* by Logic I define,
Of all that one should care to fathom, I
was never deep in anything but – Wine.

### 3.1183 അടിയനിനിയുമുണ്ടാം വേല. . . (ബാലേന്ദു)

മാലിനി

അടിയനിനിയുമുണ്ടാം വേലയെന്നാലതങ്ങാ
ഝടിതി ധനികനാക്കും ഗൾഫിലാകട്ടെ ഷേയ്ക്കേ
അടിമുടി പവനാലേ മൂടണം വീട്ടുകാരേ–
യുടനടിയതു പറ്റില്ലിന്നുമെൻ കീശ കാലി

കവി : **ബാലേന്ദു**

### 3.1184 അടിയനിനിയുമുണ്ടാം ജന്മം. . . (ഉമേഷ്)

മാലിനി

അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ–
മടി മുതൽ മുടിയോളം നിന്നിലാകട്ടെ തായേ!
അടിമലരിണ വേണം താങ്ങുവാൻ, മറ്റൊരേട–
ത്തടിയുവതു ഞെരുക്കം മുക്തി സിദ്ധിക്കുവോളം!

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*. കഴിഞ്ഞ ശ്ലോകം ഇതിന്റെ ഹാസ്യാനുകരണമാണ്.

### 3.1185 അങ്ങോട്ടിങ്ങോട്ടുഴന്നും. . . (കർത്താ)

സ്രഗ്ദ്ധര

അങ്ങോട്ടിങ്ങോട്ടുഴന്നും, വിപിനഭുവി തളർന്നും, വിചാരം കലർന്നും,
തുങ്ഗാതങ്കം വളർന്നും, തൃണതതിഷു കിടന്നും, സുരേന്ദ്രാനിരന്നും,
തിങ്ങും ഖേദം മറന്നും, ദിവസമനു നടന്നീടുമന്നൈഷധേന്ദ്രൻ
വൻകാട്ടിൽ കാട്ടുതീ തൻ നടുവിലൊരു ഗിരം കേട്ടു വിസ്പഷ്ടവർണ്ണാം.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

### 3.1186 തായാരാകട്ടെ, തൻ നാട്ടുടയ. . . (ഉമേഷ്)

സ്രഗ്ദ്ധര

തായാരാകട്ടെ, തൻ നാട്ടുടയ പുകളെഴും തമ്പുരാനാട്ടെ, യാരും
ന്യായാപേതം നടന്നാ, ലവരുടെ തലയിൽക്കണ്ഠകോടാലിയൊപ്പം
പായാറാക്കി, ബ്ഭയത്തെപ്പകലിരവൊരുപോൽ പാപികൾക്കുള്ളിലേകം
മായാവിപ്രേന്ദുവിൽച്ചെന്നടിയുക മനമേ, മറ്റിടം ചുറ്റിടാതെ!

കവി : **ഉള്ളൂർ**

### 3.1187 പരപുരുഷനിലാശ. . . (മധുരാജ്)

പുഷ്പിതാഗ്ര

പരപുരുഷനിലാശവിട്ടു നിത്യം
പരപുരുഷങ്കൽ നിലീനചിത്തയായി
പരമരുളിന ലക്ഷ്മി ഭർത്തൃസേവാ–
പര, ഹരിപാർശ്വമലംകരിച്ചിരുന്നു

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1188 പാറാൻ പിഞ്ചുകിടാങ്ങളെ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

പാറാൻ പിഞ്ചുകിടാങ്ങളെപ്പരിചയിപ്പിക്കുന്നൊരീ വേല തീ–
രാറായ്, തീരെ മുളച്ചുമില്ല ചിറകെ,ന്മക്കൾക്കൊരാൾക്കെങ്കിലും
പാറാവായിരുൾ പിന്നിൽ വന്നമരുമീയന്തിക്കുമാഹന്ത ചേ–
ക്കേറാൻ ഭാഗ്യമെഴാതെ,യിപ്പറവ തെണ്ടാറായിരക്കീശ്വരാ!

കവി : ടി. എം. വി.

## 3.1189 പന്തിടഞ്ഞ കുളുർകൊങ്ക. . . (കർത്താ)

കുസുമമഞ്ജരി

പന്തിടഞ്ഞ കുളുർകൊങ്ക രണ്ടുമിടതിങ്ങി കിഞ്ചന കുലുങ്ങിയും
പന്തടിച്ചു ഗിരിശന്നു നേരെയൊരു മന്ദമാം ഗതിവിലാസവും
ചന്തമാർന്നൊരു ലലാടവും ഭുവനമോഹനം ചില കടാക്ഷവും
ചിന്തചെയ്‌വതിനു മേ വരം തരിക ശംഭുമോഹിനി! ദിവാനിശം.

കവി : കോട്ടയത്തു തമ്പുരാൻ

## 3.1190 ചന്തം ചേർന്നെന്റെ മാറത്ത്. . . (ബാലേന്ദു)

സ്രഗ്ദ്ധര

"ചന്തം ചേർന്നെന്റെ മാറത്തിരുകുരു വളരെ സ്പഷ്ടമായുണ്ടു കാണ്മൂ;
എന്താണീ രോഗമമ്മേ? പ്രതിവിധി പറയൂ, വേദനിക്കുന്നതില്ലാ!"
"ഗ്രന്ഥിദ്വന്ദ്വം മനസ്സിൻ തരുണമദരസത്തിന്നു, വാർദ്ധക്യമത്രേ–
വൈദ്യൻ, നോവാർന്നിടാ നീ, യവശതയവയെക്കാണ്മവോർക്കാണു മോളേ!"

## 3.1191 ഗംഗാവീചിപരമ്പരയ്ക്കു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഗംഗാവീചിപരമ്പരയ്ക്കു മദമമ്പേ പോം പദാഡംബരാ–
സംഗത്തോടു, മകം കുളിർക്കുമൊരു ഭാവാഭാപ്രഭാവത്തൊടും,
സംഗീതത്തൊടു ലേശബന്ധമെഴുമാലാപക്കൊഴുപ്പോടുമാ
രംഗസ്ഥർക്കു രസം വളർത്തി വളരൂ നീയക്ഷരശ്ലോകമേ!

കവി : ടി. എം. വി.

## 3.1192 സൂര്യപുത്രവിജയത്തിനായ്. . . (ബാലേന്ദു)

രഥോദ്ധത

സൂര്യപുത്രവിജയത്തിനായ് ഛലം
സൂര്യവംശജനനത്തിലാർന്നവൻ
സൂതനായ്ക്കപടനാട്യമാടിനാൻ
സൂതപുത്രഹനനത്തിനായഹോ!

കവി : ബാലേന്ദു

## 3.1193 സാരമുള്ള വചനങ്ങൾ. . . (ഉമേഷ്)

രഥോദ്ധത

സാരമുള്ള വചനങ്ങൾ കേൾക്കിലും
നീരസാർത്ഥമറിയുന്നു ദുർജ്ജനം
ക്ഷീരമുള്ളൊരകിടിൻ ചുവട്ടിലും
ചോര തന്നെ കൊതുകിന്നു കൗതുകം!

## 3.1194 ക്ഷിതിയിലഹഹ. . . (കർത്താ)[215]

അപരവക്ത്രം

ക്ഷിതിയിലഹഹ! മർത്ത്യജീവിതം
പ്രതിജനഭിന്നവിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ.

കവി : **കുമാരനാശാൻ**, കൃതി : ലീല

## 3.1195 പ്രാലേയശൈലരുചിയാം. . . (ഉമേഷ്)

വസന്തതിലകം

പ്രാലേയശൈലരുചിയാം നിജമാളികക്കു
മേലേറി, മോടി തടവുന്ന വരാന്തയിങ്കൽ,
മാലേന്തി വാട്ടമുഷ മന്ദിതചേഷ്ടയായി–
ട്ടാലേഖ്യരൂപിണി കണക്കഥ കാണമാറായ്.

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.1196 മെയ്യിൽ പാർവതി പാതി. . . (ജ്യോതി)[216]

ശാർദ്ദൂലവിക്രീഡിതം

മെയ്യിൽ പാർവ്വതി പാതി, പാതി ഹരിയും പങ്കിട്ടെടുത്തീടവേ
പോയല്ലോ ഹരനെന്ന ഗംഗയുടനേ ചെന്നങ്ങു ചേർന്നാഴിയിൽ
വാനത്തമ്പിളിലേഖ, പാമ്പു കുഴിയിൽ, സർവജ്ഞതാധീശതാ–
സ്ഥാനം രണ്ടു ഭവാങ്ക, ലെങ്കലുമഹോ ഭിക്ഷാടനം ഭൂപതേ!

കവി : **എ. ആർ. രാജരാജവർമ്മ**

## 3.1197 വ്യാളം ബാലമൃണാളതന്തുഭിരസൗ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വ്യാളം ബാലമൃണാളതന്തുഭിരസൗ രോദ്ധും സമുജ്ജൃംഭതേ;
ഭേത്തും വജ്രമണിം ശിരീഷകുസുമപ്രാന്തേന സന്നഹ്യതേ;
മാധുര്യം മധുബിന്ദുനാ രചയിതും ക്ഷാരാംബുധേരീഹതേ;
മൂർഖാൻ യഃ പ്രതിനേതുമിച്ഛതി ബലാത് സൂക്തൈഃ സുധാസ്യന്ദിഭിഃ

കവി : **ഭർത്തൃഹരി**, കൃതി : *നീതിശതകം*

## 3.1198 മാന്യത്വം കലരും പ്രിയന്റെ. . . (കർത്താ)[217]

ശാർദ്ദൂലവിക്രീഡിതം

മാന്യത്വം കലരും പ്രിയന്റെ ഗൃഹണീസ്ഥാനം വഹിച്ചായതി–

---

[215] **ബാലേന്ദു** ചൊല്ലിയ *ക്ഷോണീതലത്തിലൊരു. . .* മുമ്പേ ചൊല്ലിയതാകയാൽ പകരം ചൊല്ലിയ ക്ഷ-പ്ര ശ്ലോകം.

[216] [*ഉമേഷ്*] ശ്ലോകം **3.1196 :** മൂലശ്ലോകം (**കാളിദാസൻ**) :

അർദ്ധം ദാനവവൈരിണാ, ഗിരിജയാപ്യർദ്ധം ശിവസ്യാഹൃതം
ദേവേത്ഥം ധരണീതലേ സ്മരഹരാഭവേ സമുന്മീലതി
ഗംഗാ സാഗര, മംബരം ശശികലാ, നാഗാധിപഃ ക്ഷ്മാതലം,
സർവജ്ഞത്വമധീശ്വരത്വമഗമത്ത്വാം, മാം ച ഭിക്ഷാടനം!

[217] [*ഉമേഷ്*] ശ്ലോകം **3.1198 :** മൂലശ്ലോകം (**കാളിദാസൻ**) :

അഭിജനവതോ ഭർത്തുഃ ശ്ലാഘ്യേ സ്ഥിതാ ഗൃഹിണീപദേ

ന്നൗന്നത്യത്തിനു തക്ക ജോലി പലതും ചെയ്യേണ്ട ഭാരത്തൊടേ
ഐന്ദ്രിക്കർക്കനതെന്നപോലെ സുതനും പാരാതെ സംജാതനായ്
നന്ദിക്കുമ്പോൾ നിനയ്ക്കയില്ല, മകളേ, നീയെൻ വിയോഗവ്യഥ.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.1199 എന്നോ തായ്നാട്ടിൽനിന്നും. . . (ബാലേന്ദു)

സ്രഗ്ദ്ധര

എന്നോ തായ്നാട്ടിൽനിന്നും തിരികെ വരവിലക്കൈരളിത്തയ്യുകൊണ്ടേ–
പോന്നെൻ പുത്തൻഗൃഹത്തിന്നരികിലതിനെ വാഴിച്ചു പാലിച്ചു നന്നായ്;
ഇന്നാളക്കൊന്ന പൂത്തു; കനകനിഭമലർത്തോരണം വീശിനിൽപ്പൂ
കുന്നും പൊന്നോളവും കാത്തിടുമൊരു ധരതൻ പൊൻകൊടിക്കൂറപോലെ.

കവി : **ബാലേന്ദു**

## 3.1200 ഇര വിഴുങ്ങിയ പാമ്പു. . . (ജ്യോതി)

ദ്രുതവിളംബിതം

ഇര വിഴുങ്ങിയ പാമ്പു മടയ്ക്കകം
വയർ പെരുത്തുഴലുന്നതു പോലെയാം
വിഷയബന്ധിത കർമ്മഫലങ്ങളാൽ
വിവശർ ഭോഗികളീ ഭവകന്ദരേ

കവി : **മധുരാജ്**

---

വിഭവഗുരുഭിഃ കൃത്യൈസ്തസ്യ പ്രതിക്ഷണമാകലാ
തനയമചിരാത് പ്രാചീവാർക്കം പ്രസൂയ ച പാവനം
മമ വിരഹജാം ന ത്വം വത്സേ! ശുചം ന ഗണയിഷ്യസി.

## 3.1201 വിഷമിറക്കിയ പാമ്പു. . . (ബാലേന്ദു)

ദ്രുതവിളംബിതം

വിഷമിറക്കിയ പാമ്പു മടങ്ങവേ
വിഷമമോടെ ഗമിപ്പതുപോലെയാം
ജനമതം കിടയാതെയിലക്ഷനിൽ
വലിയ തോൽവി പിണഞ്ഞൊരു ലീഡറും.

കവി : **ബാലേന്ദു**

## 3.1202 ജനകനെന്തരുളും. . . (കർത്താ)

ദ്രുതവിളംബിതം

ജനകനെന്തരുളും തെളിവോടു മി–
ജ്ജനമതിൻപടി ചെയ്തിടുമെന്നതും
ജനകനണ്ടിവനിൽ പ്രിയമെന്നതും
ജനത കണ്ടറിയട്ടെ; ഗമിക്ക നാം.

കവി : **കട്ടക്കയം**, കൃതി : *ശ്രീയേശു വിജയം*

## 3.1203 ജീവിക്കാൻ മാറിമാറിക്കഴകം. . . (ബാലേന്ദു)

സ്രഗ്ദ്ധര

ജീവിക്കാൻ മാറിമാറിക്കഴകമഴിമതിക്കള്ളദൈവങ്ങൾവാഴും
കോവിൽക്കെട്ടിൽക്കടന്നൂ, പലകറി വെറുതേയീറനേറ്റേണ്ടി വന്നൂ,
തേവർക്കായ് വച്ച നേദ്യപ്പടകൾ കവരുമെമ്പ്രാനെയും തൻ വിളക്കാൽ
സേവിക്കാൻ വന്ന യോഗം, തവ നിപുണകവേ, ജാതകം ജാതിതന്നെ!

കവി : **എൻ.കെഡേശം** , കൃതി : *(എൻ.വി.കൃഷ്ണവാര്യരേപ്പറ്റി)*

## 3.1204 തദന്ന മൃദുലഹാസീ. . . (ജ്യോതി)

മാലിനി

തദന്ന മൃദുലഹാസീ വേണുനാദാപഹാസീ
മധുരതരമഗാസീദ്രൂഢരാഗൈർവിലാസീ
പശുപയുവതിജാതൈരീശ സാകം സുജാതൈഃ
പുരുസുകൃതസമേതൈർഭ്ഭൂരിസമ്മോദമേതൈഃ

കവി : **മാനവേദരാജാ**, കൃതി : *കൃഷ്ണഗീതി*

## 3.1205 പനിമലമകൾ താനായ്. . . (ബാലേന്ദു)

മാലിനി

പനിമലമകൾ താനായ്പ്പാതിദേഹം വരേക്കും
കനിവിനൊടപരത്തോൽ താനുമായിട്ടിരിക്കും
പനിമതികല ചൂടും സച്ചിദാനന്ദരൂപം
ജനിമൃതിഭവഖേദം തീർത്തു മാം കാത്തിടേണം

## 3.1206 പല്ലക്കേറി മനോജ്ഞമംഗള. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പല്ലക്കേറി മനോജ്ഞമംഗളവിളക്കേന്തി ശ്മശാനത്തിൽ വ–
ന്നല്ലൽപ്പാടൊടിറങ്ങി നോക്കി നടുവേ നിന്നന്യ കേഴുന്നഹോ!
ഫുല്ലശ്രീ ഹരികേളു പാറിയ രഥം വിട്ടെത്തി ദൂരത്തുപോയ്
തെല്ലന്തർഗ്ഗതമാർന്നു നിന്നു വിലപിച്ചീടുന്നു മൂന്നാമവൾ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1207 ഫണശൃംഗസഹസ്ര. . . (ജ്യോതി)[218]

ഫണശൃംഗസഹസ്രവിനിസ്സൃമര–
ജ്വലദഗ്നികണോഗ്രവിഷാംബുധരം
പുരതഃ ഫണിനം സമലോകയഥാ
ബഹുശൃംഗിണമഞ്ജനശൈലമിവ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം (55)*

## 3.1208 പാരമുണ്ടു ഗുണമിജ്ജഗത്തിൽ. . . (ബാലേന്ദു)

പാരമുണ്ടു ഗുണമിജ്ജഗത്തിൽ നി–
സ്സാരമെങ്കിലുമെഴും കിറുക്കിനാൽ;
നേരെയല്ലിവിടെയൊന്നുമാകയാൽ
നേർമതിക്കധികമാണു ദുർഘടം!

കവി : **ബാലേന്ദു**

## 3.1209 നിനയ്ക്കണം പുത്രരിൽ. . . (ഉമ)

വംശസ്ഥം

നിനയ്ക്കണം പുത്രരിൽ മീതെയായിയും
കനത്ത വാൽസല്യമൊടിക്കുലീനനെ
നിനക്കു ഗർഭപ്രസവാദിപീഡയാൽ
മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ

കവി : **വള്ളത്തോൾ** , കൃതി : *ശിഷ്യനും മകനും*

## 3.1210 നനയ്ക്കണം മറ്റവയോടു. . . (ബാലേന്ദു)

വംശസ്ഥം

നനയ്ക്കണം മറ്റവയോടു ചേർത്തിടാ–
തുണക്കണം; വർണ്ണമെഴുന്നൊരീത്തുണി;
നിനക്കു റോട്ടിന്നരികത്തു പേശലാൽ
പണം കുറച്ചേകി ലഭിച്ചതല്ലയോ?

കവി : **ബാലേന്ദു**. മുൻശ്ലോകത്തിന്റെ ഹാസ്യാനുകരണം.

## 3.1211 നമുക്കെന്തു നാമം. . . (കർത്താ)

ഭുജംഗപ്രയാതം

നമുക്കെന്തു നാമം? നമുക്കെന്തു രൂപം?

---

218 [*ഉമേഷ്*] **ശ്ലോകം 3.1207 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ഫണശൃംഗസഹസ്രമുതിർത്തൊരു തീ–
പ്പൊരി ചിന്തി വിഷക്കെടുനീർ ചൊരിയും
ഫണി വന്നിതു മിന്നലെഴും മുകിലൊ–
ത്തുരുശൃംഗകമാം കരിമാമല പോൽ.

നമുക്കെന്ന വാക്കും മറക്കേണ–മെന്നാൽ
മിഴിപ്പീലിയിൽത്തങ്ങി നിൽക്കുന്നൊരിറ്റിൽ
മഹാകാലയാത്രയ്ക്കശാന്താഭിലാഷം!

കവി : **വി. മധുസൂദനൻ നായർ**, കൃതി : *നമുക്കിനി മറക്കാം*

## 3.1212 മെല്ലേ വെയ്ക്കുമൊരോ പദം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

മെല്ലേ വെയ്ക്കുമൊരോ പദം, ചുഴലവും ശബ്ദങ്ങളെത്തേടിടും,
നല്ലോരർത്ഥഗണം കൊതിച്ചിട്ട, മലങ്കാരങ്ങൾ കൈക്കൊണ്ടിടും,
ഭാഷയ്ക്കുള്ള സുവർണ്ണമൊക്കെയുമെടുത്തീടും ക്ഷണത്തിൽ, സദാ
ദോഷാന്വേഷണതത്പരൻ കവിവരൻ ചോരന്നു തുല്യൻ ദൃഢം

കവി : **കെ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.1213 ഭദ്രം പഴുത്തു പരിപാകരസം. . . (കർത്താ)

വസന്തതിലകം

ഭദ്രം പഴുത്തു പരിപാകരസം പകർന്ന
മൃദ്വീകതന്മധുരമേ മമ തമ്പുരാനേ!
ഖദ്യോതകാന്തിവടിവേ കതിരേ കലർന്ന
ഹൃദ്ദീപമേ! ഹൃദയമേ! ഹിതമേ തൊഴുന്നേൻ!

കവി : **കുമാരനാശാൻ**, കൃതി : *ശിവസുരഭി*

## 3.1214 ഖഡ്ഗം പൊന്മണിവീണയാക്കി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ഖഡ്ഗം പൊന്മണിവീണയാക്കി; യൊഴുകും കാറ്റിന്റെയീണങ്ങളും
സർഗ്ഗോപാസകശക്തിതന്റെ വിജയം വാഴ്ത്തുന്ന സൂക്തങ്ങളും
സ്വർഗ്ഗം തേടിയ ഗാനവും പുഴകൾതൻ വെൺനൂപുരക്വാണവും
വർഗ്ഗോൽകർഷചരിത്രവാഗ്മി വയലാർ പാട്ടാക്കി മീട്ടുന്നിതാ.

കവി : **ബാലേന്ദു**

## 3.1215 സ്രഷ്ടാവിന്റെ വിശിഷ്ടശിൽപ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സ്രഷ്ടാവിന്റെ വിശിഷ്ടശിൽപരചനാചാതുര്യവായ്പിന്ന നൽ–
ദൃഷ്ടാന്തം, രസികോപമർദ്ദവിധി നിർബ്ബാധസ്രവത്സദ്രസം
മൃഷ്ടാസ്വാദനയോഗ്യ, മിഷ്ടവിഭവാശ്ലിഷ്ടം, സമസ്തേന്ദ്രിയാ–
ഭീഷ്ടാപാദനകർമ്മധർമ്മ, മമലം, സത്കാവ്യമിക്കാമിനി.

കവി : **ടി. എം. വി.**

## 3.1216 മുന്നോട്ടു നീങ്ങുന്നു. . . (കർത്താ)[219]

മുന്നോട്ടു നീങ്ങുന്നു ജഡം ശരീരം,

[219] [*ഉമേഷ്*] ശ്ലോകം **3.1216 :** മൂലശ്ലോകം (**കാളിദാസൻ**) :
ഗച്ഛതി പുരഃ ശരീരം / ധാവതി പശ്ചാദസംസ്തുതം ചേതഃ
ചീനാംശുകമിവ കേതോഃ / പ്രതിവാതം നീയമാനസ്യ.

പിന്നോട്ടു പായുന്ന മനസ്സനീശം;
ഭിന്നിച്ച കാറ്റത്തു നയിച്ചിടുമ്പോൾ
ചിന്നം കൊടിയ്ക്കുള്ളൊരു ക്കുറ പോലെ.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.1217 ഭോജ്യം സാധു പയഃ. . . (ഉമേഷ്)[220]

ശാർദ്ദൂലവിക്രീഡിതം

ഭോജ്യം സാധു പയഃ സ്ഥിതിർമണിഗണൈരാരഞ്ജിതേ പഞ്ജരേ
ദൂരേ ചിന്തയിതും ച ദംശമശകാഃ പാരേ ഗിരാം ലാളനം
സത്യം സർവ്വമഥാപി കാനനഭുവി സ്വാച്ഛന്ദ്യമവ്യാഹതം
ധ്യായന്തീ വിമനാമനാഗപി ശുകീ നാലംബതേ നിർവൃതിം

കവി : **നീലകണ്ഠദീക്ഷിതർ**, കൃതി : *അന്യാപദേശശതകം*

## 3.1218 സരളേ, പരിഭ്രുതി. . . (കർത്താ)

വിയോഗിനി

സരളേ, പരിഭ്രുതിനിസ്സഹാ
കിമഭിക്രുധ്യസി വേധസം ശഠം
ഫണിനീവ മയൂരശാബകം
ഫണമാണിക്യഹഠാപഹാരിണം.

കവി : **എ.ആർ. രാജരാജവർമ്മ**, കൃതി : *പിതൃപ്രലാപഃ*

## 3.1219 ഫലത്തിലില്ലാശ. . . (ജ്യോതി)

ഉപേന്ദ്രവജ്റ

ഫലത്തിലില്ലാശ നിനക്കു തെല്ലും
തഥാപിയേകുന്നു നറും സുമങ്ങൾ
എനിയ്ക്കുമീവിദ്യ പകർന്നു നൽകൂ
ലതേ! നമിയ്ക്കുന്നിഹ കൂപ്പുകൈ തേ

കവി : **ജ്യോതിർമയി**

## 3.1220 എന്നിട്ടെല്ലാവരും പോ, യറയിൽ. . . (ഉമേഷ്)

സ്രഗ്ദ്ധര

"എന്നിട്ടെല്ലാവരും പോ, യറയിലിരുവരായ് – ഞാനുമദ്ദേഹവും", "ചൊ–
ല്ലെന്നി?", "ട്ടെൻ തോഴിമാരേ, ദയിതനൊടൊരുമിച്ചത്ര ഞാൻ പോയ്ക്കിടന്നു",
"എന്നി?", "ട്ടെന്നിട്ടു തേങ്ങാക്കുല", "പറയു സഖീ" യെന്നു നിർബ്ബന്ധമായി–
ച്ചൊന്നപ്പോളുൾത്രപാബന്ധുരമുഖകമലം പൊത്തിയസ്സാധു കേണാൾ!

കവി : **വി. കെ. ജി.**

## 3.1221 എണ്ണ തീർന്ന തിരി. . . (ബാലേന്ദു)

രഥോദ്ധത

എണ്ണ തീർന്ന തിരി കത്തിനിന്നിടും
വണ്ണമാണു മനുജന്റെ വാർദ്ധകം
വെട്ടമില്ല, ചെറുചൂടുമില്ലഹോ!
കെട്ടുപോയിടുമനങ്ങിയാലുടൻ.

കവി : **വൈരശ്ശേരി കെ.എൻ. നമ്പൂതിരി**

## 3.1222 വെണ്ണ തോൽക്കുമുടലിൽ. . . (ഉമേഷ്)

രഥോദ്ധത

വെണ്ണ തോൽക്കുമുടലിൽ സുഗന്ധിയാ–
മെണ്ണ തേ, ച്ചരയിലൊറ്റമുണ്ടുമായ്,
തിണ്ണ മേലമരുമാ നതാംഗി മു–
ക്കണ്ണനേകി മിഴികൾക്കൊരുത്സവം.

കവി : **വള്ളത്തോൾ**, കൃതി : *ഗണപതി*

## 3.1223 തെളിഞ്ഞൂ ദിക്പാളീ. . . (വിശ്വപ്രഭ)

ശിഖരിണി

തെളിഞ്ഞൂ ദിക്പാളീ, സരസികളിലംഭോരുഹകലം
വിരിഞ്ഞൂ, പൂന്തേനിൻ കൊതിയൊടു വലഞ്ഞൂ മധുകരം,
കുറഞ്ഞൂ മേഘച്ചാർത്തധിഗഗനമേറ്റം തെളിമകൊ–
ണ്ടണിഞ്ഞൂ ചന്ദ്രാർക്കൗ ശിവ ശിവ ശരത്ക്കാലമഹിമാ

കവി : **പൂനം നമ്പൂതിരി**, കൃതി : *ഭാഷാ രാമായണചമ്പു*

## 3.1224 കളം കറുത്ത കൊണ്ടലുണ്ടിരുണ്ട. . . (കർത്താ)

പഞ്ചചാമരം

കളം കറുത്ത കൊണ്ടലുണ്ടിരുണ്ട കൊണ്ട കണ്ടെഴും–
കളങ്കമുണ്ട കണ്ഠനെങ്കിലും കനിഞ്ഞുകൊള്ളുവാൻ
ഇളമ്പിറക്കൊഴുന്നിരുന്ന മിന്നുമുന്നതത്തല–
ക്കുളം കവിഞ്ഞ കോമളക്കുടം ചുമന്ന കുഞ്ജരം.

കവി : **ശ്രീനാരായണഗുരു**, കൃതി : *സദാശിവദർശനം*

## 3.1225 ഇരിക്കുവാൻ നിവൃത്തിയില്ല. . . (ബാലേന്ദു)

പഞ്ചചാമരം

ഇരിക്കുവാൻ നിവൃത്തിയില്ല സീറ്റുപോകുമേൽക്കുകിൽ
ശരിക്കനങ്ങുവാനുമില്ലിടം ശ്വസിച്ചിടാനുമേ
അനക്കമറ്റു നാവിറങ്ങിയോരുമട്ടിലായി ഞാൻ
നിനച്ചു മണ്ടനായിതേ; അനർത്ഥമോ സ്വയംകൃതം

കവി : **ബാലേന്ദു**

---

[220] [*ഉമേഷ്*] **ശ്ലോകം 3.1217 :** പരിഭാഷ (**കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**) :

ക്ഷീരമുണ്ടു സരസം ഭുജിപ്പതി, നിരിപ്പതിന്നു മണിപഞ്ജരം,
ദൂരവേ മശകചിന്തയൊക്കെയു, മജസ്രമെത്ര പരിലാളനം,
നേരതൊക്കെയുമഥാപി കാനനവിഹാരമോർത്തു വിമനായിതാ
കീരസുന്ദരി കൃതാർത്ഥഭാവമണയുന്നതില്ല ലവലേശവും.

### 3.1226 അരിക്കകത്തു കൈവിരൽ. . . (ഉമേഷ്)

പഞ്ചചാമരം

അരിക്കകത്തു കൈവിരൽ പിടിച്ചുവച്ചൊരക്ഷരം
വരച്ച നാൾ തുടങ്ങിയെന്റെ മേൽഗതിയ്ക്കു വാഞ്ഛയാ
പരിശ്രമിച്ച പൂജ്യപാദരായൊരെൻ ഗുരുക്കളെ–
പ്പരം വിനീതയായി ഞാൻ നമസ്കരിച്ചിടുന്നിതാ!

കവി : **സിസ്റ്റർ മേരി ബെനീഞ്ജ**

### 3.1227 പൂങ്കാവാഴി വിവാഹം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പൂങ്കാ, വാഴി, വിവാഹ, മദ്രി, നഗരം, ദൗത്യം, കുമാരോദയം,
ശൃംഗാരം, മൃഗയാവിനോദന, മുതുക്കുട്ടം, ജലക്രീഡനം,
ചന്ദ്രാർക്കോദയ,മാഹവം, നിശ, യുഷ, സ്സാമന്ത്രണം, നായകോൽ–
ക്കർഷം തൊട്ട മനോജ്ഞവസ്തുനിവഹം വർണ്ണിക്കിൽ വൻ കാവ്യമാം.

### 3.1228 ചന്തക്കാർനടിനായകാദി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ചന്തക്കാർനടിനായകാദി, മരണം, ബോംബും കിരാതത്വവും,
സന്താനാദിനിയന്ത്രണം, മതപരം ശണ്ഠാസഹസ്രം തഥാ
മിണ്ടാപ്രാണിവധം, ധനാപഹരണം, സ്ത്രീപീഡനം, മൂഢനാം
മന്ത്രീചേഷ്ടിത – മാദിമാത്രമിതുനാൾ വർണ്ണിക്കിൽ വായിച്ചിടും

കവി : **ബാലേന്ദു**. മുൻശ്ലോകത്തിന്റെ ഹാസ്യാനുകരണം.

### 3.1229 മാനം ചേർന്ന ഭടന്റെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും,
മാനഞ്ചും മിഴി തൻ മനോരമണനിൽച്ചായുന്ന കൺകോണിലും,
സാനന്ദം കളിയാടിടുന്ന ശിശുവിൻ ദുവേർപ്പണിപ്പൂങ്കവിൾ–
സ്ഥാനത്തും, നിഴലിച്ചു കാണ്മു കവിതേ, നിൻ മഞ്ജുരൂപത്തെ ഞാൻ.

കവി : **വള്ളത്തോൾ**, കൃതി : *കവിത*

### 3.1230 സത്യം തെല്ലുമിയന്നിടാതെ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

സത്യം തെല്ലുമിയന്നിടാതെ പലതും വാഴ്ത്തും പരസ്യത്തിലും
നിത്യം മോഡൽ ചമഞ്ഞിടുന്ന നടിതൻ ശുഷ്കസ്തനാദ്യത്തിലും
സ്വാർത്ഥപ്രേരിതകുത്സിതാഭയിയലും വാഗ്ദാനപത്രത്തിലും
തീർത്തും കാണുകയില്ല ധന്യകവിതേ, നിൻ മുഗ്ദ്ധഭാവം ദൃഢം.

കവി : **ബാലേന്ദു**. മുൻശ്ലോകത്തിന്റെ ഹാസ്യാനുകരണം.

### 3.1231 സാപത്ന്യം പൂണ്ടു കൂട്ടാർക്കുറുതി. . . (കർത്താ)

സ്രഗ്ദ്ധര

സാപത്ന്യം പൂണ്ടു കൂട്ടാർക്കുറുതി വരുവതിൽ കാന്തമാരേതുമത്രേ
ലോപംകൂടാത്ത മോദം ഹൃദി, ഭവതി മറിച്ചാവതെന്തീവിധത്തിൽ?
ചാപം തോൽക്കുന്നതാം നിൻ പുരികമൊഴികെ മറ്റൊന്നിലും തന്നെയീ ഞാൻ
രോപം സന്ധിച്ചനാൾതൊട്ടിതുവരെയടിമപ്പെട്ടതായ് കേട്ടതില്ല

കവി : **ഉള്ളൂർ**, കൃതി : *സുജാതോദ്വാഹം*

## 3.1232 ചലാപാംഗം ദൃഷ്ടഃ. . . (ജ്യോതി)[221]

ശിഖരിണി

ചലാപാംഗം ദൃഷ്ടഃ സ്പൃശസി ബഹുശോ വേപഥുമതീം
രഹസ്യാഖ്യായീവ സ്വനസി മൃദുകർണ്ണാന്തികചരഃ
കരൗ വ്യാധുന്വത്യാഃ പിബസി രതിസർവസ്വമധരം
വയം തത്ത്വാന്വേഷാന്മധുകര, ഹതാ, സ്ത്വം ഖലു കൃതീ!

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

## 3.1233 കടുക്കും കാഠിന്യം തടവിന. . . (ഉമേഷ്)

ശിഖരിണി

കടുക്കും കാഠിന്യം തടവിന തപത്തിൻ കടുത ക–
ണ്ടെടുക്കാൻ സ്വം രൂപം ത്വരയൊടുമഥാദ്രീന്ദ്രജയുടെ
പടുത്വം ചേർന്നീടും ചടുമൊഴികൾ കേട്ടിട്ടതിരസാൽ
മടിച്ചും വാണോരത്ത്രിപുരരിപു നൽകട്ടെ കുശലം.

കവി : **എ. ആർ. രാജരാജവർമ്മ**

## 3.1234 പാടിക്കേട്ടതു പാട്ടുപെട്ടു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പാടിക്കേട്ടതു പാട്ടുപെട്ടു പറയാറാകുമ്പൊഴേയ്ക്കും കിളി–
ക്കൂടിൻനേർക്കു കുതിച്ചിടുന്ന മരണം കള്ളക്കരിമ്പൂച്ചയായ്
ആടും കൂട്ടിനകത്തിരുന്ന കരുണം കേഴുന്നൊരിപ്പക്ഷിയെ–
ക്കൂടെക്കൂടെയലട്ടിടും പണി, സഖേ പാടില്ല പാടില്ല മേൽ!

കവി : **വി.കെ.ജി**

## 3.1235 ആരോ വിട്ടൊരു ‘ചൂട്ട’ കത്തിയ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

“ആരോ വിട്ടൊരു ‘ചൂട്ട’ കത്തിയ ദൃഢം, ചൂടുള്ളതല്ലെങ്കിൽ നിൻ
താരോടൊത്ത കരദ്വയത്തിനിതെടുക്കുമ്പോൾ വിയർപ്പോലുമോ?”
ആരോമൽക്കണവന്റെ കാമലിഖിതം നോക്കിസ്സുഖിക്കുന്ന പോ–
തോരോന്നീവിധമോതി തോഴി കളിയാക്കുന്നു കയൽക്കണ്ണിയെ.

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.1236 ആരോടും ദീനദേഹസ്ഥിതിഗതികൾ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ആരോടും ദീനദേഹസ്ഥിതിഗതികൾ മൊഴിഞ്ഞീല, തേങ്ങിക്കരഞ്ഞീ–
ലോരോ ജീവാണുവും ദുർമ്മൃതിയുടെ പിടിയിൽപ്പെട്ടലട്ടുമ്പൊഴും നീ;

[221] [*ഉമേഷ്*] ശ്ലോകം **3.1232 :** പരിഭാഷ (എ. ആർ. രാജരാജവർമ്മ) :

തൊട്ടീടും മൃദുമെയ്യിൽ നീ, യിവളുടൽ ഞെട്ടിക്കടാക്ഷിച്ചിടും,
മുട്ടിക്കാതിനടുത്തു ചെന്നു മുരളും തൻ കാര്യമോതും വിധം,
വീശിക്കൈ കുടയുമ്പൊഴെത്തി നുകരും സത്തായ ബിംബാധരം;
മോശം പറ്റി നമുക്കു തത്ത്വമറിവാൻ പോയിട്ടു, നീ താൻ കൃതി!

നേരോതാം സ്തബ്ധനായേ, നെഴുതി മഷിയുണങ്ങാത്ത പദ്യങ്ങൾ വായി–
ച്ചാ രോഗം കൂടി ഞെട്ടും പടി പല വെടി പൊട്ടിച്ചു പൊട്ടിച്ചിരിക്കേ.

കവി : **എൻ.കെ. ദേശം** , കൃതി : *(കവി കക്കാടിനെപ്പറ്റി)*

## 3.1237 നെഞ്ചിൽക്കാണാവു നാം. . . (ഉമേഷ്)

സ്രഗ്ദ്ധര

നെഞ്ചിൽക്കാണാവു നാ, മക്കതിരൊളി തിരളും ധീരനെ, ബ്ഭസ്മരേഖാ–
മഞ്ജുശ്രീഫാലപാർശ്വേ കലയുടെ കുറി ചൂടുന്നൊരത്തമ്പുരാനെ,
കുഞ്ഞിക്കയ്യാൽ വലിക്കെ, ക്കവിത കസവു നീട്ടുന്ന തോൾമുണ്ടു ചേരും
കുഞ്ഞിക്കുട്ടാഖ്യനെ, സ്സസ്മിതസിതമണിയാം വിസ്മയം തഞ്ചുവോനെ.

## 3.1238 കാതിൽക്കേൾക്കാവു ഞാൻ. . . (ബാലേന്ദു)

സ്രഗ്ദ്ധര

കാതിൽക്കേൾക്കാവു ഞാനെപ്പൊഴുതുമരമണിച്ചാർത്തൊലിക്കൊത്തിണങ്ങും
തോതിൽപ്പൊങ്ങും ചിലങ്കച്ചിലുചിലുനിദനം കാൽച്ചിലമ്പൊച്ചയോടും
പ്രീതിക്കെന്നുണ്ടു വേറിട്ടടിയനിതു കണക്കായതൊന്നിങ്കലല്ലാ–
തേതിൽ സ്പന്ദിച്ചിടും പാരിതിനുടെ കളസംഗീത സാരസ്യസാരം!

## 3.1239 പിച്ചക്കാരൻ കുബേരൻ. . . (ഉമേഷ്)

സ്രഗ്ദ്ധര

പിച്ചക്കാരൻ കുബേരൻ, പിതൃപതി സുകൃതാഘ്ലാനഭിജ്ഞൻ, വിരൂപൻ
പച്ചക്കാമൻ, പതംഗൻ പകൽമതി, പരവാൻ പദ്മനാഭാഗ്രജാതൻ,
അർച്ചിഷ്മാനപ്രഭാംഗൻ, ധിഷണനധിഷണൻ, നിന്റെ പാദാംബുജത്താ–
ർച്ചിക്കും മർത്ത്യനെക്കണ്ടറിയുമവനുമേ പാപനിഷ്ഠൻ വസിഷ്ഠൻ!

കവി : **ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ**

## 3.1240 ആവതോളമിഹ നിത്യവും. . . (ബാലേന്ദു)

രഥോദ്ധത

ആവതോളമിഹ നിത്യവും ഭജി–
ക്കാവതായ്പ്പല പദാർത്ഥമില്ലയോ?
പാവമീ നിരപരാധി പക്ഷിയെ–
ക്കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ!

കവി : **വള്ളത്തോൾ**, കൃതി : *കോഴി (സാഹിത്യമഞ്ജരി)*

## 3.1241 പാഞ്ചാലിയെക്കീചകൻ. . . (രാജേഷ്)[222]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പാഞ്ചാലിയെക്കീചകനെന്നപോലെ

[222] ഈ ശ്ലോകത്തിനു പല പ്രതികരണങ്ങളും ഉണ്ടായി. **ബാലേന്ദുവിന്റെ** *പൂനായിലുണ്ട്. . .* (ശ്ലോകം 3.1242), **ജ്യോതിയുടെ** *പൂന്തേന്മൊഴീ. . .* (ശ്ലോകം 3.1261) എന്നിവ കാണുക. **ഉമേഷിന്റെ** പ്രതികരണം താഴെച്ചേർക്കുന്നു:

ഒന്നല്ലൊത്തിരിയാളുകൾ വളരെ നാൾ കൈവെച്ചതാണെന്നെ, പി–
ന്നെൻ ദേഹം പണയം കൊടുത്തു പലരും ചൂതാടിടുന്നിപ്പൊഴും;
ഇന്നാ ദുഷ്ടകരങ്ങൾ വസ്ത്രമുരിയേ നിശ്ചേഷ്ടയായ് നില്പൂ, നീ
എന്തും ചെയ്യുകയിക്കോരാതനുവാമജ്ഞാതവാസസ്ഥയെ!

പുണർന്നിടാനായണയുന്നിതാ ഞാൻ
പൂന്തേൻമൊഴീ, കാവ്യമനോഹരീ, നിൻ
പൂമേനിയെന്തിത്ര കഠോരമാവാൻ?

കവി : **രാജേഷ് വർമ്മ**

## 3.1242 പൂനായിലുണ്ടു. . . (ബാലേന്ദു)

വസന്തതിലകം

പൂനായിലുണ്ടു മമ കാമുകനായൊരുത്തൻ
താനാണു ഭീമനിദമോർ‌ത്തു വസിച്ചിടുന്നോൻ
താനെന്നെയിങ്ങനെയിടയ്ക്കിടെ പൂണ്മതെങ്ങാ–
നാ നായർ കാൺകിലതു നല്ലതിനല്ല ചൊല്ലാം.

കവി : **ബാലേന്ദു. കഴിഞ്ഞ ശ്ലോകത്തിനുള്ള മറുപടി.**

## 3.1243 തയ്യായ നാളിലലിവാർന്നൊരു. . . (ഉമേഷ്)

വസന്തതിലകം

തയ്യായ നാളിലലിവാർന്നൊരു തെല്ലു നീർ തൻ
കയ്യാലണപ്പവനു കാമിതമാക നൽകാൻ
അയ്യായിരം കുല കലയ്പ്പൊരു തെങ്ങുകൾക്കു–
മിയ്യാളുകൾക്കുമൊരു ഭേദമശേഷമില്ല.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1244 ആകാശത്തുപിറന്നമേയകുതുകം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ആകാശത്തുപിറന്നമേയകുതുകം കൈക്കൊണ്ടിരിക്കും മഹാ–
രാകാശാരദശർവ്വരീശവദനേ വൈഷമ്യമുണ്ടെങ്കിലും
ഏകേണം മധുരാധരാമൃതമെനിക്കല്ലെങ്കിലാളൊന്നുടൻ
പോകേണം പുലയായ വസ്തുത ഗൃഹത്തിങ്കൽ ഗ്രഹിപ്പിക്കുവാൻ.

കവി : **ഒറവങ്കര**

## 3.1245 എന്നെപ്പോലുമെനിക്കു നേർവഴി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

എന്നെപ്പോലുമെനിക്കു നേർവഴി നയിക്കാനൊട്ടുമാകാത്ത ഞാ–
നന്യന്മാരെ നയിച്ചു നായകപദപ്രാപ്തിക്കു ദാഹിക്കയോ?
കന്നത്തത്തിനുമുണ്ടു മന്നിലതിരെന്നോർക്കാതെ തുള്ളുന്ന ഞാ–
നെന്നെത്തന്നെ മറന്നു – കല്ലുകളെറിഞ്ഞെൻ കാലൊടിച്ചു വിധേ!

കവി : **ചങ്ങമ്പുഴ**

## 3.1246 കാടത്തം കവിയായിടുന്നു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കാടത്തം കവിയായിടുന്ന പതിവുണ്ടീ നാട്ടിലല്ലെങ്കിലെൻ
മൂഢത്വത്തിനൊരർത്ഥമായി വിടരാനീമട്ടു സാധിക്കുമോ?
പാടില്ലെന്നു പറഞ്ഞുകൂട നിയതം നീ നിന്റെ പൊന്മോതിര–
ച്ചോടാൽപ്പൂക്കളമിട്ട നാവിനുലകം സൗന്ദര്യവൃന്ദാവനം.

കവി : **യൂസഫലി കേച്ചേരി**

## 3.1247 പട്ടിയ്ക്കാംതൊടിയിട്ട. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പട്ടിയ്ക്കാംതൊടിയിട്ട ചിട്ട, കവളപ്പാറയ്ക്കെഴും പ്രാഭവം
ചുട്ടിക്കെട്ടിൽ, മിനക്കിലോർക്ക കുടമാളൂരിൻ കടക്കൺകളി,
ഇഷ്ടംപോലെ രസം പകർന്നഭിനയം കുഞ്ചുക്കുറുപ്പിന്റെ,യൊ–
ട്ടൊട്ടല്ലൊക്കെയുമൊത്തുചേർന്ന നടനീത്തൗര്യത്രയീനായകൻ!

കവി : **കുത്തുള്ളി** , കൃതി : *കലാമണ്ഡലം കൃഷ്ണൻ നായർ സ്മരണ*

## 3.1248 ഇരുവശവുമിരിയ്ക്കുവോർ. . . (ഉമ)

പുഷ്പിതാഗ്ര

ഇരുവശവുമിരിയ്ക്കുവോരെണീറ്റു
തെരുതെരെയദ്ധ്വഗർ മാറിനിന്നു ദൂരാൽ
ഒരു ഭയബഹുമാനഭക്തി തിങ്ങി–
ത്തെരുവതു ഹന്ത നിതാന്തശാന്തമായി

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1249 ഒരു ദീപവുമിന്ദുവും. . . (ഋഷി)

വിയോഗിനി

ഒരു ദീപവുമിന്ദുവും സ്ഫുരി–
പ്പൊരുനക്ഷത്രവുമൊന്നുമെന്നിയേ
ഇരുൾ മേലിരുളാം സുഷുപ്തിയിൽ
ശരണം ചിന്മയദേവ ദേവ നീ

കവി : **ആശാൻ** , കൃതി : *നിശാപ്രാർത്ഥന*

## 3.1250 ഇന്നാവാം, നാളെയാവാം,. . . (ഉമേഷ്)

സ്രഗ്ദ്ധര

ഇന്നാവാം, നാളെയാവാം, മരണമണവതീ മാത്രയിൽത്തന്നെയാവാം,
എന്നാണെന്നോരുവാനം വിഷമകരമതോർത്താടൽ തേടായ്ക ചിത്തം;
എന്നാലും നാമനംഗാന്തകപദകമലധ്യാനനിർല്ലീനരായ്ത്താൻ
നിന്നാവൂ നിത്യമുക്തിക്കുതകിടുമതിനിന്നില്ല തെല്ലും വിവാദം.

കവി : **കെ. വി. പി. നമ്പൂതിരി**

## 3.1251 എത്രയുണ്ടു തവ ജീവകാല. . . (ഋഷി)[223]

കുസുമമഞ്ജരി

എത്രയുണ്ടു തവ ജീവകാലമയി ചക്രവാകി, പുനരൽപമേ,
തത്രയൗവന, മിതിങ്കലും പകുതി രാത്രിയായതിൽ വിയോഗമേ;
അത്ര നിൻജനി നിരർത്ഥമാണറിക ശിഷ്ടമാം സമയമുള്ളത–
ങ്ങത്രയും പ്രണയകോപമായ്ക്കളകിലാരു നിന്റെ ഹിതമോതിടും?

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശശതകം തർജ്ജമ*

---

[223] [*ഉമേഷ്*] **ശ്ലോകം 3.1251 :** മൂലശ്ലോകം (**നീലകണ്ഠശാസ്ത്രികൾ**) :

ആയുസ്തേ കിയദസ്തി, തത്ര ച കിയത്താരുണ്യ, മത്രാപി വാ–
പ്യർദ്ധം നിർഗ്ഗളിതം നിശാത്മകതയാ യത്രാസ്തി സംഗോസ്തി തേ
ശേഷാ സന്തി കതി ക്ഷണാഃ പ്രണയജസ്തത്രാപി കോപോ യദി
വ്യർത്ഥം നിശ്ചിനു ചക്രവാകി, ജനനം കസ്തേ ഹിതം വക്ഷ്യതി?

## 3.1252 ആറും നാലും കിടന്നാടിയ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ആറും നാലും കിടന്നാടിയ മഹിതമണിച്ചെപ്പിൽ നിന്നൂറിയൂറി–
ച്ചോരും ചൊൽക്കൊണ്ട നാദാമൃതമൃദുലഹരീസംഗസഞ്ജാതമോദാൽ
ചേരും ചേലൊത്ത പുത്തൻ പുളകമുളകളായ് മാറുമീയൂഴിയിൽക്കൈ–
മാറും തോറും ഇടിക്കും കവിയുടെ കരളേ വെൽക തുഞ്ചൻപറമ്പേ!

കവി : **വൈലോപ്പിള്ളി**

## 3.1253 ചാടായി വന്നൂ. . . (ഉമ)

ഇന്ദ്രവജ്ര

ചാടായി വന്നൂ ശകടാസുരൻ താൻ
ചാടാനൊരുമ്പെട്ടു മുകുന്ദഗാത്രേ
വാടാതെ പാദേന ഹനിച്ചു ബാലൻ
ചാടായിരം ഖണ്ഡമതായി വീണു

കവി : **കുഞ്ചൻ നമ്പ്യാർ** , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.1254 വാരാളും മലയാളഭാഷയിൽ. . . (ഋഷി)

വാരാളും മലയാളഭാഷയിൽ മുറയ്ക്കൊക്കും മഹാകാവ്യമി–
ങ്ങാരാലും കൃതമായതില്ലിതുവരെയ്ക്കാ ഹാനി തീർത്തീടുവാൻ
ശ്രീരാമന്റെ ചരിത്രമാകിയ മഹാകാവ്യത്തെയൊന്നാമതാ–
യാരാൽത്തീർത്തതുകൊണ്ടു കേരളധരാവാല്മീകിയായീ ഭവാൻ!

## 3.1255 ശാസ്ത്രം മന്ദരമാക്കി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ശാസ്ത്രം മന്ദരമാക്കിയിപ്രകൃതിയാം ക്ഷീരാബ്ധി തന്നെക്കട–
ഞ്ഞത്രേ മാനുഷർ –ദേവദൈത്യർ– അമൃതം നേടുന്നതീ ഭൂമിയിൽ;
സൂത്രം – നൂതനയന്ത്രജാലമലസം തുപ്പുന്ന കാകോളമി–
ങ്ങെത്തുന്നെന്നിനിയേതുതാൻ വടിവിലോ, ശ്രീനീലകണ്ഠേശ്വര!

കവി : **ബാലേന്ദു**

## 3.1256 സദ്വർണ്ണാഞ്ചിതശയ്യ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സദ്വർണ്ണാഞ്ചിതശയ്യ ചേർ, ന്നഴകെഴും ഭാവപ്രഭാവത്തൊടും,
മൃദ്വംഗാനുഗുണപ്രയുക്തവിവിധാലങ്കാരസമ്പത്തൊടും,
വിദ്വല്ലാളിതകാളിദാസകവിതയ്ക്കൊപ്പം വിളങ്ങുന്ന നീ
മദ്വക്ഷോമണിമാലികേ, കിമപി കൈക്കൊൾകാ പ്രസാദത്തെയും!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.1257 വെള്ളം ചേരാത്ത കള്ളിൻ. . . (ബാലേന്ദു)

സ്രഗ്ദ്ധര

വെള്ളം ചേരാത്ത കള്ളിൻ ലഹരി നുണയുമന്നേരവും, ദൂരെ മേവും
വെള്ളിത്താരത്തെ നോക്കി പ്രണയവിവശനായ് വേണുവൂതുന്ന പോതും
തള്ളും രോഷത്തിൽ വാഴക്കുലയുടെ ഹരണത്തെപ്പഴിക്കുമ്പൊഴും കേ–
ട്ടുള്ളം തുള്ളുന്നു – കാണാമവികലനടനം കാവ്യകന്യാവിലാസം.

കവി : **ബാലേന്ദു**

## 3.1258 ധൂവെണ്ണിലാവു വിരവിൽ. . . (ഋഷി)

വസന്തതിലകം

ധൂവെണ്ണിലാവു വിരവിൽ തെളിയുന്ന നേരം
പൂവിന്നുളാം പരിമളം ചൊരിയുന്ന നേരം
കാർവർണ്ണനക്കുഴലെടുത്തു വിളിച്ച നേരം
നീൾക്കണ്ണിമാരുഴറിവന്നതു കാണ്മനോ ഞാൻ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.1259 കല്ലേറു, ബസ്സപകടം,. . . (ഉമേഷ്)

വസന്തതിലകം

കല്ലേറു, ബസ്സപകടം, വെടിവെപ്പു, കുട്ട–
ത്ത, ല്ലക്രമം, കൊല തുടങ്ങിയ മാരണങ്ങൾ
എല്ലാം തിമിർക്കുമിവിടിപ്പൊഴുതെപ്പൊഴെന്നു
***ചൊല്ലാവതല്ല പുരുഷന്റെ തകർച്ചയാർക്കും.***

കവി : **ഉമേഷ് നായർ**, കൃതി : *(സമസ്യാപൂരണം, ഭാഷാപോഷിണി, 1982)*

## 3.1260 എന്നാലുമമ്മയുടെ ചാരു. . . (ഋഷി)

വസന്തതിലകം

എന്നാലുമമ്മയുടെ ചാരുകൃപാവിശേഷാൽ
തന്നാലെതന്നെ മലയാളമതും പഠിച്ചു
പിന്നാലെ നല്ലുദയവർമ്മ നൃപാലകന്റെ
പിന്നാലെക്കൂടിയൊരുമാതിരിയാക്കി വച്ചു.

കവി : **കെ. സി. നാരായണൻ നമ്പ്യാർ**, കൃതി : *കന്യാകുമാരീ പ്രാർത്ഥന*

## 3.1261 "പൂന്തേന്മൊഴീ"യെന്നു. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

"പൂന്തേന്മൊഴീ"യെന്നു വിളിച്ചു ചുറ്റും
ചാഞ്ചാടിയാടുന്നതു കീചകന്മാർ
തനിയ്ക്കു താനേ തുണയെന്നു കണ്ടാൽ
കരുത്തു കാട്ടേണ, മതാണു ബുദ്ധി.

കവി : **ജ്യോതിർമയി**. **രാജേഷ് വർമ്മ**യുടെ *പാഞ്ചാലിയെക്കീചകൻ. . .* (ശ്ലോകം 3.1241) എന്ന ശ്ലോകത്തിനുള്ള മറുപടി.

## 3.1262 തായ് തീർക്കുവാൻ തക്കൊരു. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തായ് തീർക്കുവാൻ തക്കൊരു നല്ല കൊമ്പു
യാതൊന്നിൽ നിന്നോ മഴുവിന്നു കിട്ടി
അശ്ശാഖിയെത്തന്നെയതാശു വെട്ടി–
വീഴ്ത്തുന്നു കാർത്തജ്ഞവിജൃംഭിതത്താൽ!

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1263 അതേ മഹാൻ ഭാർഗ്ഗവ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അതേ മഹാൻ ഭാർഗ്ഗവരാമനാണി–
സ്സതേജസാ ഭാസുരനാം ദ്വിജേന്ദ്രൻ
ജിതേന്ദ്രിയൻ ധൂർജ്ജടി ദർശനത്തിൽ–
ദ്ധൃതേച്ഛനായ്പ്പോവുകയാണിദാനീം.

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1264 ജലഭരങ്ങളൊഴിഞ്ഞതി. . . (ബാലേന്ദു)

ദ്രുതവിളംബിതം

ജലഭരങ്ങളൊഴിഞ്ഞതിവേനലീ
നിലയിലാതപമാർക്കുമണയ്ക്കവേ
അലമിതെന്തൊരു ശങ്ക, വരാംഗനാ–
***കുലമണേ, ലമണേഡു കുടിക്കെടോ***!

കവി : **കെ.വി.പി.** കൃതി: (സമസ്യാപൂരണം)

## 3.1265 അവനമാ വനമാലി. . . (ഉമേഷ്)

ദ്രുതവിളംബിതം

അവനമാ വനമാലി നടത്തുമെ–
ന്നിഹ മുദാഹമുദാര നിനച്ചു ഞാൻ
ഭുവനപാവന, പാർക്കുവതെന്നതോർ–
ക്കണമിതാണമിതാദരമാശ മേ.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**

## 3.1266 ഭുവനവാസിജനം. . . (ബാലേന്ദു)

ദ്രുതവിളംബിതം

ഭുവനവാസിജനം തലയാട്ടിടും
കവനരീതികളുണ്ടു മഹേശ്വരീ
അവനമുണ്ടണവാനടികുമ്പിടാ–
മിവനജേ വനജേക്ഷണവന്ദിതേ.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**

## 3.1267 അവിരളം മലയാള. . . (ഉമേഷ്)

ദ്രുതവിളംബിതം

അവിരളം മലയാളമഹിക്കു ഹാ–
ത്തവിയുമാറു മഹമ്മദയോധിനി
ഛവി നിതാന്തമെഴും സികതാടവീ–
സവിധമാവിധമാശു ഗമിച്ചിതേ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.1268 ഛായാവിനീതാധ്വ. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഛായാവിനീതാധ്വപരിശ്രമേഷു
ഭൂയിഷ്ഠസംഭാവ്യ ഫലേഷ്വമീഷു
തസ്യാതിഥീനാമധുനാസപര്യാ
സ്ഥിതാസു പുത്രേഷ്വിവ പാദപേഷു.

കവി : കാളിദാസൻ , കൃതി : *രഘുവംശം*

### 3.1269 തുരഗഖുരഹതസ്തഥാ. . . (ഉമേഷ്)

പുഷ്പിതാഗ്ര

തുരഗഖുരഹതസ്തഥാ ഹി രേണുർ–
വിടപവിഭക്തരഥാർദ്രവല്ക്കലേഷു
പതതി പരിണതാരുണപ്രകാശഃ
ശലഭസമൂഹ ഇവാശ്രമദ്രുമേഷു.

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

### 3.1270 പോയീ കൈരളി തൻ പ്രശസ്ത. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പോയീ കൈരളി തൻ പ്രശസ്തതനയൻ, പോയീ മഹാപണ്ഡിതൻ,
പോയീ ശിഷ്യസുഹൃൽപ്രിയൻ ഭസിതമായമ്മേനി പേരായ് മഹാൻ;
മായീഭൂതമഹോ ജഗത്സ്ഥിതിയിതാമാദ്യാക്ഷരിൽ ശോകമീ–
സ്ഥായീഭാവമിയന്നു ബാഷ്പനിരയും നിൽക്കാത്ത നീർച്ചാട്ടമായ്.

കവി : ആശാൻ, കൃതി : *പ്രരോദനം*

### 3.1271 മൂവാറ്റുള്ളപ്പുഴയ്ക്കും. . . (ബാലേന്ദു)

സ്രഗ്ദ്ധര

മൂവാറ്റുള്ളപ്പുഴയ്ക്കും ചെറുതിടയകലെത്തെക്കുമാറി ത്രിമൂർത്തീ–
ദേവന്മാർ വാണിടും മുത്തലപുരമതു വൻ കീർത്തിയില്ലാത്ത ഗ്രാമം;
മൂവന്തിക്കാളുകൂട്ടും കവലയിലരുകിൽച്ചേർന്ന നായർക്കുടുംബം
കൂരാപ്പിള്ളിൽപ്പിറന്നേൻ; ബഹുജനനുതനാം ഗാന്ധി പോയോരു വർഷം.

കവി : ബാലേന്ദു

### 3.1272 മഞ്ജുശ്രീമലർ മാമ്പഴം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മഞ്ജുശ്രീമലർ മാമ്പഴം മധു ഗുളം പാൽ നല്ല പഞ്ചാരയും
രഞ്ജിച്ചീടിന പായസം പനസമങ്ങപ്പം വികൽപം വിനാ
കുഞ്ഞിക്കുമ്പ നിറച്ചിതൊക്കെയമർച്ചെയ്തീശന്റെ നൽസന്തതി–
ക്കുഞ്ഞെന്നും കുതുകത്തൊടെൻ കരൾകളിത്തട്ടിൽ കളിച്ചീടണം

കവി : വെണ്മണി മഹൻ നമ്പൂതിരിപ്പാട്

## 3.1273 കണ്ടാൽ നീയൊരുടഞ്ഞ. . . (വാസുദേവൻ)

[ശാർദ്ദൂലവിക്രീഡിതം]

കണ്ടാൽ നീയൊരുടഞ്ഞ ശംഖു, പലരും നിന്ദിച്ചിടാം നിർദയം,
കല്യശ്രീ കലരുന്ന ശംഖനിരയെപ്പേർത്തും പുകഴ്ത്തീടുവോർ
കഷ്ടം നാളെയവറ്റ മൺതരികളാ, ണെന്നും ജയം നേടി നീ
കർമ്മപ്രേരകപാഞ്ചജന്യരവമായെന്നും മുഴങ്ങും ദൃഢം.

## 3.1274 കാണുന്ന ലോകങ്ങടെ. . . (ഋഷി)

[ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര]

കാണുന്ന ലോകങ്ങടെ കണ്ണിലെല്ലാം
കർപ്പൂരനീർ വീഴ്ത്തിയുമാത്തമോദം
പടങ്ങളോരോന്നിവ കണ്ടുകൊണ്ടും
പരൻ പുമാൻ പുക്കു പുരത്തിനുള്ളിൽ

കവി : കെ. സി. കേശവപിള്ള, കൃതി : *കേശവീയം*

## 3.1275 പഠിപ്പു തീർന്നാൽ. . . (ജ്യോതി)

[ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര]

പഠിപ്പു തീർന്നാലുടനങ്ങെനിക്കു
പണം പെറും നൽപ്പണിയൊന്നു കിട്ടും
അന്നാൾമുതൽക്കമ്മ മദീയനവ്യ–
സമ്പത്സുധാമാധുരിയാസ്വദിക്കും.

കവി : വി.കെ.ജി

## 3.1276 അശ്വപ്രവാഞ്ചാംബുദ. . . (ഉമേഷ്)

[ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര]

അശ്വപ്രവാഞ്ചാംബുദഗർജ്ജിതം ച
സ്ത്രീണാം ച ചിത്തം പുരുഷസ്യ ഭാഗ്യം
അവർഷണം ചാപ്യതിവർഷണം ച
ദേവോ ന ജാനാതി കുതോ മനുഷ്യഃ?

## 3.1277 അങ്ങോട്ടു നോക്കുക, ചുവപ്പു. . . (ഋഷി)

[വസന്തതിലകം]

അങ്ങോട്ടു നോക്കുക, ചുവപ്പു വെളുപ്പു പച്ച–
യെന്നീ നിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്താരുമാമ്പലുമൊരേസമയം വിരിഞ്ഞു–
പൊങ്ങുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നോ?

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *വിശ്വരൂപം*

## 3.1278 ചേരും ചിടച്ചകിരി. . . (ഉമേഷ്)

[വസന്തതിലകം]

ചേരും ചിടച്ചകിരി ചാരുകപാലദിവ്യ–
നീരും മിഴിത്രിതയവും തിരളുന്നതായും
നേർപാതി നാരിപരിപൂരിതമായുമുള്ള
കേരം തരട്ടിഹ നമുക്കഖിലേപ്സിതാർത്ഥം.

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ

## 3.1279 നിർദ്ദേവത്വത്തിനായിട്ട്. . . (ഹരി)

സ്രഗ്ദ്ധര

നിർദ്ദേവത്വത്തിനായിട്ടസുരവരനൊരാൾ വൻതപം ചെയ്തകാല–
ത്തുണ്ടായോരത്തൽ തീർക്കാനമരരഖിലരും വാണിയെസ്സേവ ചെയ്കെ
മത്തേറും ദൈത്യനാവിൽക്കപടനടനമൊന്നാടി വാനോർക്ക നിത്യാ–
നന്ദം പാരം പകർന്നീടിന ഭഗവതി, നീ ദീപ്തമാക്കെൻ കവിത്വം!

കവി : ഹരിദാസ്

## 3.1280 മൂലം നാൾ മുറ്റമാളും. . . (ഉമേഷ്)

സ്രഗ്ദ്ധര

മൂലം നാൾ മുറ്റമാളും മുഴുസുകൃതഫലം, മുഖ്യവഞ്ചിക്ഷിതിശ്രീ–
മൂലം, മൂർദ്ധാഭിഷിക്തവ്രജമുകുടമിളന്മുഗ്ദ്ധമുക്താകലാപം,
പാലംഭോരാശികന്യാപതിഭജനപരാധീന, മന്യൂനകീർത്തിയ്–
ക്കാലംബം, രാമവർമ്മാഭിധ, മവനകലാലാലസം, ലാലസിപ്പൂ!

കവി : ഉള്ളൂർ

## 3.1281 പണ്ടെങ്ങാണ്ടൊരു ഭൂസുരന്റെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

പണ്ടെങ്ങാണ്ടൊരു ഭൂസുരന്റെ കഥ കേട്ടിട്ടുണ്ട, കേൾക്കേണമോ?
പാണ്ടിപ്പട്ടരു വംശമായവർകളെക്കാണ്മാതിരിപ്പാനഹോ
വമ്പൻ കൊമ്പനിരണ്ടമിട്ടുകളവാനണ്ഡം തുറക്കും വിധൗ
മണ്ടിച്ചെന്നകരേറി നോക്ക്യസമയേ രണ്ടുണ്ടതിൽപ്പട്ടര്

## 3.1282 വൃത്തോത്തുംഗകുചങ്ങൾ. . . (ഉമേഷ്)[224]

ശാർദ്ദൂലവിക്രീഡിതം

വൃത്തോത്തുംഗകുചങ്ങ, ളുഗ്ഗുരുനിതംബം, കാകളീമാധുരീ–
സത്താം ശബ്ദസുഖം, പ്രസാദ, മുചിതാലങ്കാരസമ്പന്നതാ,
ഇത്ഥം കോമളിമാവിണങ്ങുമവളെക്കാണുന്ന വിദ്യാർത്ഥികൾ–
ക്കത്യന്തം കവിതയ്ക്കു ശക്തിയുളവാകാഞ്ഞാലതാണത്ഭുതം!

കവി : വി. കെ. ജി.

## 3.1283 ഇന്ദ്രപ്രസ്ഥത്തിലിന്ദ്രപ്രിയ. . . (ഹരി)

സ്രഗ്ദ്ധര

ഇന്ദ്രപ്രസ്ഥത്തിലിന്ദ്രപ്രിയസുതനെ നിനച്ചുള്ളൊരൗത്സുക്യവേഗാൽ
വന്നിട്ടബ്ഭീമനാലേ മഗധപതിയെയും കൊന്നു നാട്ടും ജയിച്ചാൻ
ധന്യാത്മാ രാജസൂയം നരപതി ബത സാധിച്ചതും ധർമ്മജൻ താ–
നൊന്നായീ ചൈദ്യനപ്പോൾ മധുമഥന! ഭവാനോടതും കൈതൊഴുന്നേൻ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

## 3.1284 ധീരനായനിശം. . . (ഉമ)

രഥോദ്ധത

ധീരനായനിശമപ്രമത്തനായ്

[224] ഈ ശ്ലോകം ഗ്രൂപ്പിലേക്ക് ആദ്യമായി അയച്ചതു വിശ്വപ്രഭയാണ്.

ദ്വാരപാലനമിഹാചരിയ്ക്ക മേ
സ്വൈരമെന്റെയനുവാദമാർന്നിടാ–
താരടുക്കിലുമകത്തു കേറ്റൊലാ

കവി : **വള്ളത്തോൾ**, കൃതി : *ഗണപതി*

## 3.1285 സൂര്യൻ പൊൻകിരണം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

സൂര്യൻ പൊൻകിരണം പരത്തി വിരവിൽപ്പൊങ്ങിക്കിഴക്കംബരേ
പാരിൽ മോദമതേകി ചിങ്ങമിതുതാൻ വന്നെത്തി വീണ്ടും സഖേ
സന്തോഷപ്രദമായിടാനിനിവരും നാൾ നിങ്ങളേവർക്കുമെ–
ന്നുള്ളോരാശംസയേകാൻ തുനിയുവതടിയന്നിപ്രകാരം സദസ്സിൽ

കവി : **ഋഷി**

## 3.1286 സത്രം കാണൊരിടത്തു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

സത്രം കാണൊരിടത്തു ചത്തു കരയും കോലാഹലം കുത്ര ചിൽ
വിദ്വാന്മാരൊരിടത്തു മദ്യപകുലം തച്ചും കയർത്തും ക്വചിൽ
മുഗ്ദ്ധസ്ത്രീയൊരിടത്തു മുത്തികളിരുന്നേങ്ങിക്കരച്ചന്യതഃ
ശ്രോത്രാദിക്കമൃതോ തളിച്ച വിഷമോ വിശ്വം വിചിത്രം വിഭോ!

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.1287 മെയ്യിൽപ്പാമ്പുണ്ടനേകം. . . (ഋഷി)[225]

സ്രഗ്ദ്ധര

മെയ്യിൽപ്പാമ്പുണ്ടനേകം ഗളമതിൽ വിലസും കാളകൂടം കഠോരം,
കയ്യിൽ ശൂലം, കഠാരം, തിരുമിഴിയിതു തീക്കട്ട, വേഷം വിശേഷം,
അയ്യോ! നിൻകാന്തനൊത്തുള്ളൊരുപൊറുതി മഹാദുർഘടം തന്നെ, യോർത്താൽ
വയ്യേ! മറ്റാർക്കുമില്ലിങ്ങനെ ***മലമകളേ! ജാതകം ജാതി തന്നെ!***

കവി : **നടുവത്തച്ഛൻ** , കൃതി : *(സമസ്യാപൂരണം)*

## 3.1288 ആകാതാരഭിമാന. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ആകാതാരഭിമാനപൂർണ്ണരകമേ ചിന്തിക്കിലിന്നക്ഷര–
ശ്ലോകത്തിൻ പരിപൂർണ്ണചന്ദ്രികസമം കീർത്തിപ്രദം വൈഭവം;
ഓർത്താലായതിനൊക്കെയേകമഭയം സാരംഗപാണീപദം
പേർത്തും പാർത്തു തുണയ്ക്കുവാൻ കനിയണം ശ്രീരാഗപൂർണ്ണം മനം.

കവി : **ബാലേന്ദു**. മുദ്രാരൂപേണ ***ആരഭി***, ***പൂർണ്ണചന്ദ്രിക***, ***സാരംഗം***, ***ശ്രീ*** എന്നി രാഗങ്ങളെ സൂചിപ്പിച്ചിരിക്കുന്നു.

## 3.1289 ഓരോ നാളും പ്രഭാതസ്മിതമൊടു. . . (ജ്യോതി)

സ്രഗ്ദ്ധര

ഓരോ നാളും പ്രഭാതസ്മിതമൊടു കുശലാന്വേഷണം ചെയ്തു പൊങ്ങും

[225] [*ഉമേഷ്/ഋഷി*] **ശ്ലോകം 3.1287 :** ഈ സമസ്യയുടെ വേറേ രണ്ടു പൂരണങ്ങൾക്ക് *എല്ലായ്പ്പോഴും കളിപ്പാൻ. . .* (ശ്ലോകം 3.1469, പേജ് 305), *മുപ്പാരും കാക്കുവാനില്ലപരൻ. . .* (ശ്ലോകം 3.1924, പേജ് 396) എന്നിവ കാണുക.

നേരം മന്ദം തലോടും മമ തന ജനലിൽക്കൂടിയാഹ്ലാദഹൃദ്യം
കാരുണ്യം കാട്ടമീവാസരനിരയിലൊരാളെന്നെയൊറ്റിക്കൊടുക്കും
ചാരൻ; ഗൂഢം ചിരിയ്ക്കും മൃതിയുടെ സവിധത്തിങ്കലെത്തിക്കുമെന്നെ

കവി : വി. കെ. ജി.

## 3.1290 കിട്ടീലയോ ദക്ഷിണ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽ നിന്നിദാനീം;
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി–
യെന്നാലതും നൽകിയനുഗ്രഹിയ്ക്കാം!

കവി : **വള്ളത്തോൾ** , കൃതി : *ശിഷ്യനും മകനും*

## 3.1291 ദൈവത്തിന്റെ കരത്തിലാണു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ദൈവത്തിന്റെ കരത്തിലാണു ഭുവനം; സർവ്വം നിയന്ത്രിക്കുമാ–
ദേവൻ മന്ത്രവശംഗതൻ; മഹിതമാ മന്ത്രം ദ്വിജാധീനവും;
ഹാ! വൻപെന്തിതിലേറെ വേണമുലകിൽ ബ്രാഹ്മണ്യമാപൂർണ്ണമെ–
ന്നേവം കണ്ണുമടച്ചിരുന്നു സസുഖം നമ്പൂരിതൻ പൂർവ്വികർ!

കവി : **പ്രേംജി**

## 3.1292 ഹരീശ്വരൻ തൻ. . . (ഋഷി)

ഉപേന്ദ്രവജ്ര

ഹരീശ്വരൻ തൻ പദപംക്തി നന്നായ്
നിരീക്ഷണം ചെയ്തു ചരിച്ചിടുമ്പോൾ
ശരിക്കു കാണായുടനന്തരംഗം
ഹരിച്ചിടും മാമല ഹേമശൃംഗം

കവി : **കെ. സി. കേശവപിള്ള**, കൃതി : *കേശവീയം*

## 3.1293 ശ്ലോകം ചൊല്ലി രസിച്ചിടാം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ശ്ലോകം ചൊല്ലി രസിച്ചിടാം, ചടുലമാം കാവ്യങ്ങൾ ദർശിച്ചിടാം,
ഭാഷാപോഷണമാർന്നിടാ, മഴകെഴും ശ്ലോകങ്ങൾ നിർമ്മിച്ചിടാം,
ചർച്ചാപൂരിതമാക്കിടാ, മെവരുമായ് സല്ലാപമൊട്ടായിടാ; –
മീവേദിക്കു നമിച്ചിടാ, മിതു നയിക്കുന്നോർക്കു കുമ്പിട്ടിടാം!

കവി : **ഹരിദാസ്**

## 3.1294 ചിൽപ്പൂമാദ്ധ്വീകധാരേ. . . (വാസുദേവൻ)

സ്രഗ്ദ്ധര

ചിൽപ്പൂമാദ്ധ്വീകധാരേ, ചിണിചിണിനിനദം ചിന്നുമാറഗ്രഹംസർ–
ക്കുൾപ്പൂമോദം വളർത്തും ഭവതി, ഭവ മുഖാബ്ജത്തിലെബ്ഭൃംഗിയായും
പൊൽപ്പൂമാതിൻ മണാളൻ, മലർമക, നിവരാൽ പൂജ്യപാദാബ്ജയായും
നിൽപ്പൂ മീനാക്ഷി, നിൻ മാനസമഹിമ, വെറും ചണ്ടി ഞാനെന്തറിഞ്ഞു?

## 3.1295 പ്രബുദ്ധഹൃദയംഗമ. . . (ജ്യോതി)

പൃഥ്വി

പ്രബുദ്ധഹൃദയംഗമസ്തുതികളായ സാരസ്വത–
പ്രസന്ന നവനീതവും മലരുമില്ല മൽക്കൈകളിൽ
മുരാന്തക! പൊറുക്കുകീക്കരടുചേർന്ന കട്ടച്ചതാ–
മവിൽപ്പൊതി ഭവത്പദത്തളിരിൽവെച്ചു കുപ്പുന്നു ഞാൻ

കവി : വി. കെ. ജി., കൃതി : *അവിൽപ്പൊതി*

## 3.1296 മയൂഖനഖരത്രുട. . . (ഉമേഷ്)

പൃഥ്വി

മയൂഖനഖരത്രുടത്തിമിരകുംഭികുംഭസ്ഥല–
സ്ഥലത്തരളതാരകാവലയകീർണ്ണമുക്താഫലാഃ
പുരന്ദരഹരിദ്ദരീകുഹരഗർഭസുപ്തോദ്ധിത–
സ്തുഷാരകരകേസരീ ഗഗനകാനനം ഗാഹതേ

കവി : കാളിദാസൻ (പൂർവ്വാർദ്ധം), ഭവഭൂതി (ഉത്തരാർദ്ധം)

## 3.1297 പാദാരവിന്ദത്തിൽ. . . (ദിലീപ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പാദാരവിന്ദത്തിൽ നമസ്കരിച്ചും
മുഖാരവിന്ദത്തിലലിഞ്ഞുചേർന്നും
മനസ്സിൽ നിൻ രൂപമതിൽ നമിച്ചും
കൃഷ്ണാ! ജപിക്കും തവ നാമധേയം.

കവി : ദിലീപ് നമ്പൂതിരിപ്പാട്ട്

## 3.1298 മഞ്ഞപ്പട്ടരവിട്ടഴിഞ്ഞതു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മഞ്ഞപ്പട്ടരവിട്ടഴിഞ്ഞതു മലർക്കയ്യിൽപ്പിടിച്ചും ക്വണ–
ന്മഞ്ജീരധ്വനിയാനയിക്കുമിടയപ്പെണ്ണുങ്ങളായ്ക്കൊഞ്ചിയും
കഞ്ജാക്ഷൻ നവനീതയാചന നടത്താനായ് തുടങ്ങുമ്പൊഴ–
ക്കുഞ്ഞിക്കാൽനഖരത്നഭാസ്സു തലയിൽച്ചൂടാൻ കൊതിയ്ക്കുന്നു ഞാൻ!

കവി : വി.കെ.ജി

## 3.1299 കാറ്റിൽ തീപ്പൊരി പോലെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാറ്റിൽ തീപ്പൊരി പോലെ നിൻ കൃപ പടർന്നീടേണ, മെൻ ഹൃത്തതിൽ
മാറ്റേറിക്കറതീർന്ന ഭക്തി നിറയും പൊൻപാത്രമായീടണം
നൂറ്റൊന്നപ്പമനേകകോടി ഹൃദയാനന്ദാശ്രുവൊത്തിന്നിതാ
പോറ്റീ, ഈശ്വരമംഗലാധിപ, സമർപ്പിക്കുന്നു തൃക്കാൽക്കൽ ഞാൻ!

കവി : ഉമേഷ് നായർ

## 3.1300 നീലാളിവർണ്ണൻ ഭഗവാൻ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നീലാളിവർണ്ണൻ ഭഗവാൻ മുകുന്ദൻ
താലാങ്കനച്ഛസ്പടികപ്രകാശൻ
കാളിന്ദിയും ഗംഗയുമേകഭാഗേ
മേളിച്ച കാന്തി പ്രസരം കലർന്നു

കവി : **കുഞ്ചൻ നമ്പ്യാർ** , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.1301 കണ്ടേൻ മേചകമേഘകാന്തി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കണ്ടേൻ മേചകമേഘകാന്തികലരും മെയ്യും നറുംതേനണി–
ച്ചെണ്ടേന്തും ചൊടിയും തുടുത്ത കവിളും വില്ലൊത്ത വാർചില്ലിയും
ചുണ്ടേകം മണിചുംബനക്കൊതിയെഴും പൊൻവേണുവും കൗസ്തുഭം
കൊണ്ടേറെപ്പരിശോഭചേർന്ന വിലസും നെഞ്ചും മുടിപ്പീലിയും.

കവി : **യൂസഫലി കേച്ചേരി**, കൃതി : *അഹൈന്ദവം*

## 3.1302 ചാരത്തച്ചരമാധിദേവത. . . (ജ്യോതി)

സ്രഗ്ദ്ധര

ചാരത്തച്ചരമാധിദേവത ചിരിച്ചുംകൊണ്ടു നിൽക്കുന്നതി–
ങ്ങോരാതേ ബഹുകാലപദ്ധതി രചിയ്ക്കായ്കെൻ മനോരാജ്യമേ!
പോരും നിഷ്ഫലയത്ന, മൽപ്പസമയം കിട്ടുന്നതർപ്പിയ്ക്ക പാൽ–
പ്പാരാവാരതരംഗലാളിതഘനശ്യാമാഭിരാമങ്കൽ നീ!

കവി : **വി.കെ.ജി.**

## 3.1303 പ്രവാതനീലോൽപല. . . (ദിലീപ്)[226]

ഉപേന്ദ്രവജ്ര

പ്രവാതനീലോൽപലനിർവിശേഷ–
മധീരവിപ്രേക്ഷിതമായതാക്ഷ്യാ
തയാ ഗൃഹീതം നു മൃഗാങ്ഗനാഭ്യ–
സ്തതോ ഗൃഹീതം നു മൃഗാങ്ഗനാഭിഃ

കവി : **കാളിദാസൻ** , കൃതി : *കുമാരസംഭവം*

## 3.1304 തേനഞ്ചീടിന 'ഗാഥ'യാലൊരു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തേനഞ്ചീടിന 'ഗാഥ'യാലൊരു മഹാൻ താരാട്ടി മുമ്പമ്പിയ–
ന്നാനന്ദാശ്രുവിൽ മുക്കി മറ്റൊരു മഹാധന്യൻ 'കിളിക്കൊഞ്ചലാൽ'
ദീനത്വം കലരാതെയന്യസരസൻ 'തുള്ളിച്ചു' തൻ പാട്ടിനാൽ
നൂനം കൈരളിയമ്മയും ശിശുവുമായ് നിന്നാളവർക്കന്നഹോ!

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1305 ദ്രാക്ഷാധ്യുതോദയ. . . (ജ്യോതി)

വസന്തതിലകം

ദ്രാക്ഷാധ്യുതോദയനവാസവദത്തമൈത്രീ–
ദീക്ഷാരസം കവിവചസ്സിലണച്ചു നിത്യം
പദ്മാസനപ്രിയ തുണയ്ക്ക വസന്തകശ്രീ–
പദ്മാവതീർണ്ണമധുതർപ്പണമാചരിപ്പാൻ

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *സ്വപ്നവാസവദത്തം തർജ്ജമ*

---

[226] *[ഉമേഷ്]* **ശ്ലോകം 3.1303 :** പരിഭാഷ (**എ. ആർ. രാജരാജവർമ്മ**) :
നീർത്തെന്നലേറ്റുലയുമുത്പലനൽപ്രസൂന–
ച്ചാഞ്ചാട്ടമോട്ട പടവെട്ടുമധീരനോട്ടം
മാൻപേടയോട്ട മുനികന്യക താൻ ഗ്രഹിച്ചോ,
മാൻപേട തന്നെ മുനികന്യയൊടഭ്യസിച്ചോ?

## 3.1306 പീലിക്കാർമുടി ചാഞ്ഞതും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

പീലിക്കാർമുടി ചാഞ്ഞതും തിരുമുഖം മെല്ലേ വിയർക്കുന്നതും
ചാലക്കണ്ണിമിഴികൊണ്ടു കാമിനികളെക്കാമിച്ച നൈപുണ്യവും
നീലക്കാർമുകിൽ വർണവും തിരുവുടൽക്കുള്ളോരു സൗരഭ്യവും
ബാലക്കാമിനിമാർ മയങ്ങിയതുമെൻ കൺകൊണ്ടു കണ്ടാവൂ ഞാൻ

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.1307 നർമ്മോക്തിപ്പുതുചെപ്പു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

നർമ്മോക്തിപ്പുതുചെപ്പു മാധവ! സുഹൃത്പാളിയ്ക്കു, പാർത്ഥന്നു നൽ–
ക്കർമ്മോദ്ബുദ്ധത നൽകുവോരുപനിഷത്തേന്നുറിടും താമര
അമ്മയ്ക്കുള്ളുതവിശ്വരൂപ, മമൃതം രാധയ്ക്കു, ഹുംകാരമ–
ങ്ങമ്മാമ,ന്നതിമോഹനം പരിലസിച്ചീടുന്ന നിൻവായ്മലർ

കവി : **വി.കെ.ജി**

## 3.1308 ആ മന്ദാരമരങ്ങളാണു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആ മന്ദാരമരങ്ങളാണു തനയന്മാരായ നാലഞ്ചു പേർ,
പൂമാതാ മക, ളെന്നുമല്ല ഭുവനത്രാതാവു നാരായണൻ
ജാമാതാവുമെടോ നിനക്കു കടലേ, നീ തന്നെ രത്നാകരം,
ശ്രീമത്വം കുറവി – ല്ലലച്ചിലിനിയും തീർന്നില്ലതാണദ്ഭുതം!

കവി : **ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശമാല*

## 3.1309 ജ്യോതിശ്ചക്രം കണക്കെൻ. . . (ഋഷി)

സ്രഗ്ദ്ധര

ജ്യോതിശ്ചക്രം കണക്കെൻ മനമിളകിമറിഞ്ഞായുരന്തം വരുംമുൻ–
ബോധക്കേടൊക്കെ നീക്കിത്തരികയമൃതരുൾത്തേൻ തുളുമ്പും പദം തേ
പാതിപ്പെൺമെയ്യകൻ നിൻതിരുവടിയുടെമേലേറിയാടുന്ന നേരം
മോദിച്ചേതും മടിക്കാതവനെയിവിടെ നീ കൊണ്ടുവാ തങ്കമൈലേ!

കവി : **ശ്രീ നാരായണഗുരു**, കൃതി : *സുബ്രഹ്മണ്യകീർത്തനം*

## 3.1310 പുല്ലാദിയായുള്ള. . . (ഹരി)

ഇന്ദ്രവജ്ര

പുല്ലാദിയായുള്ള ശരീരമോരോ–
ന്നെല്ലാറ്റിലുംപുക്കു പുറത്തുപോന്നേൻ
നല്ലോരു ജന്മം നരജന്മമിപ്പോൾ
വല്ലാതെയാക്കിടൊല തമ്പുരാനേ

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

### 3.1311 നെഞ്ഞത്തിന്നലെ രാത്രി. . . (ഉമേഷ്)

സ്രഗ്ദ്ധര

'നെഞ്ഞത്തിന്നലെ രാത്രി പൂച്ച കടിച്ചുടിച്ചാടി വീണോ, നിറം–
മാഞ്ഞെന്തീ വട്ടു ചുണ്ടി'ലെന്ന സഖിമാരോതിച്ചിരിക്കും വിധൗ
കുഞ്ഞമ്മിഞ്ഞ കുറച്ചൊളിച്ചൊരു വിധം ചെഞ്ചുണ്ടു പൊത്തി, ഹ്രിയാ
ഞഞ്ഞമ്മിഞ്ഞ പറഞ്ഞിടുന്നൊരചലക്കുഞ്ഞേ, കനിഞ്ഞീടു നീ!

കവി : ശീവൊള്ളി

### 3.1312 കണ്ണാടിയിൽ കണ്ടു. . . (ഹരി)

ഇന്ദ്രവജ്ര

കണ്ണാടിയിൽ കണ്ടു കളായ രമ്യം
കണ്ണിൽ തെളിഞ്ഞോരു മുഖാരവിന്ദം
ചങ്ങാതിയെന്നിട്ടു ചിരിച്ചു കണ്ണൻ
കണ്ണാടി പൂണുന്നിതു കണ്ടിടാവൂ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

### 3.1313 ചുറ്റും മുണ്ടില്ല, ചീറ്റും. . . (ഋഷി)

സ്രഗ്ദ്ധര

ചുറ്റും മുണ്ടില്ല, ചീറ്റും ചില ഫണികളണിക്കോപ്പു, ഭൂതങ്ങളാണേ
ചുറ്റം, ചെന്തീയു ചിന്തും മിഴി, ചിത നടുവിൽ കേളി, ഗംഗയ്ക്കു ചിറ്റം,
ചുറ്റും നീയെന്നു താൻ ചൊന്നൊരു വടുവടിവായ്ച്ചൊന്ന വാക്കോടു ചിത്തം
ചെറ്റും ചേരാത്ത ഗൗരീനില കരളലിയെക്കണ്ട കണ്ണേ ജയിക്ക!

കവി : പെട്ടരഴിയം വലിയ രാമനിളയത്

### 3.1314 ചോദിച്ചാൽ തരുമെന്നും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ചോദിച്ചാൽ തരുമെന്നുമീശ്വര,നറച്ചാദ്യം ധരിച്ചെങ്കിലും
ചോദിയ്ക്കാനരുതാത്തതുണ്ടു ചിലതും ബോധിച്ചു പിന്നെ ക്രമാൽ
ചോദിപ്പിപ്പതു കൃഷ്ണനെന്നതൊടുവിൽ കണ്ടെത്തവേ, കാരണം
രാധയ്ക്കന്നറിവായ് കറുപ്പു വരുവാനാധിയ്ക്കു,മാശയ്ക്കുമേ!

കവി : പി.സി.മധുരാജ്

### 3.1315 ചുറ്റും മുണ്ടിലുമംഗവസ്ത്രമതിലും. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

ചുറ്റും മുണ്ടിലുമംഗവസ്ത്രമതിലും നാമങ്ങൾ നെറ്റിത്തടം
മുറ്റും ഭൂതി വളർന്ന താടി ജടയും മാലാകലാപങ്ങളും
ചുറ്റും കൂടിന സുന്ദരീമണികൾ തൻ വക്ത്രാരവിന്ദങ്ങളിൽ
ചുറ്റും കണ്ണിണയും തെറിച്ച കപടസ്സന്ന്യാസിയാരാണെടോ?

### 3.1316 ചന്ദ്രോദ്ഭാസിതശേഖരേ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ചന്ദ്രോദ്ഭാസിതശേഖരേ സ്മരഹരേ ഗംഗാധരേ ശങ്കരേ
സർപ്പൈർഭൂഷിതകണ്ഠകർണ്ണവിവരേ നേത്രോത്ഥവൈശ്വാനരേ
ദന്തിത്വക്കൃതസുന്ദരാംബരധരേ ത്രൈലോക്യസാരേ ഹരേ
മോക്ഷാർത്ഥം കുരു ചിത്തവൃത്തിമഖിലാ, മന്യൈസ്തു കിം കർമ്മഭിഃ?

കവി : ശങ്കരാചാര്യർ

## 3.1317 ദേവന്മാരുള്ള നാട്ടും. . . (ഋഷി)

സ്രഗ്ധര

ദേവന്മാരുള്ള നാട്ടും നരകവുമിവിടെത്തന്നെയെന്നാണ വന്നാ–
ലാവട്ടെ, നാം നയിച്ചൂ പ്രണയമസൃണമീ ജീവിതം സ്വർഗതുല്യം
ജീവൻ മേലിൽ സുശീലേ, ജനനമണയുമെന്നാകിലിന്നാമൊരേമ–
ട്ടേവം താൻ ചേരുമപ്പോളമിതപരചിദാനന്ദകന്ദം ഭുജിക്കാം

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

## 3.1318 ജഗത്തൊക്കേ നന്നായ്. . . (ഹരി)

ഭുജംഗപ്രയാതം

ജഗത്തൊക്കേ നന്നായ് പരന്നിട്ടു പണ്ടേ–
യിരിപ്പുണ്ടു നേരെന്നു പേരായ വസ്തു
ക്രമത്താലതിപ്പോൾച്ചുരുങ്ങിച്ചുരുങ്ങി–
പ്പണത്തോളമേയുള്ളുവെന്നായിവന്നു

കവി : പട്ടത്തു കുഞ്ഞുണ്ണിനമ്പ്യാർ

## 3.1319 കാലം വന്നാൽ മരിയ്ക്കും. . . (ജ്യോതി)

സ്രഗ്ധര

കാലം വന്നാൽ മരിയ്ക്കും; ദുരിതമനുഭവിയ്ക്കാം, ഭവിയ്ക്കാതിരിയ്ക്കാം
നീളാം, നീളാതിരിയ്ക്കാം, മരണനിലയിരുന്നോ കിടന്നോ നടന്നോ
ആലോചിയ്ക്കേണ്ട, യാവർത്തനജനിമരണക്ലേശവിഭ്രാന്തിനീങ്ങാൻ
ചേലിൽച്ചിന്തിച്ചുറപ്പിയ്ക്കുക രഹസി രമാകാന്തകാന്തസ്വരൂപം!

കവി : വി.കെ.ജി

## 3.1320 അന്തർഭാഗത്തു ചേർത്ത. . . (ഉമേഷ്)

സ്രഗ്ധര

അന്തർഭാഗത്തു ചേർത്തമ്മുരമഥനനെ, യമ്മട്ടു നാട്ടാർ രസം വ–
ന്നന്തം കൂടാതഞ്ഞും, ജനഹിതമതിനായ് വേലയിൽത്താനിരുന്നും,
ചന്തം പൂണ്ടുല്ലസിക്കും മഹിതഗുണ, ഭവാൻ സിന്ധുവിന്നൊപ്പമത്രേ,
കിം തു ശ്രീമൻ! ഭവാനിൽ ക്ഷിതിവര! നിലയില്ലായ്കയെന്നുള്ളതില്ല.

കവി : ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ

## 3.1321 ചന്തമാർന്ന പനിനീരിൽ. . . (ജ്യോതി)

കുസുമമഞ്ജരി

ചന്തമാർന്ന പനിനീരിലൻപൊടു പറന്നിരുന്ന മധുവുണ്ണവേ
ചിന്തയില്ല ലവലേശ,മെങ്കിലുമറിഞ്ഞിടുന്നിതപരാധമേ
തന്നതീശ്വരനതിന്നു ശിക്ഷയതുതന്നെ, യെൻചിറകെരിച്ചിതാ
ഹന്ത! നീറി വലയുന്നു ഞാൻ, മനുജന്മുറ്റിടുന്ന മധുകംഭവും!

കവി : ജ്യോതിർമയി

## 3.1322 താമരയ്ക്കു ശശിയോടും. . . (ഉമേഷ്)

കുസുമമഞ്ജരി

താമരയ്ക്കു ശശിയോടുമില്ലിഹ ശശിക്കു താമരയൊടും തഥാ
പ്രേമ, മെന്നതു നിമിത്തമേതുമൊരു ചേതമില്ലതിനു രണ്ടിനും
സാമരസ്യനിലയാണു വേണ്ടതഭിരാമരാമവരു തങ്ങളിൽ
കാമമിന്നുളവായിടായ്കിലയശസ്സതീവ നിയതിക്കു താൻ!

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശശതകം തർജ്ജമ*

## 3.1323 സന്മാർഗ്ഗനിഷ്ഠയകലയ്ക്കു. . . (ഉമ)

വസന്തതിലകം

സന്മാർഗ്ഗനിഷ്ഠയകലേയ്ക്കു വലിച്ചെറിഞ്ഞും
ദുർമ്മാർഗ്ഗവൃത്തി മടിയെന്നിയെയാചരിച്ചും
ആത്മാവിനെത്തിമിരസിന്ധുവിലാഴ്ത്തിനേൻ ഞാൻ
നീ മാത്രമാണിനിയെനിക്കൊരു ബന്ധു കൃഷ്ണാ!

കവി : **ഓട്ടൂർ ഉണ്ണീ നമ്പൂതിരിപ്പാട്**

## 3.1324 അതാ വിളങ്ങുന്നു. . . (ഋഷി)

വംശസ്ഥം

അതാ വിളങ്ങുന്നു ഭവദ്ഗുണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി,
അതിന്നൊടൊക്കില്ലൊരു ചക്രവർത്തി ത-
ന്നതിപ്രകാശം കലരും കിരീടവും

കവി : **കുമാരനാശാൻ**, കൃതി : *മിന്നാമിനുങ്ങ്*

## 3.1325 ആൾ തിങ്ങിടും. . . (ഹരി)

വസന്തതിലകം

ആൾ തിങ്ങിടും തെരുവുകൾക്കടിയിൽത്തുരന്ന
മാർഗ്ഗങ്ങളൂടെയവിടെപ്പുകവണ്ടിജാലം
വീട്ടിന്റെയോവുകളിൽ മൂഷികരെന്നപോലെ
വാട്ടം വെടിഞ്ഞനിശമങ്ങിനെ മണ്ടിടുന്നു

കവി : **കെ. സി. കേശവപിള്ള** , കൃതി : *ആംഗലസാമ്രാജ്യം തർജ്ജമ*

## 3.1326 വന്ധ്യം ശമിക്കരിശം. . . (ഉമേഷ്)

വസന്തതിലകം

വന്ധ്യം ശമിക്കരിശമെന്നറിവാർന്നൊട്ടുക്കം
വിന്ധ്യപ്രഭേദി മുനി സഹ്യമിതിൽത്തപിപ്പാൻ
സന്ധ്യർത്ഥി കുന്നുകളൊടെന്ന വിധം കടന്നു
സന്ധ്യയ്ക്കു ചണ്ഡകിരണൻ ചരമാദ്രിയിൽപ്പോൽ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.1327 സുരകുമാരികൾ. . . (മധുരാജ്)

ദ്രുതവിളംബിതം

സുരകുമാരികൾ പൂക്കളശേഷവും
സുരഭിലങ്ങൾ പറിച്ചു വഹിച്ചുടൻ
സരഭസം തിരികെഗ്ഗതി ചെയ്യുവാൻ
സരസസാരസസാർത്ഥകളോർത്തുതേ.

കവി : **പന്തളം കേരള വർമ**, കൃതി : *രുഗ്മാംഗദചരിതം മഹാകാവ്യം*

### 3.1328 സകലലോകവിധായകൻ. . . (ജ്യോതി)

ദ്രുതവിളംബിതം

സകലലോകവിധായകനായ പൂ–
മകനു വല്ലഭയാം പരദേവതേ
വികലനാമടിയന്നു തരേണമേ
വികടമൗഢ്യമൊഴിച്ചൊരനുഗ്രഹം

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

### 3.1329 വിധി വിധിക്കവെ. . . (ഉമേഷ്)[227]

ദ്രുതവിളംബിതം

വിധി വിധിക്കവെ രേവതഭൂമിപൻ
തനയ രേവതിയെബ്ബലനേകിനാൻ
പ്രമദമാർന്ന യദുക്കൾ നടത്തിനാർ
സുമഹിതം മഹി തന്നിൽ മഹോത്സവം.

കവി : **സി. വി. വാസുദേവഭട്ടതിരി / മേൽപ്പത്തൂർ**, കൃതി : *നാരായണീയം തർജ്ജമ (78:2)*

### 3.1330 പയ്യെപ്പയ്യുട്ടി തന്നെ. . . (ഹരി)

സ്രഗ്ധര

പയ്യെപ്പൈക്കുട്ടി തന്നെപ്പരിചിനൊട്ടു പിടിച്ചുന്തിനീക്കീട്ടു, തള്ള–
പ്പയ്യിൻ കാൽക്കുടണഞ്ഞി, ട്ടുകിടവിടവിടെത്താൻ പതുക്കെത്തലോടി,
തയ്യാറായ് മുട്ടുകുത്തി, ത്തദനു മുഖമുയർത്തി, ച്ചുരത്തും നറുംപാ–
ലയ്യാ! മുട്ടിക്കുടിക്കും പശുപശിശുപദം കേവലം മേ∫വലംബം!

കവി : **വെണ്മണി മഹൻ**

### 3.1331 തണ്ടാർമാതാം രമയ്ക്കോ. . . (ഉമേഷ്)

സ്രഗ്ധര

തണ്ടാർമാതാം രമയ്ക്കോ, തരളമിഴി മലത്തയ്യലാളാമുമയ്ക്കോ,
കൊണ്ടാട്ടും മേനകയ്ക്കോ, സരസിജമുഖിയാമുർവ്വശിക്കോ, ശചിക്കോ,
വണ്ടാർപൂവേണിമാർ വന്നടിമലർ പണിയും ഭാരതിക്കോ, രതിക്കോ,
കണ്ടാൽ സൗന്ദര്യമേറുന്നതു മമ പനയഞ്ചേരി നാരായണിക്കോ?

കവി : **ചേലപ്പറമ്പു നമ്പൂതിരി**

---

[227] [*ഉമേഷ്*] **ശ്ലോകം 3.1329 :** മൂലശ്ലോകം (**മേൽപ്പത്തൂർ**) :

ദദൃഷി രേവതഭൂഭൃതി രേവതീം
ഹലഭൃതേ തനയാം വിധിശാസനാത്
മഹിതമുത്സവഘോഷമപൂപുഷഃ
സമുദിതൈർമുദിതൈഃ സഹ യാദവൈഃ

## 3.1332 വാനത്തെന്തിനു ഹാ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

വാനത്തെന്തിനു ഹാ കപോതഖഗമേ, കേഴ്വം നിനക്കിന്നു നീ
താനത്രേ തുണ, യിപ്പരുന്തിനുടെ വായ് പൂകാതെ രക്ഷപ്പെടാൻ;
നൂനം ഭാരതഭൂവിതിൽ ശിബിയൊരാളുണ്ടിപ്പൊഴും, പക്ഷെയ–
ദ്ദീനസ്നേഹി തപസ്സു ചെയ്തുരുൾകയാണേതോ നിഗൂഢാശ്രമേ.

## 3.1333 നൂനം മനോഹര. . . (ബാലേന്ദു)

വസന്തതിലകം

നൂനം മനോഹരവനങ്ങളിലിച്ഛ പോലെ–
യാനന്ദമാർന്നു മരുവും ചരജീവിവൃന്ദം;
ജ്ഞാനം വഹിക്കുകിലവറ്റയിലേകമാവാൻ
ഞാനെപ്പൊഴും മതിയിൽ മോഹമിയന്നിടുന്നു.

കവി : **കുമാരനാശാൻ**

## 3.1334 ജ്ഞാനത്തിൻ കനിയുണ്ടു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ജ്ഞാനത്തിൻ കനിയുണ്ടു നിർജ്ജനവനാന്തത്തിൽ തപോനിഷ്ഠയിൽ
ധ്യാനത്തിൽ കഴിയുന്ന മാമുനികളും തേടുന്ന മായാവി നീ
ഞാനോർക്കുമ്പൊഴതൊക്കെയും പിടിതരാൻ ഞാനാരു കണ്ണാ, ഭവാൻ
മാനിക്കും നവനീതമ, ല്ലൊരിടയപ്പെണ്ണ, ല്ല പാലല്ല ഞാൻ!

കവി : **വി.കെ.ജി**

## 3.1335 ഞാനാ ബ്രഹ്മവിചാരധാരയിൽ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ഞാനാ ബ്രഹ്മവിചാരധാരയിലിരുന്നന്തഃസ്ഥസന്താപജ–
ക്ഷീണം നീങ്ങി, വലിഞ്ഞു കേറിയ ഞരമ്പെല്ലാമയഞ്ഞങ്ങനെ
നാനാദുഃഖസുഖാനുഭൂതി മതിതൻ സ്വാസ്ഥ്യം തകർക്കാതെ, നി–
ത്യാനന്ദത്തൊടൊലിച്ചൊലിച്ചു ഭഗവത്പാദത്തിലെത്തേണമേ!

കവി : **ടി. എം. വി.**

## 3.1336 നാരായണായെന്നു ജപിക്ക. . . (ഋഷി)

ഇന്ദ്രവജ്ര

നാരായണായെന്നു ജപിക്ക കാവെ–
ന്നാരോമലായിപ്പറയും യശോദാ
നാണംകുണുങ്ങീട്ടു ചിരിക്കുമപ്പോൾ
നാരായണൻ താനിതി വാസുദേവൻ

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.1337 നാലേ നാഴികയുള്ളു രാത്രി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

“നാലേ നാഴികയുള്ളു രാത്രി പുലരാൻ, പൂങ്കോഴി തൻ കൂവൽ കേ–
ട്ടീലേ കർണ്ണകഠോര?” – മെന്നിടർപെടും കാന്തന്റെയാ ഭാഷണം
പാലോലും മൊഴിയാളിൽ വാട്ടമൊട്ടുറങ്ങുന്നാ സ്മരസ്വാമിയെ–
ക്കാലേ പള്ളിയുണർത്തുവാനുതകിടും വൈതാളികോദ്ഗീതമായ്!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.1338 പാവം ഞാ, നഴകില്ലെനിയ്ക്ക്. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പാവം ഞാ, നഴകില്ലെനിയ്ക്കൊരറിവില്ലെന്നിട്ടുമാശിപ്പു ഞാ–
നാ വിത്തേശനെ, യംഗജോപമനെ, യാ ജ്ഞാനപ്രദീപത്തിനെ
കൈവല്യത്തിന്ന സാധുമർത്ത്യനഖിലബ്രഹ്മാണ്ഡനാഥന്റെ കാൽ–
പ്പൂവോർക്കുന്നതസാധ്യമായ 'ദുര'യെന്നോതുന്നതുണ്ടോ ജനം?

കവി : **വി.കെ.ജി**

## 3.1339 കല്ലാലല്ല, സിമന്റിനാൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കല്ലാലല്ല, സിമന്റിനാലുമുയരെപ്പൊങ്ങും ധനപ്രാഭവ–
ത്തള്ളാലല്ല പടുക്കുവാനഭിലഷിച്ചീടുന്നതെൻ മന്ദിരം;
ഉല്ലാസാത്മകമായിടുന്ന കവിതാസങ്കൽപമേ, നിൻ മണി–
ച്ചില്ലാൽ തീർത്തൊരു കൊച്ചുമന്ദിരമെനിക്കാർന്നാൽ കൃതാർത്ഥൻ ഉലോം!

കവി : **ഡി. ശ്രീമാൻ നമ്പൂതിരി**

## 3.1340 ഉണ്ണുമ്പോഴുമുറങ്ങിടുമ്പൊഴും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉണ്ണുമ്പോഴുമുറങ്ങിടുമ്പൊഴു, മുണർന്നേൽക്കുമ്പൊഴും സംസൃതി–
ക്കണ്ണീരാഴിയലപ്പുറപ്പിലവശം നീന്തിക്കുഴങ്ങുമ്പൊഴും
തിണ്ണം മൃത്യുമുഖത്തിലും മമ മനോമഞ്ചപ്രപഞ്ചം സ്വയം
വെണ്ണക്കൃഷ്ണവിമോഹനാകൃതി വിളങ്ങും പൂവരങ്ങാകണം!

കവി: **വി. കെ. ജി.**

## 3.1341 തെണ്ടീട്ടാണശനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തെണ്ടീട്ടാണശനം, ഉണിയ്ക്കു പകരം തോലാണുടുത്തീടുവാൻ,
പണ്ടം പന്നഗമാണ, കണ്ട ചുടലക്കാടാണിരുന്നീടുവാൻ,
തണ്ടാർസായകവൈരിയാണ ഭഗവൻ! സർവ്വജ്ഞനാണെങ്കിലും
രണ്ടാളുണ്ട കളത്രമെന്റെ ശിവനേ! ചിത്രം ചരിത്രം തവ!

## 3.1342 ഉവെണ്ണപ്രിയനാണ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

"ഉവെണ്ണപ്രിയനാണ, പാൽക്കൊതിയനാ, ണത്തുംഗഗോവർദ്ധന–
ക്കുന്നേറ്റുന്നവനാണ പാവമിവ"നെന്നുള്ളോരപഖ്യാതിയെ
രാധേ! ഞാൻ കളയാൻ ശ്രമിച്ച പഴുതേ – നിന്മേനി ഉവെണ്ണതാൻ,
ക്ഷീരം പുഞ്ചിരി, നിന്റെ പോർമുലകളോ ഞാനേറ്റിടും കുന്നുകൾ!

കവി : **വി.കെ.ജി**

## 3.1343 രാവാകും രമണിക്കപായം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

രാവാകും രമണിക്കപായമതു വന്നപ്പോൾ സഹിക്കാഞ്ഞുടൻ
ചാവാനോ ചരമാബ്ധിയിൽ പുലകുളിപ്പാനോ പുറപ്പെട്ടഹോ
ഈ വിഖ്യാതനതായിടും ഹിമകരൻ കഷ്ടം നിറംകെട്ടതി–
ബ്ഭാവിക്കുന്നവതെന്നു സംശയമെനിക്കിന്നേരമിന്നേറെയും

കവി : **വെണ്മണി മഹൻ നമ്പൂതിരിപ്പാട്**

## 3.1344 ഇന്നാട്ടിൽത്തവ തൃക്കൊടി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇന്നാട്ടിൽത്തവ തൃക്കൊടിത്തുകിൽ പറപ്പിക്കേണമെങ്കിൽ ഭവാൻ
വന്നാലും, മടിയാതെ നൽകുവനതിന്നെൻ പ്രാണവാതത്തെയും;
എന്നാലീ മതമത്തനാം മുകിലനോ, കാൽ കൊണ്ടു മർദ്ദിക്കുവാ–
നെന്നാളും ലഭിയാ പവിത്രതരമാം തെന്നിന്ത്യ തൻ പാംസുവും!

കവി : **വള്ളത്തോൾ**, കൃതി : *കാട്ടെലിയുടെ കത്ത്*

## 3.1345 ഏകൈകമത്ര ദിവസേ. . . (ജ്യോതി)[228]

വസന്തതിലകം

ഏകൈകമത്ര ദിവസേ ദിവസേ മദീയം
നാമാക്ഷരം ഗണയ, ഗച്ഛസി യാവദന്തം
താവത് പ്രിയേ മദവരോധഗൃഹപ്രവേശം
നേതാജനസ്തവ സമീപമുപൈഷ്യതീതി

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

## 3.1346 തങ്കപ്പൂച്ചിനകത്തു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തങ്കപ്പൂച്ചിനകത്തു നേർത്തു മിനുസപ്പെട്ടുള്ള പട്ടിൽ പരം
പങ്കസ്പർശമെഴാതെ പോറ്റുമഴകേറീടുന്ന ഗാത്രങ്ങളും
തങ്കം വെണ്മകളൊക്കെയങ്ങു വെടിയും മണ്ണിന്നടിക്കീ വിധം
ശങ്കിക്കേണ്ടൊരു നാൾ ശയിക്കു, മഖിലം മണ്ണോട്ടു മണ്ണായിടും.

കവി : **മേരി ജോൺ തോട്ടം**

## 3.1347 തമംഗരാഗം. . . (ജ്യോതി)

ഉപേന്ദ്രവജ്ര

തമംഗരാഗം ദദതീം ച കുബ്ജാം
അനംഗബാണാഃ രുരുധുഃ കഥം താം?
കിമംഗ! വാസം ഭവതേ ദദാമി
വിരാഗവർഷം മയി നിക്ഷിപേസ്ത്വം?

കവി : **ജ്യോതിർമയി**

---

228 **[*ഉമേഷ്*] ശ്ലോകം 3.1345 :** പരിഭാഷ (**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**) :

ഇതിലെഴുതിയിരിക്കും മാമകേ നാമധേയേ
പ്രതിദിനമൊരു വർണ്ണം വീതമായെണ്ണണം നീ;
അതിനടയ സമാപ്താവസ്മദീയാവരോധം
മതിമുഖി! ദയിതേ! ത്വാം നേതുമാളെത്തുമെന്ന്.

## 3.1348 കുനിക്കു, ഗന്ധമിയലും. . . (ഉമേഷ്)

വസന്തതിലകം

കുനിക്കു, ഗന്ധമിയലും കറി കൂട്ടവേ, നീ
സൂനാസ്ത്രസായകവിമർദ്ദിതമാക്കി ചിത്തം;
ഞാനിന്നു വാസമഖിലം തവ നൽകിയാലും
നീ നൽകിടുന്നതു വിരാഗതയോ മുരാരേ?

കവി : ഉമേഷ് നായർ. കഴിഞ്ഞ ശ്ലോകത്തിന്റെ (*തമംഗരാഗം. . .* ) പരിഭാഷ.

## 3.1349 ഞാനത്യുത്തമമാം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഞാനത്യുത്തമമാം ഭവത്കഥകളെച്ചിത്രീകരിച്ചീടുവാൻ
ധ്യാനിയ്ക്കുമ്പൊഴുതാഞ്ഞു കേറുമിടയിൽ പ്രാപഞ്ചികാസക്തികൾ
നൂനം പാവനപാപപങ്കിലകഥാലേഖ്യങ്ങളൊന്നിയ്ക്കെയ–
ന്യൂനം മാമകചിത്തഭിത്തി ഗുരുവായൂരമ്പലം പോലെയായ്!

കവി : വി.കെ.ജി

## 3.1350 നന്നോ മെയ്യണിവാനമേ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

'നന്നോ മെയ്യണിവാനമേ ഫണി?', 'രമേ, മെത്തയ്ക്കു കൊള്ളാം!'; 'കണ്ണ–
ക്കെന്നോ കാളയിതേറുവാനനുദിനം?', 'മേച്ചീടുവാനുത്തമം!';
'എന്നാലെന്നുമിരന്നിടുന്നതഴകോ?', 'കക്കുന്നതിൽ ഭേദമാ'–
ണെന്നാക്കുന്നലർമങ്കമാരുടെ കളിച്ചൊല്ലിങ്ങു താങ്ങാകണം!

കവി : കാത്തുള്ളിൽ അച്യുതമേനോൻ

## 3.1351 എന്നാൽ പോയിവരാം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

എന്നാൽ പോയിവരാം തിരിച്ചുവരവെ,ന്നെങ്ങേതുരൂപത്തിലെ–
ന്നൊന്നും തന്നെയറിഞ്ഞുകൂട – യഭിലാഷത്താലുമെന്തേ ഫലം?
എന്നാലും മനമാഗ്രഹിപ്പൂ നരനായ്ത്തീരുന്നുവെന്നാകിൽ ഞാൻ
വൃന്ദാരണ്യവിഹാരിതൻ പദയുഗം ധ്യാനിയ്ക്കുമാറാകണം

കവി : വി.കെ.ജി

## 3.1352 എന്തേ വിസ്മയ, മേതുമില്ല. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

എന്തേ വിസ്മയ, മേതുമില്ല കവിതാസാമർത്ഥ്യമെന്നാൽ ഭവാ–
നിന്നേറെക്ക്ഷണിച്ചിവണ്ണമുളവാക്കീട്ടെന്തു സാധ്യം സഖേ?
മുന്നേ ഗർഭിണിയായ നാൾ മുദിതയായ് മാതാവു നേർന്നിട്ടിതു–
ണ്ടെന്നോ താൻ കവിയായ് ജനങ്ങളെ വലച്ചീടേണമെന്നിങ്ങനേ?

കവി : വെണ്മണി മഹൻ നമ്പൂതിരിപ്പാട്

## 3.1353 മകൻ പരിക്കേറ്റു. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മകൻ പരിക്കേറ്റു കിടക്കിലെന്തു,
മഹാരഥൻ ശിഷ്യനടുക്കലില്ലേ!
'രാമൻ ജഗത്സത്തമനാണ' പോലും!
വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം!

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1354 രാവേറെച്ചെല്ലുവോളം. . . (ജ്യോതി)

സ്രഗ്ദ്ധര

രാവേറെച്ചെല്ലുവോളം പല ശകടഗണത്തിൽ, പദത്താൽ വലം വെ–
ച്ചാവിർമ്മോദം വണങ്ങും ജനതയെ നിതരാം കാത്തു രക്ഷിച്ചുകൊണ്ടും,
കാവിൽ, ചാരത്തുമേവും ദയിതയെ, യരികിൽത്തന്നെ വാഴുന്ന വെണ്ണ–
ക്കണ്ണന്നമ്പാടിയേയും തഴുകിന മിഴിയീ മണ്ണു വിണ്ണാക്കിടട്ടെ!

കവി : **പി.സി. രഘുരാജ്**

## 3.1355 കാറ്റേൽക്കുമ്പോൾ തിളങ്ങും. . . (ഉമേഷ്)

സ്രഗ്ദ്ധര

കാറ്റേൽക്കുമ്പോൾ തിളങ്ങും തൊട്ടുകറി,കറിയിൽച്ചേർത്തുവെച്ചൂതിയെന്നാൽ
മാറ്റേറും വില്ലു, വില്ലിൻ മുകളിലമരുവോർക്കല്ലൽ തീർപ്പോരു ബാണം,
പോറ്റീ! ബാണം കിടക്കും മണിമയസദനം കങ്കണം, കങ്കണത്തി–
ന്നുറ്റം കാ, റ്റെത്ര നന്നിത്തൊഴിലുകൾ, ശിവപേരുരെഴും തിങ്കൾമൗലേ!

## 3.1356 പോകുന്നിതാ വിരവിൽ. . . (ജ്യോതി)

വസന്തതിലകം

പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു
സാകൂതമാം പടി പറന്നു നഭസ്ഥലത്തിൽ
ശോകാന്ധനായ് കുസുമചേതന പോയമാർഗ്ഗം
ഏകാന്തഗന്ധമിതു പിൻതുടരുന്നതല്ലീ?

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.1357 ശ്രീകേറ്റ ലാസ്യപദമായ്. . . (ഉമേഷ്)

വസന്തതിലകം

ശ്രീക്കേറ്റ ലാസ്യപദമായ് ഭുവി സഹ്യമാകു–
മാക്കേലി പൂണ്ട മലയുണ്ടു വിളങ്ങിടുന്നു
ഈക്കേരളാഖ്യവിഷയത്തിനു നേർകിഴക്കാ–
യൂക്കേറിടും പ്രകൃതി കെട്ടിയ കോട്ട പോലെ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1358 ഇക്കൊച്ചു നീർത്തുള്ളി. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഇക്കൊച്ചു നീർത്തുള്ളിയുമീശ്വരന്റെ
കമ്മട്ടമേ നിന്നുടെ നാണ്യമല്ലേ?
അതിന്റെയിങ്ങേവശമാണു ഞങ്ങൾ
വായിച്ചതങ്ങേവശമന്യലേഖം

കവി : **ഉള്ളൂർ**, കൃതി : *ഒരു മഴത്തുള്ളി*

## 3.1359 അമ്മ സമ്പ്രതി. . . (ഉമ)

രഥോദ്ധത

അമ്മ സമ്പ്രതി കുളിയ്ക്കയാണു; തൽ–
സമ്മതത്തെ ലഭിയാതൊരിയ്ക്കലും
ഇമ്മണീഗൃഹമണഞ്ഞിടാവത–
ല്ലമ്മഹേശ്വരനു,മെന്നു നിശ്ചയം

കവി : **വള്ളത്തോൾ** , കൃതി : *ഗണപതി*

## 3.1360 ഇത്ഥമഭ്യസന. . . (ജ്യോതി)

രഥോദ്ധത

ഇത്ഥമഭ്യസനനിർഭരോല്ലസ–
ത്വത്പരാത്മ സുഖകൽപിതോത്സവാഃ
മുക്തഭക്തകുലമൗലിതാം ഗതാഃ
സഞ്ചരേമ ശുകനാരദാദിവത്

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം (ദശകം 4)*

## 3.1361 മേരു ചേർന്നു, മരുദാശു. . . (ഉമേഷ്)

രഥോദ്ധത

മേരു ചേർന്നു, മരുദാശുവാഹനൊ–
ത്തോരുമാസ്തനപുരസ്കൃതൻ കൃതി
ചാരുപൊന്തളിർവിരിപ്പിൽ വാണു വാ–
മോരുവൊത്തിരവിലാ രതോത്സുകൻ.

കവി : **കുണ്ടൂർ**, കൃതി : *കുമാരസംഭവം തർജ്ജമ (സർഗ്ഗം 8)*

## 3.1362 ചൊല്ലേണം നാമമെന്നുള്ളതു. . . (ഹരി)

സ്രഗ്ധര

ചൊല്ലേണം നാമമെന്നുള്ളതു പലരുമറിഞ്ഞും പറഞ്ഞും കഴിഞ്ഞാൽ
ചൊല്ലീടുന്നോർ കനക്കെക്കുറയുമതു മഹാപാപമെന്നും പ്രസിദ്ധം
ചൊല്ലീട്ടെന്തെന്നു മറ്റുള്ളവർകൾ പരിഹസിച്ചാൽ നമുക്കല്ല ദുഖം
ചൊല്ലേറും വ്യാസനും പാർത്ഥനു രഥതുരഗം മേച്ചുമേവും നിനക്കും!

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.1363 ചിത്താന്തേ വൃത്തികേടിൻ. . . (ജ്യോതി)

സ്രഗ്ധര

ചിത്താന്തേ വൃത്തികേടിൻ കുമിളകളുളവാകുന്ന നേരത്തുപോലും
വൃത്തക്കുട്ടിട്ടു തുക്കും വികൃതി, യിതൊഴിയാ ബാല്യദൗർബ്ബല്യശല്യം
അത്യന്തം ശ്രദ്ധയോടെൻ ഹരിയുടെ യപദാനങ്ങളാവിഷ്കരിയ്ക്കേ
സൂത്രത്തിൽ പേന തട്ടിച്ചപലമതി ചിലയ്ക്കട്ടെ കന്ദർപ്പസൂക്തം!

കവി : **വി.കെ.ജി**

## 3.1364 ആക്കം പൂണ്ടഷ്ടമീരോഹിണി. . . (ഹരി)

സ്രഗ്ദ്ധര

ആക്കം പൂണ്ടഷ്ടമീരോഹിണിയൊരുമകലർന്നോരുനാളർദ്ധരാത്രൗ
ചൊൽക്കൊള്ളും ചിങ്ങമാസേ മുഴമതിയുമുദിക്കുന്ന മുഖ്യേ മുഹൂർത്തേ
തൃക്കയ്യിൽ ശംഖുചക്രാംബുജഗദകൾ ധരിച്ചോരു ബാലസ്വരൂപം
തക്കത്തിൽ ദേവകിക്കും കണവനമണയെദ്ദർശിതം കൈതൊഴുന്നേൻ!

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.1365 ള്ളുവെള്ളിപ്പർവ്വതത്തിൻ. . . (ഉമേഷ്)

സ്രഗ്ദ്ധര

ള്ളുവെള്ളിപ്പർവ്വതത്തിൻ കൊടുമുടിയിലിരിപ്പാ, ണിരപ്പാളിയാ, ണ–
പ്പൂവമ്പദ്വേഷിയാ, ണത്തനു പകുതിയുമയ്ക്കുള്ളതാണുള്ളൊടൊപ്പം,
വേവിക്കും തീയു കണ്ണിൽ, കരുണയുടെ കളിത്തട്ടു, മങ്ങെങ്ങുമേവം
ഭാവിക്കും പോലെയാടും നവനടനകലാദക്ഷ, മാം രക്ഷ രക്ഷ!

കവി : **വി. കെ. ജി.**

## 3.1366 വിദ്യാ സമസ്താഃ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വിദ്യാ സമസ്താസ്തവ ദേവി! ഭേദാഃ
സ്ത്രിയഃ സമസ്താസ്സകലാ ഗഗത്സു
ത്വയൈകയാ പൂരിതമംബയൈതത്
കാ തേ സ്തുതിഃ സ്തവ്യപരാ പരോക്തി

കൃതി : *ദേവീമാഹാത്മ്യം*

## 3.1367 താളത്തിനൊത്തു സരസം. . . (ഋഷി)

വസന്തതിലകം

താളത്തിനൊത്തു സരസം ചിലർ കൈയടിച്ചും
മേളത്തിനൊത്തു പലരും തല മന്ദമാട്ടി
തോളിൽപ്പിടിച്ചു ചിലർ മറ്റവരെക്കുലുക്കി
നാളീകനേത്രയവൾ നോക്കിയതില്ലയൊന്നും

കവി : **സിസ്റ്റർ മേരീ ബനീഞ്ഞ**, കൃതി : *മാർത്തോമാവിജയം*

## 3.1368 തണ്ണീർ മുക്കിക്കുടിക്കുമ്പൊഴുതു. . . (ഹരി)

സ്രഗ്ദ്ധര

തണ്ണീർ മുക്കിക്കുടിക്കുമ്പൊഴുതു കൊടുവിഷം തട്ടിമോഹിച്ചുവീണോ–
രുണ്ണിഗ്ഗോപാലരെക്കണ്ടൊരുദിനമുടനേചെന്നു കാരുണ്യവേഗാൽ
ഉണ്ണിക്കാൽകൊണ്ടു വണ്ണം പെരിയ ഫണിവരൻ തന്നെ മർദ്ദിച്ചു പിന്നേ
ദണ്ഡം കൂടാതയച്ചീടിന പരമവിഭോ, നിന്നെ ഞാൻ കൈതൊഴുന്നേൻ!

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

## 3.1369 ഊക്കേറും പകപോക്കുവാൻ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഊക്കേറും പകപോക്കുവാനവസരം നോക്കിക്കിടക്കട്ടെയ-
പ്പാക്കിസ്ഥാ, നനൃതപ്രചാരകുതുകം തേടട്ടെ നേപ്പാളവും,
നാക്കിൽ സൗഹൃദവാ, ക്കകത്തുനിറയെ സാമ്രാജ്യദാഹം തരം
നോക്കിത്തോക്കുമെടുത്തു ചാടുമിവളെസ്സൂക്ഷിയ്ക്കണം, ചീനയെ!

കവി : വി.കെ.ജി

## 3.1370 നീറും തീപ്പൊരി കണ്ണിലും. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

നീറും തീപ്പൊരി കണ്ണിലും, നിറമെഴും ചന്ദ്രൻ ശിരസ്സിങ്കലും,
ചീറും പാമ്പു കഴുത്തിലും ചെറുപുലിത്തോൽ നല്ലരക്കെട്ടിലും,
സാരംഗം മഴുവും കരങ്ങളിലുമങ്ങീശന്നു ചേരും പടി-
യ്ക്കാറും പിന്നെയൊരാറുമെന്നിവ ഗണിച്ചീടുമ്പൊളേഴായ് വരും.

## 3.1371 സൗകര്യാർത്ഥ,മതീവ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

സൗകര്യാർത്ഥ, മതീവശുദ്ധിയെഴുമൂണച്ഛിഷ്ടമേശപ്പുറ-
ത്താകുന്നു, മലമൂത്രശോധന കുളിച്ചീടും മുറിയ്ക്കുള്ളിലും
ലോകത്താർക്കുമറപ്പുമാത്രമുളവാക്കീടുന്നൊരപ്പന്നിയാ-
ണല്ലോ സൂകരം; ആയതിന്റെ ഗുണമേ 'സൗകര്യം', അന്വർത്ഥമായ്!

കവി : പി.സി.മധുരാജ്

## 3.1372 ലാവണ്യക്കടലിൽക്കളങ്കം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ലാവണ്യക്കടലിൽക്കളങ്കമിയലാതുണ്ടായ വാർതിങ്കളോ,
പൂവമ്പന്റെ പുകഴ്ച കാട്ടി വിലസും പുത്തൻ കൊടിക്കൂറയോ,
ദൈവത്തിന്റെ വിചിത്രസൃഷ്ടിവിരുതോ, ശൃംഗാരസൂക്തോന്മിഷൽ-
കൈവല്യപ്പൊരുളോ, നമുക്കെതിരിലിക്കാണാകുമേണാക്ഷിയാൾ?

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

## 3.1373 ദൈവം പ്രമാണമഖിലത്തിനും. . . (ഋഷി)

വസന്തതിലകം

ദൈവം പ്രമാണമഖിലത്തിനുമെന്നുറച്ചീ-
പ്പാവം കിടന്നു വലയുന്നു കുറച്ചുനാളായ്
ഏവം ഭവാനു തിരുവുൾത്തളിരിൽ ദയാർദ്ര-
ഭാവം ജനിക്കിലിതിനൊക്കെ നിവൃത്തിയായി

കവി : നടുവത്ത് അച്ഛൻ നമ്പൂതിരി

## 3.1374 ഏകത്ര കൊങ്കകൾ. . . (ഉമേഷ്)

വസന്തതിലകം

ഏകത്ര കൊങ്കകൾ, പരത്ര നിതംബബിംബം,
പാകത്തിലീയവയവങ്ങൾ തടിച്ചിടുമ്പോൾ,
ശോകത്തൊടക്കഥ നിനച്ചു ചടച്ച മദ്ധ്യം;
ലോകത്തിലേവനുമസൂയ കൃശത്വമേകും.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1375 ശരി,യിവനറിവായി. . . (കർത്താ)

പുഷ്പിതാഗ്ര

ശരി,യിവനറിവായി,ശ്ശുദ്ധഭക്തി–
ത്തിരിമറവായി; തമസ്സുമൂടിയെങ്ങും
ഭരിതവിഷഹൃദന്തനെങ്ങു കാണാ–
നരിയ ഗുണാപ്തനിലുള്ള നിന്നെ കൃഷ്ണ!

കവി : **യൂസഫലി കേച്ചേരി**, കൃതി : *കൃഷ്ണ, നീയെവിടെ?*

## 3.1376 ഭംഗ്യാ വാർകൊങ്കയെന്നും. . . (ഉമേഷ്)

സ്രഗ്ദ്ധര

ഭംഗ്യാ വാർകൊങ്കയെന്നും, മണികലശയുതം മാരസാമ്രാജ്യലക്ഷ്മീ–
മംഗല്യസ്ഥാനമംസദ്വയമഹിതമണിത്തോരണം മാറിടം തേ
ശൃംഗാരാവാസഭ്രമേ, പുനരിരുപുറവും ഉക്കമപ്പുഷ്പമാലാ–
ശങ്കാമങ്കുരയത്യമ്പൊട്ടു കരയുഗളീ തത്ര കൗണോത്തരേ, തേ.

## 3.1377 ശൈലാനാമവരോഹതീവ. . . (ജ്യോതി)[229]

ശാർദ്ദൂലവിക്രീഡിതം

ശൈലാനാമവരോഹതീവ ശിഖരാദുന്മജ്ജതാം മേദിനീ
പർണ്ണസ്വാസ്തരലീനതാം വിജഹതി സ്കന്ധോദയാത് പാദപാഃ
സന്താനം തനുഭാവനഷ്ടസലിലാ വ്യക്തം വ്രജന്ത്യാപഗാഃ
കേനാപ്യുത്ക്ഷിപതേവ മർത്യഭുവനം മത്പാർശ്വമാനീയതേ

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

## 3.1378 സൽപ്പാത്രത്തിലൊഴിച്ചതില്ലൊരു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സൽപ്പാത്രത്തിലൊഴിച്ചതില്ലൊരു തവിത്തോയം, ഗുരുശ്രീപദ–
പ്പൊൽപ്പൂവൊന്നു തലോടിയില്ല, സമയേ ചെയ്തീല സന്ധ്യാർച്ചനം,
കെൽപ്പേറും യമരാജകിങ്കരഖരവ്യാപാരഘോരാമയം
നിൽപ്പാനുള്ള മരുന്നു ഞാൻ കരുതിയില്ലമ്മേ ഭയം മേ പരം!

കവി : **ഒറവങ്കര**

## 3.1379 കാലത്തുമന്തിയ്ക്കും. . . (ജ്യോതി)

ഇന്ദ്രവജ്ര

കാലത്തുമന്തിയ്ക്കുമൊരൽപ്പനേരം
വെണ്മേടയിപ്പൂച്ചെടികൾക്കടുക്കെ
ലാത്തട്ടെ വണ്ടാർകുഴലാളൊരുത്തി
ഞാനെന്തിനാവോ നെടുവീർപ്പിടുന്നു!

---

[229] [*ഉമേഷ്*] **ശ്ലോകം 3.1377 :** പരിഭാഷ (**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**) :

പൊങ്ങിപ്പോരുന്ന ശൈലങ്ങളുടെ മുകളിൽ നിന്നൂഴി താൻ താണിടുന്നോ?
തിങ്ങിപ്പത്രങ്ങളായ് കണ്ടതു ഝടിതി മരക്കൂട്ടമായ് തീർന്നിടുന്നു
മങ്ങിപ്പാഥസ്സു കാണാഞ്ഞൊരു പുഴകൾ തെളിഞ്ഞുല്ലസിക്കുന്നു, കാഴ്ചയ്-
ക്കിങ്ങിപ്പാരുന്നമിപ്പിച്ചൊരുവനരികിലേയ്ക്കാനയിക്കുന്നതോ മേ?

കവി : **വി.കെ.ജി**

## 3.1380 ലോകം ഭാഗികഹൃഷ്ടം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ലോകം ഭാഗികഹൃഷ്ടമാ, ണതിലസംതൃപ്തസ്പൃഹൻ നീ കൃപാ–
സേകം കൊണ്ടു സമസ്തവിശ്വസുഖമേ കാംക്ഷിച്ചുവെന്നാകിലും
നാകം കിട്ടുകിലായതും നരകമാക്കീടും നരൻ ചെയ്വതോ,
ശോകം താനപരന്നണച്ചതിലെഴും സംതൃപ്തിയുൾക്കൊൾകയാം.

കവി : **യൂസഫലി കേച്ചേരി**, കൃതി : *അഹൈന്ദവം*

## 3.1381 നാലഞ്ചക്ഷരവും പഠിച്ച. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻ പാദം തലോടീ ചിരം
പാലഞ്ചും മൊഴി തന്നപാംഗ വലയിൽപ്പെട്ടേനഴന്നേൻ ചിരം
കോലം കെട്ടുക കോലകങ്ങളിൽ നടക്കെന്നുള്ള വേലയ്ക്കിനി–
ക്കാലം വാർദ്ധകമാകയാലടിയനെച്ചാടിക്കൊലാ ഭൂപതേ!

കവി : **കുഞ്ചൻ നമ്പ്യാർ**

## 3.1382 കേകയ്ക്കും കാകളിക്കും. . . (കർത്താ)

സ്രഗ്ദ്ധര

കേകയ്ക്കും കാകളിക്കും സരളമൊഴിയനഷ്ടുപ്പിനും നീക്കുപോക്ക–
റ്റാകൽപം സ്രഗ്ദ്ധരയ്ക്കും പുതിയതലമുറക്കാരടുത്തുങ്ങൺ കൊടുക്കേ
ആകമ്രാകാരമോലും വിബുധകമനിമാർ, വൃത്തതന്വംഗിമാരീ
ശോകശ്ലോകത്തൊടേ പോയ് ബധിരകവികളെക്കണ്ടു മിണ്ടാതെ നിൽപാം.

കവി : **യൂസഫലി കേച്ചേരി**, കൃതി : *അട്ടുത്തുങ്ങൺ (കുറുങ്കവിതകൾ)*

## 3.1383 ആലംബം നാലു വേദത്തിനും. . . (ഉമേഷ്)

സ്രഗ്ദ്ധര

ആലംബം നാലു വേദത്തിനു, മഖിലജഗത്സാക്ഷി വേദാന്തികൾക്കും,
ലോലംബം യോഗികൾക്കും, ഹൃദയകുവലയത്തിങ്കലാതങ്കഹീനം,
കാലൻ കംസാദികൾക്കും – പലതുമിതുവിധം കേളിയാടും യശോദാ–
ബാലൻ ഗോപാലകൃഷ്ണൻ തിരുവടി കരുണാപാംഗമിങ്ങേകിടട്ടേ!

## 3.1384 കൊമ്പൊന്നു പോയ് ചോരയിലാണ്ടു. . . (ഉമ)

കൊമ്പൊന്നു പോയ് ചോരയിലാണ്ടു നിൽക്കും
ഗജാസ്യനെക്കണ്ടതി സംഭ്രമത്താൽ
'എന്തെ,ന്തിതെ'ന്നീശ്വര പത്നി പാഞ്ഞു
ചെന്നങ്ങെടുത്തങ്കതലത്തിൽ വെച്ചു

കവി : **വള്ളത്തോൾ** , കൃതി : *ശിഷ്യനും മകനും*

## 3.1385 ഏതോടക്കുഴലിൻനിനാദം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഏതോടക്കുഴലിൻനിനാദമധുരസ്രോതസ്സ ഗോപാംഗനാ–
വ്രാതത്തിൻ ഭവബന്ധനങ്ങളവസാനിപ്പിച്ചു മാത്രയ്ക്കകം
ഏതിൻ പൂർണ്ണരസാനുഭൂതി മുനിമാരാലും സമാസാദ്യമ–
ശ്രീതാവും മുകിൽവർണ്ണ മുഗ്ദ്ധമുരളീ, നിന്നെബ്ഭജിയ്ക്കുന്നു ഞാൻ!

കവി : വി.കെ.ജി

## 3.1386 ഏണിക്കുട്ടിവിലോലദൃഷ്ടി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഏണിക്കുട്ടിവിലോലദൃഷ്ടികൾമുടിക്കല്ലായ് വിളങ്ങീടുമീ
നാണിക്കുട്ടിയെ നന്മയോടുമിളയിൽ പെട്ടെന്നു സൃഷ്ടിക്കുവാൻ
വാണിക്കിഷ്ടനഹോ! രമാഗിരിസുതാരംഭോർവ്വശീമേനകേ–
ന്ദ്രാണിക്കുട്ടികളെച്ചമച്ചു സരസം ശീലിച്ചുപോലിച്ഛയാ.

കവി : ഒറവങ്കര

## 3.1387 വഴിക്കുമങ്ങു സീറ്റിലും. . . (ബാലേന്ദു)

പഞ്ചചാമരം

വഴിക്കുമങ്ങു സീറ്റിലും ചരക്കുകെട്ടു വയ്പവർ,
തിരക്കിലൊത്തുകിട്ടുകിൽ കവർച്ച ചെയ്തിടുന്നവർ,
ഇരക്കുവാൻ വരുന്നവർ, തിരക്കുവാൻ വരുന്നവർ,
തിരക്കിലൊന്നുരസ്സിടും രസത്തിനായ് വരുന്നവർ.

കവി : ബാലേന്ദു

## 3.1388 ഇടത്തുപക്ഷമാകിലും. . . (ഉമേഷ്)

പഞ്ചചാമരം

ഇടത്തുപക്ഷമാകിലും, വലത്തുപക്ഷമാകിലും,
കടുത്ത ഭീതിയേകിടും ജനത്തിനീ നരാധമർ;
മടുത്തു നമ്മളെങ്കിലും പ്രതീക്ഷയോടെയത്തെര–
ഞ്ഞെടുത്തിടും ദിനത്തിൽ വോട്ടു ചെയ്തിടുന്നു പിന്നെയും!

കവി : ഉമേഷ് നായർ

## 3.1389 മനം മടുത്തു ജീവിതം. . . (ജ്യോതി)

പഞ്ചചാമരം

മനം മടുത്തു ജീവിതം കളഞ്ഞു നീ ഉലയ്ക്കൊലാ
നിരന്തരം തരപ്പെടുന്ന സേവനങ്ങൾ ചെയ്തിടൂ
അതാണതാണു മംഗളം തരുന്ന വിദ്യയെന്നു നാം
നിനച്ചു; സേവ കിട്ടുവാൻ കൊതിച്ചിരിപ്പു നിർത്തണം.

കവി : ജ്യോതിർമയി

## 3.1390 അടച്ചുവച്ച പീസി. . . (ബാലേന്ദു)

പഞ്ചചാമരം

അടച്ചുവച്ച പീസി ഞാൻ ഉറന്നതിന്നിടയ്ക്കിതാ
പടച്ചുവിട്ടു രണ്ടുപേർ തികഞ്ഞ പഞ്ചചാമരം;
ഉടങ്ങുമീവിധം സദസ്യരൊക്കെയെങ്കിലീശ്വരാ
മടുത്തുപോകുകില്ലയോ ഇടയ്ക്കുപെട്ടുപോകുവോർ?

കവി : **ബാലേന്ദു**

## 3.1391 ഉമ്പിക്കൈ രണ്ടു കൊമ്പെന്നിവ. . . (വാസുദേവൻ)

സ്രഗ്ദ്ധര

ഉമ്പിക്കൈ രണ്ടു കൊമ്പെന്നിവ തടവരുളിക്കൊണ്ടുനിന്നിട്ടു, മമ്പാൽ–
ക്കുംഭീന്ദ്രാസ്യന്നമമ്മട്ടുമുഖനമൊരാൾ മുന്നമമ്മിഞ്ഞനൽകി;
പിമ്പിപ്പോളൊറ്റവായും നരവടിവുമെഴം പിള്ളകൾക്കും മുലപ്പാൽ
ഉമ്പില്ലാഞ്ഞോ കൊടുക്കാൻ മടി മഹിളകളേ തീരെയമ്പില്ലയാഞ്ഞോ?

കവി : **ടി. എം. വി.**

## 3.1392 പാതും ന പ്രഥമം. . . (ഉമേഷ്)[230]

ശാർദ്ദൂലവിക്രീഡിതം

പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ,
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം,
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാഃ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം, സർവൈരനുജ്ഞായതാം.

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

## 3.1393 ആറീ തെക്കുപുറത്തെരിഞ്ഞ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ആറീ തെക്കുപുറത്തെരിഞ്ഞ ചിതയിൽച്ചെന്തീ, യതീ നെഞ്ചിലെ–
ന്നാറാനാണ, വിഷാദചിന്ത വിറകെട്ടീടുമ്പൊളീമട്ടതിൽ;
തോരാതുള്ളൊരു കണ്ണനീരിതു വിറക്കൊള്ളുന്നൊരീക്കൈകളിൽ
ക്കോരാനും നിജനാഥനുള്ളൊരുദകം നൽകാനുമായെൻ വിധി!

കവി : **ടി. എം. വി.**, കൃതി : *സതീധർമം*

## 3.1394 തപ്പുന്നൂ ബാഗു. . . (കർത്താ)

സ്രഗ്ദ്ധര

തപ്പുന്നൂ ബാഗു, താന്താങ്ങളുടെ മടികളും, കീശയും; തീകൊളുത്തി–
ച്ചപ്പുന്നൂ പിന്നെയോരോ ലഹരികളലസം ചുണ്ടിനാൽ ഗോഷ്ഠി കാട്ടി;
'കൈപ്പുണ്യ' ശ്ലോകർ വാഴും പെരിയ നരകമാം ബോഗികൾ മാത്രമല്ലാ
ഉപ്പുന്നൂ വണ്ടിയും നൽപ്പുക; കവിതകൾതൻ പേരിലീ ഞാനുമേവം!

കവി : **കരിമ്പുഴ രാമചന്ദ്രൻ**, കൃതി : *ഒരു ഉദ്യോഗസ്ഥന്റെ യാത്രാപ്രാരാബ്ധങ്ങൾ*

---

[230] *[ഉമേഷ്]* **ശ്ലോകം 3.1392 :** പരിഭാഷ (**വള്ളത്തോൾ**):

വെള്ളം മുമ്പു കുടിപ്പതിന്നു ഉനിയാ നിങ്ങൾക്കു നൽകാതെയാർ,
നുള്ളാറില്ലണിവാൻ കൊതിക്കുകിലുമാരൻപാൽ ഭവത്പല്ലവം,
നല്ലോരുത്സവമാർക്കു നിങ്ങടെ കടിഞ്ഞൂൽപ്പൂപ്പിറ, പ്പേകുകി-
ങ്ങെല്ലാരും വിട, യശ്ശകുന്തളയിതാ പോകുന്നു കാന്താലയേ.

## 3.1395 കൃഷ്ണാ, നിന്നുടെയദ്ഭുതങ്ങൾ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കൃഷ്ണാ നിന്നുടെയദ്ഭുതങ്ങൾ നിറയും തന്ത്രങ്ങളാം നിശ്ചയം
ദുഷ്ടന്മാരെ മുടിച്ചു പാണ്ഡവർ ജയം നേടീടുവാൻ കാരണം
ചക്രത്താൽ രവിയേ മറച്ചിരുളിലായ് ദിക്കൊക്കേ മൂടിബ്ഭവാൻ
പാർത്ഥൻ തൻ കുരുസോദരീവരവധപ്പട്ടാങ്ങു പാലിച്ചിതേ

## 3.1396 ചിത്താബ്ജം തുയിലാർന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ചിത്താബ്ജം തുയിലാർന്നു പോകിലുമതാണദ്ധ്യാത്മവിദ്യാലയം,
തത്ത്വജ്ഞാനനിലീനദർപ്പണദളം തത്രൈവഗുപ്തം സദാ
യുക്തിയ്ക്കൊത്ത വിമാനമേറി, യറിവിൻ തത്ത്വാഭ കണ്ടെത്തുവാൻ
മർത്ത്യാ, നീയിവിടെത്രകാലമിനിയും വിദ്യാർത്ഥിയായ് മേവണം?

, കൃതി : *(സമസ്യാപൂരണം)*

## 3.1397 യാഗത്തിന്നു വധിച്ചിടാം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

യാഗത്തിന്നു വധിച്ചിടാം പശുവിനെ, പ്പയ്യാറ്റുവാൻ കൊൽവതാ–
ണാഗസ്സെന്നു വിധിപ്പതും, ലഹരിപാനീയത്തെ വർജ്ജിക്കുവോർ
ഭോഗത്താൽ ക്രതുവേദിതന്നിലതിനെസ്സാധൂകരിക്കുന്നതും,
യോഗക്ഷേമവിധിജ്ഞരേ! വരമുനിപ്രോക്തങ്ങളെന്തോ മതം?

കവി : **യൂസഫലി കേച്ചേരി**, കൃതി : *സോമയാഗം*

## 3.1398 ഭക്തന്മാർ പെരുകുന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഭക്തന്മാർ പെരുകുന്നു, വിപ്ലവമഹാവിക്ഷോഭമുള്ളോർകളും
മുക്തിയ്ക്കായ് കപടം നടിച്ചു നടകൊണ്ടീടുന്നു ദേശാന്തരം,
സത്യം വിറ്റുപെറുക്കി വസ്തുവകയായ് മാറ്റിക്കഴിഞ്ഞുള്ളവർ–
ക്കത്യന്തം ഭയമുണ്ടു, സത്യഭയമേ ഭക്തിക്കെഴും കാരണം!

കവി : **ഏവൂർ പരമേശ്വരൻ**

## 3.1399 സുരുചിരമുഖപദ്മം. . . (കർത്താ)

പുഷ്പിതാഗ്ര

സുരുചിരമുഖപദ്മമു; ണ്ടതിങ്കൽ–
ക്കരുണനിറഞ്ഞിരുനീലപദ്മവും തേ!
ഒരു കരമമരുന്ന പദ്മവും, നി–
ന്തിരുപദപദ്മവു–മങ്ങു പദ്മനാഭൻ.

കവി : **കരിമ്പുഴ രാമചന്ദ്രൻ**, കൃതി : *നവകം*

## 3.1400 ഒരേ കളിപ്പാട്ടമൊരേ. . . (ജ്യോതി)

ഉപേന്ദ്രവജ്റ

ഒരേ കളിപ്പാട്ടമൊരേകളിക്കു–
ത്തൊരേ കളിക്കൊട്ടിലൊരേ വികാരം
ഒരാൾക്കു മറ്റാൾ തണ, ലീ നിലയ്ക്കാ–
യിരുന്നു ഹാ കൊച്ചുകിടാങ്ങൾ ഞങ്ങൾ

കവി : **നാലാപ്പാട്ട്**, കൃതി : *കണ്ണുനീർത്തുള്ളി*

## 3.1401 ഒരത്ഭുതത്തുമണമാ. . . (ഉമേഷ്)

ഉപേന്ദ്രവജ്ര

ഒരത്ഭുതത്തുമണമാ സ്ഥലത്ത
പരന്നു പാറീ കുളിർകാറ്റിനൊപ്പം
നിരന്തരം വന്നു പൊഴിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചി തന്നിൽ.

കവി : **വള്ളത്തോൾ**, കൃതി : *തോണിയാത്ര*

## 3.1402 നഗ്നം ഹാ മേനി ചാൺ. . . (കർത്താ)

സ്രഗ്ദ്ധര

'നഗ്നം ഹാ! മേനി ചാൺ താനുടുതുണി കിഴിയാൻ ബാക്കി, രക്ഷിക്ക'യെന്നു–
ദ്വിഗ്നം സ്ത്രീചിത്തമാർക്കേ, തനുവിൽ പുടവയായാർ സ്വയം ചൂഴ്ന്നിണങ്ങീ,
ഭഗ്നം സാമ്രാജ്യമാരോ കടുകിട കുറയാതാവഹം ചെയ്തുനേടീ,
മഗ്നം മച്ചിത്തമിന്നാ വിസ്മര മഹിമാമുഗ്ദ്ധദുഗ്ദ്ധാർണ്ണവത്തിൽ!

കവി : **യൂസഫലി കേച്ചേരി**, കൃതി : *മർത്ത്യഗന്ധപ്രിയൻ*

## 3.1403 ഭക്ത്യാ സേവിക്ക പൂജ്യാൻ. . . (ഉമേഷ്)[231]

സ്രഗ്ദ്ധര

ഭക്ത്യാ സേവിക്ക പൂജ്യാൻ, മരുവുക സഖിയെപ്പോൽ സപത്നീജനത്തിൽ,
ഭർത്താവിൻ വിപ്രിയം ചെയ്യരുതു നികൃതയെന്നാകിലും രോഷമൂലം,
അത്യന്തം ഭൃത്യരിൽ വാഴ്ക സരളതയാ, ഗർവ്വമുത്സൃജ്യ ഭോഗേ–
ഷ്വിത്ഥം സ്ത്രീകൾ ഭവിക്കുന്നിതു ഗൃഹിണികളാ, യന്യഥാ ഗേഹബാധാഃ

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.1404 അമ്പാടി തന്നിൽ. . . (ഉമ)

അമ്പാടി തന്നിൽ കില ബാലകന്മാ–
രമ്പോടു മന്ദം വളരും ദശായാം
സമ്പന്നമോദം ഭുവനേ ഭവിച്ചൂ
സമ്പത്തനേകം ഭുവി സംഭരിച്ചൂ

കവി : **കുഞ്ചൻ നമ്പ്യാർ** , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.1405 സ്വാതന്ത്ര്യമെന്നുള്ളൊരനർഘ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സ്വാതന്ത്ര്യമെന്നുള്ളൊരനർഘശബ്ദ–
മാനന്ദമാണായതു നേടുവാനായ്
ഇപ്പാരതന്ത്ര്യക്കടൽ നീന്തി നീന്തി–
ച്ചെല്ലേണമങ്ങേക്കരെ നമ്മളെല്ലാം.

കവി : **ചങ്ങമ്പുഴ**, കൃതി : *ചിന്താവിഹാരം*

[231] [*ഉമേഷ്*] ശ്ലോകം **3.1403 :** മൂലശ്ലോകം (കാളിദാസൻ):

ശുശ്രൂഷസ്വ ഗുരൂൻ, കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവിപ്രകൃതാപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ, ഭാഗ്യേഷ്വനുത്സേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ, വാമാ കുലസ്യാധയഃ

## 3.1406 ഇഴുകിപ്പിടിച്ചൊരിരുൾ. . . (ജ്യോതി)

മഞ്ജുഭാഷിണി

ഇഴുകിപ്പിടിച്ചൊരിരുളായ മായയെ–
ത്തഴുകിക്കിടന്നു വലയുന്നു ഞാൻപ്രഭോ!
തഴുതൊന്നു നീക്കു, തവ ചിൽപ്രഭാകണം
മിഴിവേകിടട്ടെ മിഴികൾക്കനാരതം

കവി : **വി.കെ.ജി.**

## 3.1407 തുത്താവിൻ പരിശുദ്ധി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തുത്താവിൻ പരിശുദ്ധി, വിണ്ണു മുകരും മൂർദ്ധാവു, ദിക്കെട്ടിലും
കത്താൻ നീളമെഴുന്ന കമ്പുകളിളയ്ക്കേകും തണൽപ്പാടുകൾ,
ഇത്ഥം സർവ്വമഹത്വവും തികയുമെന്നാലേ, ഭവാനീപ്പന–
പ്പൊത്തിൽകൂടിയ മൂലമെത്ര കൃശനായ്, നിസ്തേജനായ്, നിന്ദ്യനായ്!

കവി : **വി. കെ. ജി.**

## 3.1408 ഇട്ടീരിമൂസ്സിനുടെ. . . (കർത്താ)

വസന്തതിലകം

ഇട്ടീരിമൂസ്സിനുടെ കയ്യിലയച്ച പദ്യം
കിട്ടീ വിധങ്ങൾ വിവരിച്ചു മനസ്സിലായി
ഞെട്ടീല തെല്ലുമിതുകൊണ്ടഹമിന്നതല്ല
പൊട്ടീ നമുക്കു പരിചിൽ പരിഹാസഹാസം.

കവി : **വെണ്മണി മഹൻ**, കൃതി : *കവിപുഷ്പമാല*

## 3.1409 ഞാനെന്താണപരാധമെന്റെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഞാനെന്താണപരാധമെന്റെ പൊരുളേ, ചെയ്തേൻ? ഭവൽപ്പുത്രനാം
മീനാങ്കന്നു കൊടുത്തതോ മമ മനക്ഷേത്രത്തിലൽപം സ്ഥലം?
നൂനം ഞാനവനെപ്പിടിച്ചു വെളിയിൽത്തള്ളാം, നിനക്കാവുമോ
ഹേ നാരായണ, ശൂന്യമാകുമവിടെപ്പാർക്കാൻ കളത്രത്തൊടേ?

കവി : **മംഗലം പ്രഭാകരൻ നായർ**

## 3.1410 നിനക്കിരിക്കാൻ കരളിൽ. . . (ബാലേന്ദു)

ഉപേന്ദ്രവജ്ര

നിനക്കിരിക്കാൻ കരളിൽ സ്ഥലം ഞാൻ
നിനച്ചു പണ്ടേ വഴിപോലൊരുക്കി;
വലിഞ്ഞു കേറീ മകനായിടത്തിൽ
വലിച്ചിറക്കാൻ തുണ കൃഷ്ണ നീ താൻ.

കവി : **ബാലേന്ദു**. മുൻ ശ്ലോകത്തിന്റെ പരാവർത്തനം.

## 3.1411 വിധുരത കലരാതെ. . . (മധുരാജ്)

പുഷ്പിതാഗ്ര

വിധുരത കലരാതെ കീർത്തിയാകും
വിധുകല പൊങ്ങുമൊരപ്പുരാർണവത്തിൽ
മധുരിപു മഹനീയയോഗനിദ്രാ–
മധുമൊഴിയോടൊരുമിച്ചു വാണിരുന്നു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1412 മോദാൽ കേട്ടൊരു വാർത്ത. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മോദാൽ കേട്ടൊരു വാർത്തയാണടിയനും ചൊല്ലുന്നു നൂറാമതായ്
ശ്ലോകം മേന്മയെഴും സദസ്സിലതിനായ് ഞാൻ ചെയ്തു പുണ്യം ശതം
വാണീദേവി തുണയ്ക്കണേ ഭഗവതീ കുപ്പുന്നു നിന്നെസ്സദാ
വീഴുന്നു തവ തൃപ്പദേ വിനയമായ് ചെയ്യുന്നു ശ്ലോകാർച്ചന

കവി : **ഋഷി**. ഋഷിയുടെ നൂറാം ശ്ലോകം.

## 3.1413 വിത്താർ നട്ടു?. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വിത്താർ നട്ടു? തടം പിടിച്ച കരമേ, താർതാൻ നനച്ചൂ ക്രമാ–
ലിത്തയ്യിത്ര വളർന്നിടുംവരെ വളം വെയ്ക്കാൻ മിനക്കെട്ടതാർ?
നിത്യം തേൻപഴമേകിടുന്നതു ഭുജിച്ചീടുന്നതല്ലാതെ നാ
മിത്രയ്ക്കൊന്നു മറിഞ്ഞിടാൻ തുനിയുമോ? – 'തേന്മാവു സാധാരണം'!

കവി : **വി.കെ.ജി**, കൃതി : *അവിൽപ്പൊതി*

## 3.1414 നോക്കിക്കാണുകിലെന്തും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നോക്കിക്കാണുകിലെന്തുമെച്ചമറുപത്തഞ്ചാംവയസ്സിൻ പഴം–
ചാക്കിൽ തുക്കിയ ലാഭചേതമിവിടെത്തട്ടിക്കിഴിച്ചീടുകിൽ?
നീക്കിക്കാട്ടുവതിന്നു മേൽഗതി നമുക്കെന്നാളുമേ കൈവശം
ബാക്കി, ബ്ലാങ്കൊരു ബാങ്കുചെക്കു കവിതേ നിന്നക്ഷരശ്ലോകമേ!

കവി : **എൻ. ഡി. കൃഷ്ണനുണ്ണി**, കൃതി : *ശ്ലോകത്തിൽ (നാട്ടുവെളിച്ചം)*

## 3.1415 നൂറ്റാണ്ടിൽ കഥ പാടിയാടി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നൂറ്റാണ്ടിൽ കഥ പാടിയാടിവളരും വൃക്ഷങ്ങളില്ലെങ്ങുമേ,
കാറ്റിൻ താളതരംഗലീല തുടരും പക്ഷങ്ങളും ദുർല്ലഭം,
വറ്റിത്തുമണൽ വിറ്റിടുന്ന കടയാ, യാറും കൃഷിപ്പാടമോ
വെട്ടിത്താഴ്ത്തിയ മണ്ണെടുത്ത കുഴിയായ്, മർത്ത്യന്റെ ബോധോദയം!

കവി : **പി. കൃഷ്ണകുമാർ**, കൃതി : *ഗ്രാമദുഃഖം*

### 3.1416 വാദ്യം ഹൃദ്സ്പന്ദമാകാം. . . (കർത്താ)

സ്രഗ്ദ്ധര

വാദ്യം ഹൃദ്സ്പന്ദമാകാം പ്രിയമൊട്ട വരവേറ്റീടുവാനെൻ പുരാനേ,
പാദ്യം തപ്താശ്രുവാക്കാം തിരുമലരടിയിൽപ്പേർത്തുമിറ്റിറ്റു വീഴ്ത്താൻ
ഖാദ്യം മത്കാവ്യമാക്കാം നരഹൃദയനിണച്ചൂടുലാവുന്നൊരീ നൈ–
വേദ്യം കൈകൊണ്ടു, തള്ളാ, മൃതവുമകലേ മർത്ത്യഗന്ധപ്രിയൻ നീ!

കവി : **യൂസഫലി കേച്ചേരി**, കൃതി : *മർത്ത്യഗന്ധപ്രിയൻ*

### 3.1417 ഖാദ്യം ഭൂമിയിലുള്ളതെന്തും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഖാദ്യം ഭൂമിയിലുള്ളതെന്തു, മബലാമദ്യാദിഭോഗങ്ങളാ–
സ്വാദ്യം, സദ്ഗുരുനിന്ദനം മുത, ലതോടൊത്തിട്ടഹങ്കാരവും,
ചോദ്യം ചെയ്തിടുമെന്തിനേയുമനിശം, മജ്ജീവിതത്തിന്റെ പോ–
ക്കാദ്യം തൊട്ടിതു മട്ടിലാണ, ശരി നീ കാട്ടിത്തരേണം ഹരേ!

കവി : **ഉമേഷ് നായർ**

### 3.1418 ചന്ദ്രൻ മനസ്സെന്നു. . . (കർത്താ)

ഇന്ദ്രവജ്ര

ചന്ദ്രൻ മനസ്സെന്നു പറഞ്ഞു ശാസ്ത്രം
മു, ന്നന്ധവിശ്വാസമതെന്നു വച്ചു;
റോക്കറ്റു ചെന്നങ്ങു പതിച്ച പിമ്പോ
പോക്കറ്റപോലായുലകിൻ ഹൃദന്തം.

കവി : **എൻ. ഡി. കൃഷ്ണനുണ്ണി**, കൃതി : *അന്ധവിശ്വാസം*

### 3.1419 റോസയ്ക്കിത്ര കടും ചുവപ്പു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

റോസയ്ക്കിത്ര കടും ചുവപ്പു മൃതനായ് മണ്ണോടു ചേർന്നോരെതോ
സീസർക്കുള്ള ഹൃദന്തരക്തിമയിൽ നിന്നല്ലാതെയുണ്ടായിടാ;
വാസന്തോപവനസ്ഥലത്തു വിരിയും മുല്ലയ്ക്കെഴും സൗരഭം
ശ്രീസദ്മത്വമൊടന്തരിച്ചൊരുവൾ തൻ വാർകുന്തലിൽ നിന്നു താൻ.

കവി : **എം. പി. അപ്പൻ**, കൃതി : *ജീവിതോത്സവം (ഉമർ ഖയ്യാം തർജ്ജമ)*

### 3.1420 വാനം പോലതിരറ്റ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വാനം പോലതിരറ്റ വൈദുഷിയിലൂടങ്ങീടുന്ന നീന്തുമ്പൊഴും
പേനയ്ക്കുള്ളിലെ നീലരൂപവതിമാർക്കായുസ്സു നൽകുമ്പൊഴും
ധ്യാനത്താൽ പരദേവതയ്ക്കു പുളകപ്പൂമാല ചാർത്തുമ്പൊഴും
തേനഞ്ചും മധുരാനുഭൂതി വഴിയും നാദം മുഴങ്ങില്ലിനി!

കവി : **യൂസഫലി കേച്ചേരി**, കൃതി : *വിത്തിന്നുള്ളിലൊളിച്ച വൻതരു (കെ. കെ. രാജയെപ്പറ്റി)*

## 3.1421 ധ്യാനം നിർത്തി, വിശാലനീല. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ധ്യാനം നിർത്തി, വിശാലനീലനയനദ്വന്ദ്വം തുറന്നപ്പൊഴേയ്–
ക്കാനന്ദോൽപുളകാംഗി തന്റെ കുടിലിൻ മീതേ നഭോവീഥിയിൽ
ദീനത്രാണപരായണം ത്രിജഗതീനാഥന്റെ തൃക്കയ്യുതാ
നൂനം വാരി വിതച്ചിടുന്ന വളരെസ്സൗവർണ്ണ്യനാണ്യങ്ങളെ!

കവി : **വള്ളത്തോൾ**, കൃതി : *ഒരു സന്ധ്യാപ്രണാമം (സാഹിത്യമഞ്ജരി)*

## 3.1422 ദരിദ്രനെന്നാകിലും. . . (ഉമ)

ഉപേന്ദ്രവജ്ര

ദരിദ്രനെന്നാകിലുമത്രമാത്രം
കരത്തിലില്ലാത്ത ജനം ചുരുക്കം
ധരിയ്ക്ക നീ നാഥ! നമുക്കിദാനീ–
മൊരിയ്ക്കലക്ഷ്മിയ്ക്കുമുപായമില്ല

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *മണിപ്രവാളം*

## 3.1423 ധർമ്മാചാരം, ധനിത്വം. . . (ജ്യോഷി)

സ്രഗ്ധര

ധർമ്മാചാരം, ധനിത്വം, ധവളതരയശ,സ്സംഗനാപാംഗമാലാ–
രമ്യാകാരം, രസാലംകൃതകൃതികൾ, മനശ്ശുദ്ധിമത്വം, പ്രഭുത്വം,
അമ്മേ! നിൻപാദപൂജാകരനുടെ പരികർമ്മിയ്ക്കുമിച്ചൊന്നതെല്ലാം
സമ്മേളിയ്ക്കുന്നു; നിൻപൂജകനുടെ കഥയോ, പിന്നെയെന്തായിരിയ്ക്കും!

കവി : **ഒരവങ്കര**, കൃതി : *സ്തവങ്ങൾ*

## 3.1424 അഖണ്ഡവിധുമണ്ഡലമുഖം. . . (ഉമേഷ്)

ശംഭുനടനം

അഖണ്ഡവിധുമണ്ഡലമുഖം, ഡമരുമണ്ഡിതകരം, കനകമണ്ഡപഗൃഹം,
സ്വഗണ്ഡതലമുണ്ഡശശികുണ്ഡലിപമണ്ഡനപരം, ജലജഖണ്ഡജടിലം,
മൃകണ്ഡുസുതചണ്ഡകരദണ്ഡധരമുണ്ഡനപദം, ഭുജഗകുണ്ഡലധരം,
ശിഖണ്ഡശശിഖണ്ഡമണിമണ്ഡനപരം, പരചിദംബരനടം, ഹൃദി ഭജേ!

കവി : **പതഞ്ജലി**, കൃതി : *പതഞ്ജലിനവകം*

## 3.1425 മുത്തിത്തള്ള, മുറം, ചിരട്ട. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മുത്തിത്തള്ള, മുറം, ചിരട്ട, ചിര, ചൂൽ, ചാണം, കുടം, കൂട, വാ–
ക്കത്തിക്കണ്ട, മുലക്ക, ലുമ്പ, യരിവാ,ലമ്മിക്കൽ, ചെമ്മീൻ കലം
അത്തീച്ചട്ടി, തവിട്ടുവട്ടി, യുരൽ, കോഴിക്കൂട, കോടാലി – യെ–
ന്നിത്യാദ്യങ്ങൾ നിറഞ്ഞെറേത്തൊരു മുറിപ്പാ കിട്ടി പാക്കട്ടിലിൽ!

കവി : **ശീവൊള്ളി**

## 3.1426 അത്രക്കു നാശമിഹ. . . (ഹരി)

വസന്തതിലകം

അത്രക്കു നാശമിഹയെന്തിനിമാനവർക്കീ
കത്രീനയായ് പ്രകൃതി രൂപമെടുത്തു നൽകി
ശാസ്ത്രത്തിനാട്ടെകഴിയുന്നതുമില്ല തെല്ലും
ഛത്രത്തിനൊത്ത ചെറു ക്ഷേമമതേകുവാനും

കവി : **ഹരിദാസ്**

## 3.1427 ശൃംഗാരക്കടലും കടന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ശൃംഗാരക്കടലും കടന്നു കവിതാസീതാവിശേഷം ഗ്രഹി–
ച്ചംഗാമാന്തഹാരസാലുലകിടം മൂന്നും വെളുപ്പിച്ചഹോ!
ഗംഗാവൻകവിയായ വെണ്മണിമഹൻ നമ്പൂരി ഗംഭീരനാം
തുംഗാത്മാ ബഹുശക്തിയോടരുളുമാ ശ്രീമാൻ ഹനൂമാൻ ദൃഢം.

കവി : **കെ. സി. നാരായണൻ നമ്പ്യാർ**

## 3.1428 ഗദക്ലിഷ്ടം കഷ്ടം. . . (ജ്യോതി)

ശിഖരിണി

ഗദക്ലിഷ്ടം കഷ്ടം തവചരണസേവാരസഭരേ–
പ്യനാസക്തം ചിത്തം ഭവതി ബത വിഷ്ണോ കുരു ദയാം
ഭവത്പാദാംഭോജസ്മരണരസികോ നാമനിവഹാ–
നഹം ഗായം ഗായം കുഹചന വിവത്സ്യാമി വിജനേ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം–ദശകം 3*

## 3.1429 ഭീഷ്മൻ ഭീഷ്മരുമാം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഭീഷ്മൻ ഭീഷ്മരുമാം, കൃപൻ കൃപരുമാം ദ്രോണൻ തഥാ ദ്രോണരാം,
വൈദ്യൻ വൈദ്യരുമാം, വരൻ വരരുമാം, ഭോ! വാരിയൻ വാര്യരാം,
ചാന്നാർ, നായർ, പണിക്ക,രയ്യ,രതുപോലാചച്ചയരെന്നൊക്കെയും
ചൊന്നീടാ,മതു ഹേ! മഹാരസിക! താനോർക്കാതിരിക്കുന്നുവോ?

കവി : **മൂലൂർ**, കൃതി : *(പണിക്കർ യുദ്ധം)*

## 3.1430 ചാകാൻ കാലം കഫവികൃതിയാൽ. . . (ഉമ)

മന്ദാക്രാന്ത

ചാകാൻ കാലം കഫവികൃതിയാൽക്കണ്ഠമെല്ലാമടഞ്ഞ–
ച്ചക്രശ്വാസം വലിമുറുകി ഞാൻ ഖിന്നനായ് കേണീടുമ്പോൾ
ദൂരേ നിന്നും കുഴൽ വിളിയുമായ് പുഞ്ചിരിപ്പാലു തീർത്തെൻ
ചാരത്തേയ്ക്കായുടനെയെഴുന്നള്ളിടേണം കൊണ്ടൽ വർണ്ണൻ

കവി : **ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാട്**

## 3.1431 ദ്വിഷതാം ഹൃദി. . . (കർത്താ)

വിയോഗിനി

ദ്വിഷതാം ഹൃദി മോദമീയുഷാ–
മപി ബന്ധുച്ഛലമേത്യ ശോചതാം
അവഹേളവിഷോഷ്മളാ ഗിരോ
വിഷഹേതാം ശ്രവസീ കഥം മമ?

കവി : **എ. ആർ**, കൃതി : *ഭംഗവിലാപഃ*

## 3.1432 അഞ്ചാലൊന്നിന്റെ മദ്ധ്യേ. . . (ഉമേഷ്)

സ്രഗ്ദ്ധര

അഞ്ചാലൊന്നിന്റെ മദ്ധ്യേ മരതകമണി പോൽ ഭോഗഭോഗീന്ദ്രതൽപേ
ചഞ്ചൽച്ചില്ലീവിലാസൈസ്സ്ത്രിഭുവനമഖിലം കാത്തുരക്ഷിക്കുമാദ്യൻ
പഞ്ചാനാം പാണ്ഡവാനാം പ്രിയസഖി തിരുവാറന്മുളത്തമ്പുരാനെൻ
നെഞ്ചിൽ കിഞ്ചിൽ പിരിഞ്ഞീടരുതതിനനിശം കാലമേ കൈതൊഴുന്നേൻ!

## 3.1433 പരസ്പരം കുട്ടികൾ. . . (ഉമ)

ഉപേന്ദ്രവജ്ര

പരസ്പരം കുട്ടികൾ കാട്ടുകാട്ടിയാ–
ലൊരമ്മയിത്രയ്ക്കരിശപ്പെടാവതോ?
ഹരങ്കലര്യേ, ഭൃഗുസൂനു ശിഷ്യനാ–
യൊരന്നു തൊട്ടുണ്ണികൾ മൂവരായ്ത്തവ!

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1434 ഹീനകർമ്മരതിയേതിനോട്ടും. . . (ഋഷി)

കുസുമമഞ്ജരി

ഹീനകർമ്മരതി, യേതിനോട്ടുമൊരു നീതിവിട്ട നിലപാടു, സ്വ–
സ്ഥാനമാനബിരുദാഭിലാഷ, മതിനിഷ്ഠുരപ്രകൃതി – യിത്തരം
മാനുഷർക്കതിനിഷിദ്ധമായവയിലാശവെച്ചു വളരുന്നൊര–
ജ്ഞാനികൾക്കറുതിയേകുവാനവതരിക്ക നീ ഭുവനനായക!

കവി : **മേവട വി. എൻ. നമ്പൂതിരി**, കൃതി : *അവതരിക്കണേ*

## 3.1435 മാരവൈരിമനമായ. . . (കർത്താ)

കുസുമമഞ്ജരി

മാരവൈരിമനമായ ചൂതമലരിൽത്തെളിഞ്ഞൊരനുരാഗമാം
ചാരുതേനധികമാസ്വദിപ്പൊരു വിദഗ്ദ്ധകോകിലവിലാസിനീം
ഏറിനോരു കരുണാംബുധൗ ഝടിതി ചാട്ടമീക്ഷണകലാമ്മനം
ചേരുവോരു ചെറുകുന്റമർന്ന ഗിരികന്യകാമഹമുപാശ്രയേ.

## 3.1436 എത്തണം കടൽ നടുക്കു. . . (ഉമേഷ്)

കുസുമമഞ്ജരി

എത്തണം കടൽ നടുക്കു താ, നടൽ വെടിഞ്ഞ പോൽ കരുതിയുപ്പുകാ–
റ്റുത്തപിപ്പതു പൊറുത്തിടേണ – മിതി മാഴ്കൊലാ ജലധിവാണിജ!
പത്തനത്തിൽ മൃദുമെത്ത മേൽ പ്രിയയുമൊത്തുറങ്ങിയുണരും വിധൗ
വിത്തമെത്തിടുമയത്നമായ് കരതലത്തിലെന്നു കരുതുന്നുവോ?

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശശതകം തർജ്ജമ*

## 3.1437 പണം നിറച്ച കിട്ടുകിൽ. . . (ജ്യോതി)

പഞ്ചചാമരം

പണം നിറച്ചു കിട്ടുകിൽ പരാതിയില്ല ജീവിതം
സുഖം, നിനച്ചു മണ്ടി ഞാൻ ധനാശ തീരുവോളവും
ധനം കനത്തു ഭാരമായ്, വരുന്നിതന്ത്യചിന്തയും
'അലക്കൊഴിഞ്ഞുപോകുവാൻ തരപ്പെടില്ല കാശിയിൽ'!

കവി : **ജ്യോതിർമയി**

## 3.1438 ധാമസ്ഥിതം കിമപി. . . (കർത്താ)

വസന്തതിലകം

ധാമസ്ഥിതം കിമപി ധൂതമനോജ്ഞബർഹേ
പൃഷ്ഠേ ഭുജംഗമഭുജഃ ശരണം ശ്രിതാനാം
ധ്യായാമി താരകിതനീലനഭോഗതേന
ബിംബേന ബിഭ്രദുപമാം സ്ഫുടമൈന്ദവേന.

കവി : **കുമാരനാശാൻ**, കൃതി : *ശിഖിവാഹനധ്യാനദശകം*

## 3.1439 ധീ മങ്ങുമാറുടനടൻ. . . (ഉമേഷ്)

വസന്തതിലകം

ധീ മങ്ങുമാറുടനടൻ വിവിധം വികാര–
സ്തോമം കടന്നവളെയിട്ടു ഞെരുക്കിടുമ്പോൾ
പ്രേമപ്രസിക്തമതിയായ് പിതൃതുല്യനാകു–
മാ മന്ത്രിവൃദ്ധനൊടു ബാലികയെന്തു ചൊല്ലും?

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.1440 പോടോ തനിക്കുമൊരു പുത്രി. . . (ബാലേന്ദു)

വസന്തതിലകം

'പോടോ തനിക്കുമൊരു പുത്രി ഗൃഹത്തിലില്ലേ?
പ്രായം നിനക്കിലവളും മമ തുല്യയല്ലേ?
പാടില്ലയിങ്ങനെ നടിപ്പതു പാപമല്ലേ?
ചൂലെന്റെ കയ്യിലമരുന്നതു കാണ്മതില്ലേ?'

കവി : **ബാലേന്ദു**. കഴിഞ്ഞ ശ്ലോകത്തിലെ ചോദ്യത്തിനു ഹാസ്യരൂപേണയുള്ള മറുപടി.

## 3.1441 പീലിക്കോലേകിടേണം തിരുമുടി. . . (കർത്താ)

സ്രഗ്ദ്ധര

പീലിക്കോലേകിടേണം തിരുമുടിയഴകിൽ കെട്ടിവച്ചങ്ങു ചാർത്താൻ
കാലിക്കോലേകിടേണം പലവഴിചിതറും പൈക്കളെച്ചേര്‍ത്തണയ്ക്കാൻ
കോലക്കോലേകിടേണം ചെറുചിരി പൊഴിയും ചുണ്ടണച്ചൂതുവാനായ്
പാലിക്കാനേകിടേണം മമ മനമഖിലംതന്നെയെൻ കണ്ണനായ് ഞാൻ.

കവി : **കുഞ്ഞുണ്ണി**

## 3.1442 കൂലാന്ത ഭാഗേ തിര. . . (ഉമ)

ഇന്ദ്രവജ്ര

കൂലാന്തഭാഗേ തിര വന്നടിയ്ക്കും
പാലാഴി തന്നിൽ പരിതോ വിളങ്ങും
ലീലാഗൃഹോദ്യാനസുവർണ്ണസാലാ–
ശാലാളികേളീനിലയങ്ങൾ കണ്ടാർ

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *മണിപ്രവാളം*

## 3.1443 ലോകൈകശിൽപി രജനീ. . . (ഋഷി)

വസന്തതിലകം

ലോകൈകശിൽപി രജനീവനിതയ്ക്കു ചാർത്താൻ
നക്ഷത്രമാല പണിചെയ്യുവതിന്നുവേണ്ടി
സൗവർണ്ണപിണ്ഡമതുരുക്കിയെടുത്തു നീരിൽ
മുക്കുന്നിതാ തപനമണ്ഡലകൈതവത്താൽ

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**

## 3.1444 സത്യം ബ്രവീമി, പരലോകഹിതം. . . (രാജേഷ്)

വസന്തതിലകം

സത്യം ബ്രവീമി, പരലോകഹിതം ബ്രവീമി,
സാരം ബ്രവീ, മ്യുപനിഷദ്ധൃദ്യം ബ്രവീമി,
സംസാരമുൽബണമസാരമവാപ്യ ജന്തോഃ
സാരോ∫യമീശ്വര പദാംബുരുഹസ്യ സേവാ

## 3.1445 സന്ധ്യാതാണ്ഡവശൗണ്ഡ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സന്ധ്യാതാണ്ഡവശൗണ്ഡഖണ്ഡപരശുപ്രേംഖജ്ജടാമണ്ഡലീ–
നിര്യന്നിർഝരിണീഝരീകണഗണാഃ കിം വിപ്രകീർണ്ണാ ദിവി?
ദ്രാഘീയോവിയദധ്വധാവദധികക്ലാന്താർക്കഘോടച്ഛടാ–
വക്ത്രോദ്വാന്തനിതാന്തഫേനനിചയാഃ കിം ഭാന്തി താരോച്ചയാഃ?

കവി : **അശ്വതിതിരുനാൾ ഇളയതമ്പുരാൻ**, കൃതി : *ശൃംഗാരസുധാകരം ഭാണം*

## 3.1446 ദ്രുമേഷു സഖ്യാ. . . (ജ്യോതി)

വംശസ്ഥം

ദ്രുമേഷു സഖ്യാ കൃതജന്മസു സ്വയം
ഫലം തപസ്സാക്ഷിഷു ബദ്ധമേഷ്വപി
ന ച പ്രരോഹാഭിമുഖോ∫പി ദൃശ്യതേ
മനോരഥോ∫സ്യാഃ ശശിമൗലിസംശ്രയഃ

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.1447 നമുക്കെന്തിനന്യോന്യ. . . (കർത്താ)

ഭുജംഗപ്രയാതം

നമുക്കെന്തിനന്യോന്യദൂരം വിതുമ്പും
വികാരം? നിറം പൂത്ത സങ്കൽപകാവ്യം?
നമുക്കെന്തിനാൺപൂവു പെൺപൂവു വേറേ?
നമുക്കെന്തിനീയർത്ഥഹീനം പദങ്ങൾ?

കവി : **വി. മധുസൂദനൻ നയർ**, കൃതി : *നമുക്കിനി മറക്കാം*

### 3.1448 ന ഭൂമിർ, ന തോയം. . . (ഉമേഷ്)

ഭുജംഗപ്രയാതം

ന ഭൂമിർ, ന തോയം, ന തേജോ, ന വായുർ,–
ന ഖം, നേന്ദ്രിയം, വാ ന തേഷാം സമൂഹഃ
അനൈകാന്തികത്വാത് സുഷുപ്ത്യേകസിദ്ധ–
സ്തദേകോഽവശിഷ്ടഃ ശിവഃ കേവലോഽഹം.

കവി : **ശങ്കരാചാര്യർ**

### 3.1449 ആദിത്യന്നമനന്തകാന്തിയരുളും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആദിത്യന്നമനന്തകാന്തിയരുളും ഭവ്യപ്രകാശം ഭവാ–
നാദിശ്രേഷ്ഠമഹ, സ്സനാദിഗുരുവിൻ സന്മന്ദഹാസാങ്കുരം
ഛേദിച്ചീടുക നിത്യനിദ്രയിലമർത്തീടും തമസ്സിൻ കഴു–
ത്തീ ദിവ്യച്ഛവികൊണ്ടുതന്നെയവിടുന്നന്നാൾ കൃതാർത്ഥോസ്മ്യഹം!

കവി : **വാരിക്കോലിൽ കേശവനുണ്ണിത്താൻ**, കൃതി : *പ്രകാശം*

### 3.1450 ഛായാഗ്രാഹകപൃഷ്ഠദർശനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഛായാഗ്രാഹകപൃഷ്ഠദർശന, മലർച്ചെണ്ടിന്റെ ചീയും മണം,
തീയൊക്കും വെയിലത്തു മേനികൾ വിയർത്തീടുന്നതിൽ സ്പർശനം,
മായം ചേർത്തൊരു ഭക്ഷണം, ചെകിടടച്ചീടും വിധം ഭാഷണം,
നായന്മാർക്കു വിവാഹഘോഷണ, മഹോ! പഞ്ചേന്ദ്രിയാകർഷണം!

കവി : **ഉമേഷ് നായർ**

### 3.1451 മുണ്ടും ചുറ്റിച്ചുരുക്കത്തൊട്ടു. . . (കർത്താ)

സ്രഗ്ദ്ധര

മുണ്ടും ചുറ്റിച്ചുരുക്കത്തൊട്ടു കൃതവിനയം, പൊക്കിൾ കാണിച്ചു രണ്ടാം–
മുണ്ടും കക്ഷത്തിൽ വച്ചങ്ങനെ ചെറിയ പൊടിഡപ്പി, താക്കോലുമായി
മിണ്ടുമ്പോൾ കൊഞ്ചിയോലും ചില ഫലിതമൊട്ടും ലാക്കൊടും ചേർന്നിടുന്നീ–
മുണ്ടച്ചാരാരിതെത്തുന്നതു സരസമൊതുങ്ങിപ്പതുങ്ങിപ്പതുക്കെ.

കവി : **വെണ്മണി മഹൻ**

### 3.1452 മുരണ്ടളി മുകർന്നിടും. . . (ജ്യോതി)

പൃഥ്വി

മുരണ്ടളി മുകർന്നിടും തുളസിമാലയിൽ കുങ്കുമം
പുരണ്ട പശുപാംഗനാസ്തനമമർന്നതിൻ ചിഹ്നവും
പുരന്ദരധനുഃപ്രഭാനിബിഡമേചകോത്തംസവും
മരന്ദമൃദുഹാസവും മറയൊഴിഞ്ഞു കണ്ടാവു ഞാൻ.

കവി : **വി.കെ.ജി**, കൃതി : *അവിൽപ്പൊതി*

## 3.1453 പുളയ്ക്കട്ടേ, നാടൻകല. . . (കർത്താ)

ശിഖരിണി

പുളയ്ക്കട്ടേ, നാടൻകല, ലളിതസംഗീതകവുമായ്
വെളിച്ചത്തിനൊപ്പം വെളിയട വലിച്ചിട്ടുവെളിവായ്;
ഒളിച്ചോതേണ്ടാരും, ദൃഢപരികരം വൃത്തചതുരം
കളിച്ചോട്ടേ, ഛന്ദോനിര കവിത തൻ ളുലികയുമായ്!

കവി : **എൻ. ഡി കൃഷ്ണനുണ്ണി**, കൃതി : *ശ്ലോകത്തിൽ*

## 3.1454 ഒന്നോർക്കിലിങ്ങിവ വളർന്നു. . . (ജ്യോതി)

വസന്തതിലകം

ഒന്നോർക്കിലിങ്ങിവ വളർന്നു ദൃഢാനുരാഗ–
മന്യോന്യമാർന്നുപയമത്തിനു കാത്തിരുന്നൂ
വന്നീയപായമഥ കണ്ടളി ഭാഗ്യഹീനൻ
ക്രന്ദിയ്ക്കയാം കഠിന താൻ ഭവിതവ്യതേ നീ.

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.1455 വേഴാമ്പലേറ്റം. . . (രാജേഷ്)

വസന്തതിലകം

വേഴാമ്പലേറ്റമഴലേന്തിയുഴന്നു വെള്ളം
നാലഞ്ചുതുള്ളി മുകിൽ തന്നൊടിരന്നിടുന്നു
അൻപോടതുഴി മുഴുവൻ മഴയാൽ നനയ്ക്ക–
ന്നമ്പോ വലിപ്പമുടയോന്റെ കൊടുപ്പു കേമം

കവി : **കേ. സി. കേശവപിള്ള (വിവർത്തനം)**, കൃതി : *സുഭാഷിതരത്നാകരം*

## 3.1456 അത്യന്തബാല, മതസീ. . . (ഉമേഷ്)

വസന്തതിലകം

അത്യന്തബാല, മതസീകുസുമപ്രകാശം,
ദിഗ്വാസസം, കനകഭൂഷണഭൂഷിതാംഗം,
വിസ്രസ്തകേശ, മരുണാധര, മായതാക്ഷം,
കൃഷ്ണം നമാമി മനസാ വസുദേവസൂനം.

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.1457 വേഷത്താലുള്ളു പൂകാനൊരു. . . (കർത്താ)

സ്രഗ്ദ്ധര

വേഷത്താലുള്ളു പൂകാനൊരു തട; വകലത്താകിലും നിന്നു ഞാനു–
ന്മേഷത്താലാർദ്രഹൃത്താഴ്ത്തൊഴമളവി 'ലകത്താർ?' 'പുറത്താർ?' സ്മരിക്കേ
ഘോഷത്തോടേ ശ്രവിച്ചേൻ നിഭൃതമി; 'തകമേ കാളി'യെ; ന്നോതിനേൻ സ–
ന്തോഷത്താൽ 'ദാസനാം ഞാൻ' – കവിതയരുളണേ പാറമേക്കാവിലമ്മേ!'

കവി : **കരിമ്പുഴ രാമചന്ദ്രൻ**, കൃതി : *കാളിദാസസ്തുതി (നഗരപ്രദക്ഷിണം)*

## 3.1458 ഘോരാണാം ദാനവാനാം. . . (ഉമേഷ്)

സ്രഗ്ദ്ധര

ഘോരാണാം ദാനവാനാം നിരുപമപൃതനാഭാരഖിന്നാം ധരിത്രീ–
മോരോ ലീലാവതാരൈരഴകിനൊടു സമാശ്വാസയന്തം നിതാന്തം
ക്ഷീരാംബോധൗ ഭുജംഗാധിപശയനതലേ യോഗനിദ്രാമുദാരാം
നേരേ കൈക്കൊണ്ടു ലക്ഷ്മീകളുർമുല പുണരും പത്മനാഭം ഭജേഥാഃ

## 3.1459 കുന്നിൻമോളായ നിന്നെ. . . (കർത്താ)

സ്രഗ്ദ്ധര

കുന്നിൻമോളായ നിന്നെക്കുടിലകളുർമതിക്കീറണിഞ്ഞോരു വെള്ളി–
ക്കുന്നിന്മോളിൽ കിടക്കുന്നൊരു മൂതുകിഴവച്ചാരുവേട്ടെന്നുവെച്ച്
എന്നേ കേമമം വലിപ്പം മതി മതി, മതിനേരാനനേ, ദീനനായോ–
രെന്നെത്തെല്ലൊന്നു നോക്കീടുക തരുണകൃപാപൂരമുംഗൈരപാംഗൈഃ

കവി : **ശീവൊള്ളി**, കൃതി : *ദുസ്സർശാനാടകം*

## 3.1460 എല്ലാവരും പാർക്കുകിൽ. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

എല്ലാവരും പാർക്കുകിലൊന്നുപോലെ
അല്ലൽപ്പെടാനായിഹ സൃഷ്ടരത്രേ
കൃപാലുവായോനപരാർത്തിയിങ്ക–
ലല്ലാത്തവൻ തൻ വ്യസനത്തിലും, കേൾ!

കവി : **കേ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.1461 കാളാംഭോദകമായ കമ്രരുചിയാൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാളാംഭോദകമായ കമ്രരുചിയാൽ, കാളാഞ്ജനക്കല്ലിനെ–
ക്കാളാരമ്യകളേബരേ കഠിനമക്ഷേളാഹി കൊത്തുമ്പൊഴും
കോളായെന്നു നിനച്ചുകൊണ്ടഥ മനം കാളാതെ കാളിന്ദിയിൽ–
ക്കാളാഹീനശയൻ ഉടർന്നു മധുരം താളാത്മകം നർത്തനം!

## 3.1462 കള്ളന്മാർ കരളിൻ കറുപ്പു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കള്ളന്മാർ കരളിൻ കറുപ്പു പുറമേ കാട്ടാതടക്കും പെരും–
കൊള്ളക്കാർ നയവഞ്ചകപ്പരിഷ തൊട്ടാ നീചദുർബ്ബുദ്ധികൾ,
ഉള്ളത്തിൽ ഖലവൃത്തി വിഘ്നരഹിതം കാട്ടാൻ സഹായാർത്ഥമായ്
കള്ളം വിട്ടു ഭജിപ്പു നിന്നെ, യതിനും താങ്ങാണു നീ ദൈവമേ!

കവി : **വാരിക്കോലിൽ കേശവനുണ്ണിത്താൻ**, കൃതി : *ഒരു പ്രാർത്ഥന*

## 3.1463 ഉണ്ണിക്കാലും തളക്കോപ്പുകളുമരയിലെ. . . (ജ്യോഷി)

ഉണ്ണിക്കാലും തളക്കോപ്പുകളുമരയിലെപ്പൊന്നരഞ്ഞാൺ കിഴിഞ്ഞി–
ട്ടുണ്ണിക്കൈകൊണ്ടുരുണ്ണിപ്പലകയുടനെട്ടുത്തൊട്ടു വീണും നടന്നും
ഉണ്ണികൃഷ്ണൻ വരുമ്പോൾ തിരുവയർ നിറയെപ്പാലുമുണ്ടാ പ്രസാദം
കണ്ണിൽക്കാണായ്‌വരേണം രഹസി മമ കിനാവെങ്കിലും പങ്കജാക്ഷാ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണ കർണ്ണാമൃതം*

## 3.1464 ഉച്ചച്ചന്ദ്രന്റെ കോലം. . . (ഉമേഷ്)[232]

സ്രഗ്ദ്ധര

ഉച്ചച്ചന്ദ്രന്റെ കോലം മലിന, മുപരതപ്രൗഢയാം വൃദ്ധവേശ്യാ,
സ്വച്ഛാ പാഥോജശൂന്യാ സരസി, മുഖമിഹാനക്ഷരം സുന്ദരാംഗം,
ശ്രീയെത്താൻ കാത്തിരിക്കും പ്രഭു, വൊരു കഴിവില്ലാതെ കേഴുന്ന വിദ്വാൻ,
കോയിയ്ക്കൽ കോയ്മകൊള്ളുന്നൊരു ഖല, നിവയേഴാണു കേൾ ചിത്തശല്യം.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *(പരിഭാഷ)*

## 3.1465 ശയ്യാലംബിക്കുപോലും ചെറുതൊരു. . . (കർത്താ)

സ്രഗ്ദ്ധര

ശയ്യാലംബിക്കുപോലും ചെറുതൊരു സുകൃതം വേണമെന്നുള്ളുരച്ചാൽ
ചെയ്യാമെങ്കിൽ, പ്പുരാർത്ഥം നലമലമഗദൻ നൽകുവാനെന്തു വിഘ്നം?
പെയ്യാ ജീമൂതമായ്, നെൽച്ചെടിയിലെ പതിരായ് കെട്ട വിത്തായി, മച്ചി–
പ്പയ്യായും മാറ്റിടായ്കെൻ കവിതയെ മനമേ, വന്ധ്യമാം ചിന്ത മൂലം.

കവി : **യൂസഫലി കേച്ചേരി**, കൃതി : *മർത്യഗന്ധപ്രിയൻ*

## 3.1466 പച്ചപ്പട്ടും തൊഴും നിൻ. . . (ഉമേഷ്)

സ്രഗ്ദ്ധര

പച്ചപ്പട്ടും തൊഴും നിൻ തരളതനു തലോടുന്നു; തന്നങ്കഭാഗേ
വെച്ചംഭോജാക്ഷി വെള്ളിത്തളികയിലെ നറും പാലെടുത്തേകിടുന്നു;
നൽച്ചന്തം ചേർന്ന നർമ്മോക്തികളിടയിലുരയ്ക്കുന്നു – മുജ്ജന്മമേതോ
മെച്ചം ചേർന്നുള്ള പുണ്യം ശുകതരുണ, ഭവാൻ ചെയ്തിരിക്കുന്നു നൂനം!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.1467 നിക്ഷേപിച്ച നിജ്ഭ്രമങ്ങൾ'. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നിക്ഷേപിച്ച നിജ്ഭ്രമങ്ങൾ' പലതും പണ്ടുള്ള കാവ്യങ്ങളിൽ
പ്രക്ഷേപം തൊഴിലാക്കിയോർ, അവരിണക്കിച്ചേർത്ത ചൊല്ലത്രയും
ഇക്ഷേത്രപ്പുതകോയ്മമാർ പതിരകറ്റാതന്യ രാജ്യത്തിലും
വിക്ഷേപിച്ച യഥാർത്ഥ സംസ്കൃതി ഹവിസ്സാക്കിത്തുലയ്ക്കുന്നിതോ?

കവി : **യൂസഫലി കേച്ചേരി**, കൃതി : *സോമയാഗം*

## 3.1468 ഇത്രയ്ക്കുണ്ടു ബലം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഇത്രയ്ക്കുണ്ടു ബലം നമുക്കടയതാം ബന്ധത്തിനെന്നുള്ളതാം
സത്യം ദേവി ശരിയ്ക്കുമിത്രവെളിവായിന്നേ ധരിച്ചുള്ളു ഞാൻ
എത്രത്തോളമകന്നകന്നുടലിനാൽ വേറിട്ടുമാറുന്നു നാ–
മത്രത്തോളമടുത്തടുത്തു മുറുകിക്കൂടുന്നിതിബ്ബന്ധവും

കവി : **കെ.എൻ. ഡി. ഭട്ടതിരിപ്പാട്**, കൃതി : *ഒരു കത്ത്*

---

232 [*ഉമേഷ്*] **ശ്ലോകം 3.1464 :** മൂലശ്ലോകം (ഭർത്തൃഹരി – *നീതിശതകം*) :

ശശീ ദിവസധൂസരോ, ഗളിതയൗവനാ കാമിനീ,
സരോ വിഗതവാരിജം, മുഖമനക്ഷരം സ്വാകൃതേഃ,
പ്രഭുർദ്ധനപരായണസ്സതതദുർഗ്ഗതിസ്സജ്ജനോ
നൃപാങ്കണഗതഃ ഖലോ – മനസി സപ്തശല്യാനി മേ.

## 3.1469 എല്ലായ്പ്പോഴും കളിപ്പാൻ . . . (ഉമേഷ്)

സ്രഗ്ദ്ധര

എല്ലായ്പ്പോഴും കളിപ്പാൻ ചുടല, വിഷമഹോ ഭക്ഷണത്തിന്നു, മെന്ന–
ല്ലല്ലാസത്തോടു മെയ്യാഭരണമരവമാ, യിങ്ങനേ തീർന്നു കാന്തൻ,
ചൊല്ലേറും മക്കളാനത്തലവനൊരു മകൻ, ഷണ്മുഖൻ മറ്റൊരാ, ളി–
ന്നെല്ലാം നോക്കുന്ന നേരം തവ മലമകളേ, ജാതകം ജാതിതന്നെ!

കവി : **വെണ്മണി മഹൻ**, കൃതി : *(സമസ്യാപൂരണം)*

## 3.1470 ചാതകസ്ത്രീചതുരാൻ. . . (രാജേഷ്)

രഥോദ്ധത

ചാതകസ്ത്രീചതുരാൻ പയഃകണാൻ
യാചതേ ജലമുചം പിപാസയാ
സോ∫പി പൂരയതി വിശ്വമംഭസാ
ഹന്ത ഹന്ത മഹതാമുദാരതാ

## 3.1471 സ്വേദത്തുമാരി കാറിൻ. . . (കർത്താ)

സ്രഗ്ദ്ധര

സ്വേദത്തുമാരി കാറിൻ തുണയകലെ വെടിഞ്ഞാശു ളുകിക്കനക്കും
സാദം ചേർത്തുള്ള വേനൽക്കറുതിയഖിലരും കാത്തു കാലം കഴിക്കെ
ഖേദം രുദ്രാജഹംസാവലിയിലധികമായ് ചേർത്തു, വേഴാമ്പലിന്നാ–
മോദം കൂട്ടുന്ന മേഘധ്വനിയൊടു കുളിരേകുന്ന വർഷർത്തുവെത്തീ!

കവി : **എൻ. ഡി. കൃഷ്ണനുണ്ണി**, കൃതി : *വർഷക്കാലം*

## 3.1472 ഖരസോദരി തന്റെ. . . (രാജേഷ്)

വിയോഗിനി

ഖരസോദരി തന്റെ പൂവുടൽ
വിരയും കൺകളടച്ചു വെയ്ക്കുവാൻ
അരുതാതെ കുഴങ്ങിടുന്നൊരാ
ധരണീപാലനെയോർത്തിടുന്നു ഞാൻ

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.1473 അക്കിത്തത്തുമനയ്ക്കലുണ്ണി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അക്കിത്തത്തുമനയ്ക്കലുണ്ണിയുണരും നേരത്തിടശ്ശേരിതൻ
ദുഃഖം പെയ്യധികാരരോഗവഴിയിൽ നിൽക്കുന്നു കണ്ണീർക്കുടം
വക്കൊക്കെപ്പൊടി പറ്റിനിന്ന മലയാളത്തിന്റെയാത്മാവതാ
ചിക്കെന്നാകെയടിഞ്ഞുപൊളിയും ലൊകത്തിനെത്താങ്ങുവാൻ.

കവി : **സുധീർ പറൂർ**, കൃതി : *ഉപാസന*

## 3.1474 വാടാമെൻ തനു, മങ്ങിടാം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാടാമെൻ തനു, മങ്ങിടാം മിഴിക, ളെൻ കൂടപ്പിറപ്പാം ഭയം
കൂടാം, കോടിജനാപഹാസദഹനച്ചൂടാൽ ദഹിയ്ക്കാം മനം,
വീടില്ലെങ്കിലൊരാൽമരത്തണലിൽ ഞാൻ കൂടും, മരിക്കും വരെ–
പ്പാടും നിൻ തിരുനാമമന്ത്ര, മിടയഗ്രാമപ്രഭാപുഞ്ജമേ!

കവി : വി. കെ. ജി.

## 3.1475 വെണ്ടയ്ക്കായുടെ 'പാണ്ടി'യും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വെണ്ടയ്ക്കായുടെ 'പാണ്ടി'യും പടവലം കൊണ്ടുള്ള കൊമ്പൂത്തുമുൾ–
ക്കൊണ്ടല്ലോ, കളർ കായ്കറിത്തൊടി'യില'ത്താളം പിടിക്കുന്നതും
ഉണ്ടല്ലോ കുട, വൃത്തകാലടികളും ചേനയ്ക്കു; ചേമ്പിങ്കൽ ഞാൻ
കണ്ടല്ലോ ചെവിയാട്ടവും; കവിതയെത്തോപ്പിൽത്തിരഞ്ഞീടവേ!

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *തോട്ടവിളകൾ*

## 3.1476 ഉന്മേഷത്തൊടുണർന്നെണീക്കിൻ. . . (ഉമേഷ്)[233]

ശാർദ്ദൂലവിക്രീഡിതം

ഉന്മേഷത്തൊടുണർന്നെണീക്കി, നിരവിൻ പോർത്തട്ടിലെമ്പാടുമായ്
സമ്മേളിച്ചൊരു താരസേനയെയെതിർത്തോടിച്ച ബാലാരുണൻ
വിണ്മേൽ നിന്ന തിമിർത്തൊരാ നിശയെയും പായിച്ച, സുൽത്താനെഴും
പൊന്മേടയ്ക്കു കുറിക്കു കൊൾവൊരു കതിർക്കുരമ്പയയ്ക്കുന്നിതേ.

കവി : എം. പി. അപ്പൻ, കൃതി : *ജീവിതോത്സവം*

## 3.1477 വില പെരുത്തു കൊടുത്ത്. . . (രാജേഷ്)

ദ്രുതവിളംബിതം

വില പെരുത്തു കൊടുത്തു കിടച്ചിട്ടും
പല നിറങ്ങളിലുള്ളൊരു കോളകൾ
ചിലതിലുണ്ടു വിഷാംശ, മതോർക്കയാൽ
***കുലമണേ, ലെമണേഡു കുടിച്ചു ഞാൻ.***

കവി : രാജേഷ് വർമ്മ, കൃതി: *(സമസ്യാപൂരണം)*

## 3.1478 ചുവന്നു ചന്ദ്രക്കല പോൽ. . . (ഉമേഷ്)

ഉപേന്ദ്രവജ്ര

ചുവന്നു ചന്ദ്രക്കല പോൽ വളഞ്ഞും
വിളങ്ങി പൂമൊട്ടുടനേ പിലാശിൽ
വനാന്തലക്ഷ്മിയ്ക്കു നഖക്ഷതങ്ങൾ
വസന്തയോഗത്തിലുദിച്ചപോലെ.

കവി : എ. ആർ. / കാളിദാസൻ, കൃതി : *കുമാരസംഭവം തർജ്ജമ*

## 3.1479 വാനപ്പയ്യിനു നല്ലപോലകിട്ടു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

'വാനപ്പയ്യിനു നല്ലപോലകിട്ടുചോരുന്നുണ്ടു കൊരിക്കുടി–

[233] [*ഉമേഷ്*] ശ്ലോകം **3.1476 :** മൂലപദ്യം (ഉമർ ഖയ്യാം) :

WAKE! For the Sun, who scatter'd into flight
The Stars before him from the Field of Night,
    Drives Night along with them from Heav'n, and strikes
The Sultan's Turret with a Shaft of Light.

ക്കാനയ്യോ തരമില്ല' രാധ മൊഴിയേ ചൊല്ലീടിനാൻ കേശവൻ
'ഗാനത്തേൻ നരയുന്ന നിൻ ചൊടിയിലെപ്പാലാഴിയൂറ്റിക്കുടി–
ക്കാനല്ലേ രസ, മീനിലാവൊരു ജഡം, നിന്നാസ്യമസ്വാദകം!'

കവി : **യൂസഫലി കേച്ചേരി**, കൃതി : *വനമാലി*

## 3.1480 ഗണയതി ഗണകസ്സുദീർഘം. . . (ഉമേഷ്)

പുഷ്പിതാഗ്ര

ഗണയതി ഗണകസ്സുദീർഘമായുർ–
ഗഗനഗതഗ്രഹഗോളസന്നിവേശൈഃ
വനതൃണരസമേളനൈശ്ച വൈദ്യോ
ഹരതി വിധിർമിഷിതാമഥോഭയേഷാം

കവി : **എ. ആർ. രാജരാജവർമ്മ**

## 3.1481 വലിയ ശമ്പളമപ്പടി. . . (രാജേഷ്)

ദ്രുതവിളംബിതം

വലിയ ശമ്പളമപ്പടി നിന്റെ കൈ–
മലരിൽ വെയ്ക്കുവതെൻ പതിവല്ലയോ?
സ്ഖലിതമിന്നു പൊറുക്കണമേ, വധൂ–
**കുലമണേ, ലെമണേഡു കുടിച്ചു ഞാൻ.**

കവി : **രാജേഷ് വർമ്മ**, കൃതി : *സമസ്യാ പൂരണം*

## 3.1482 സുരവരന്നടരിൽ. . . (ഉമേഷ്)

ദ്രുതവിളംബിതം

സുരവരന്നടരിൽ തുണചെയ്യവൻ
ശരനിരക്കളിയാൽ ഭയമാറ്റിയോൻ
സുരനതാംഗികൾ തൽപ്പുകൾ പാടിനാർ
സരസമാരസമാനസുവാണിമാർ

കവി : **കുണ്ടൂർ / കാളിദാസൻ**, കൃതി : *രഘുവംശം തർജ്ജമ*

## 3.1483 സാഹിത്യം പണ്ഡിതന്മാർക്ക്. . . (കർത്താ)

സ്രഗ്ദ്ധര

സാഹിത്യം പണ്ഡിതന്മാർക്കവികലരസനിഷ്യന്ദിയാം സ്വച്ഛചിന്താ–
മാഹിത്യം; പാമരർക്കോ, പരിമൃദുപദ സംഘാതവീതാർത്ഥഡംഭം;
ദാഹിക്കും ഹൃത്തിനാട്ടേ, തരു സമമടിവേരോട്ടി മണ്ണിന്റെ സത്താ–
വാഹിച്ചാവിഷ്കരിക്കും വ്യഥയുടെ മധുവോലുന്ന സാഫല്യചൈത്രം.

കവി : **യൂസഫലി കേച്ചേരി**, കൃതി : *നാദബ്രഹ്മം*

## 3.1484 ദൂനം ദൂരസ്ഥിതദയിതനായ്. . . (ഉമേഷ്)

മന്ദാക്രാന്ത

ദൂനം ദൂരസ്ഥിതദയിതനായേതുമാശ്വാസമില്ലാ–
തേനം ദീനം ജനമനു കനിഞ്ഞൊന്നു ചെയ്യാലുമിപ്പോൾ
സ്യാനന്ദൂരം പുരവരമതിൽ ചെന്നു മൽപ്രാണനാഥയ്–
ക്കാനന്ദം നീയരുളുക പറഞ്ഞെന്റെ സന്ദേശവാക്യം.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1485 സുതാപായോത്താപം. . . (കർത്താ)

ശിഖരിണി

സുതാപായോത്താപം, പ്രതിനിമിഷമേറുന്നതു പൊറാ–
ഞ്ഞിതാ! ചാടുന്നൂ തീക്കുഴിയിലവരൊന്നായ നിലയിൽ
'ഇതാഹാ! ചെയ്യായ്കേ'ന്നപരിവിചലൽബാഹുതലനായ്,
ദ്രുതായാസശ്വാസത്തൊടുമരികിലെത്തീ വനഭടൻ.

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.1486 ഇദം കിലാവ്യാജമനോഹരം. . . (ഉമേഷ്)

വംശസ്ഥം

ഇദം കിലാവ്യാജമനോഹരം വപു–
സ്തപഃക്ഷമം സാധയിതും യ ഇച്ഛതി
ധ്രുവം സ നീലോത്പലപത്രധാരയാ
സമില്ലതാം ഛേത്തുമൃഷിർവ്യവസ്യതി

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

## 3.1487 ധ്രുവേണ ഭർത്രാ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധ്രുവേണ ഭർത്രാ ധ്രുവദർശനായ
പ്രയുജ്യമാനാ പ്രിയദർശനേന
സാ 'ദൃഷ്ട' ഇത്യാനനമുന്നമയ്യ
ഹ്രീസന്നകണ്ഠീ കഥമപ്യുവാച

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.1488 സുഭഗം മൃതി ലോകം. . . (കർത്താ)

വിയോഗിനി

സുഭഗം മൃതി ലോകമെങ്കിലെ–
ന്തഭയം മർത്യനൊടുക്കമേകിലും?
ശുഭകാലസമാഗമാശ നിഷ്–
പ്രഭജന്മത്തെ വലിച്ചു നീട്ടിടാം.

കവി : **വാരിക്കോലിൽ കേശവനുണ്ണിത്താൻ**, കൃതി : *ഒരു വിലാപം*

## 3.1489 ശമപ്രധാനേഷു. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ശമപ്രധാനേഷു തപോധനേഷു
ഗൂഢം ഹി ദാഹാത്മകമസ്തി തേജഃ
സ്പർശാനുകൂലാ ഇവ സൂര്യകാന്താ–
സ്തദന്യതേജോ$\int$ഭിഭവാദ്വമന്തി

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

## 3.1490 സരസോജ്വലരാഗം. . . (ഉമേഷ്)

വസന്തമാലിക

സരസോജ്വലരാഗമോമലാളിൻ
ചരണാഗ്രത്തിൽ വരച്ച രേഖ നോക്കൂ,
ഹരവീക്ഷണമേറ്റു നീറി നിൽക്കും
സ്മരവൃക്ഷത്തിൽ മുളച്ച നാമ്പു പോലെ.

കവി : **എ. ആർ. / കാളിദാസൻ**, കൃതി : *മാളവികാഗ്നിമിത്രം തർജ്ജമ*

## 3.1491 ഹേ, നാൾ കാർത്തികയാകയാൽ. . . (കർത്താ)

ഹേ, നാൾ കാർത്തികയാകയാൽശ്ശനിദശാശാർദ്ദൂലവിക്രീഡിതം
താനാം! പെൻഷനിലായൊരെൻ ഗുരുകവേ! ലൈഫിൻഷ്വറൻസെന്തിനി?
ദൂനാവസ്ഥ വരുമ്പൊഴും ചിരി പൊഴിപ്പോനാണു നൂനം ഭവാൻ;
'ആനാലും വരവല്ലവാ'? ശനി വരട്ടുമ്പോഴുമിറ്റും രസം!

കവി : **കരിമ്പുഴ രാമചന്ദ്രൻ**, കൃതി : *ദേശാറ്റനം*

## 3.1492 ദീർഘാക്ഷം, ശരദിന്ദുകാന്തിവദനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ദീർഘാക്ഷം, ശരദിന്ദുകാന്തിവദനം, ബാഹൂ നതാവംസയോഃ,
സംക്ഷിപ്തം നിബിഡോന്നതസ്തനമുരഃ, പാർശ്വേ പ്രമൃഷ്ടേ ഇവ,
മധ്യഃ പാണിമിതോ∫മിതം ച ജഘനം, പാദാവരാളാംഗുലീ
ഛന്ദോ നർത്തയിതുർയഥൈവ മനസി, ശ്ലിഷ്ടം തഥാസ്യാഃ വപുഃ

കവി : **കാളിദാസൻ**, കൃതി : *മാളവികാഗ്നിമിത്രം*

## 3.1493 മാലേയം വെണ്ണിലാവാൽ. . . (കർത്താ)

സ്രഗ്ദ്ധര

മാലേയം വെണ്ണിലാവാലടിമുടിയണിയും ശ്യാമഗാത്രീ ദിനാന്ത–
പ്രാലേയം പൂണ്ട ലോലൽച്ചിറകിണ മൃദുവായ് വീശിയെത്തും പതത്രി,
മാലേറ്റും വാസരത്തീക്കനലിനു മറയിട്ടായിരം ളുലികപ്പൂ–
വാലേ പൂൽകുന്ന കേളീകളമൃദുമൊഴിയാം ധാത്രി നീ മുഗ്ദ്ധരാത്രി.

കവി : **യൂസഫലി കേച്ചേരി**, കൃതി : *ധാത്രി*

## 3.1494 മാനിച്ചിടട്ടെ. . . (രാജേഷ്)

വസന്തതിലകം

മാനിച്ചിടട്ടെ ബുധരൊത്തു, പഴിച്ചിടട്ടേ,
വന്നോട്ടെ വിത്ത,മതു പോലെയൊഴിഞ്ഞു പോട്ടേ,
ഇന്നോ യുഗാന്തമതിലോ മരണം വരട്ടെ;
യന്യായമാം വഴി ചരിക്കുകയില്ല ധീരൻ.

കവി : **രാജേഷ് വർമ്മ / ഭർത്തൃഹരി**

### 3.1495 ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു. . . (ഉമേഷ്)

വസന്തതിലകം

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ–
ലുത്പന്നശോഭമുദയാദ്രിയിലെത്തിടും പോൽ
സത്പുഷ്പമേ! യിവിടെ മാഞ്ഞു സുമേരുവിൻ മേൽ
കൽപദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ.

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

### 3.1496 സുസ്പഷ്ടോച്ചാരണം,ധീനിശിത. . . (കർത്താ)

സ്രഗ്ദ്ധര

സുസ്പഷ്ടോച്ചാരണം, ധീനിശിതഗതി വിശേഷിച്ചു കാട്ടുന്ന നേത്രം,
സ്വൽപസ്ഥൗല്യം കലർന്നീടുമൊരുട, ലൊരു പാദത്തിനേതാണ്ടു ദൈർഘ്യം,
കെൽപേറും വാക്പടുത്വം, സ്മൃതിബല, മതിമാത്രോജ്ജ്വലശ്രീകവിത്വം,
കൽപ്പിക്കാമേവമുള്ളൂരെഴുമരിയമഹാകാവ്യകൃത്തിന്റെ ചിഹ്നം.

കവി : മൂലൂർ, കൃതി : *ഛായാപദ്യങ്ങൾ (ഉള്ളൂരിനെപ്പറ്റി)*

### 3.1497 കോൽത്തേനോലേണമോരോ പദം. . . (ഉമേഷ്)

സ്രഗ്ദ്ധര

കോൽത്തേനോലേണമോരോ പദ, മതിനെ നറും പാലിൽ നീരെന്ന പോലേ
ചേർത്തീടേണം, വിശേഷിച്ചതിലുടനൊരലങ്കാരമുണ്ടായ് വരേണം,
പേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോന്നേണ, മെന്നിത്ര വന്നേ
തീർത്തീടാവൂ ശിലോകം – ശിവ ശിവ! കവിതാരീതി വൈഷമ്യമത്രേ!

കവി : കുഞ്ചൻ നമ്പ്യാർ

### 3.1498 പീലിക്കണ്മണിയും ശിരസ്സിലണിയും. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പീലിക്കണ്മണിയും ശിരസ്സിലണിയും പൂമാലയും ചേലയും
ഫാലത്തിൽ കുറിയും ഞൊറിഞ്ഞ തുകിലും കാഞ്ചീകലാപങ്ങളും
നീലക്കാറൊളിവർണ്ണൻ തന്റെ നിലയും ബാലത്വവും ശീലവും
കാലത്തുള്ളിൽ നിനച്ചു നിത്യമുളവാക്കാലം കഴിക്കാകണം!

### 3.1499 നാശം വരാതെ. . . (രാജേഷ്)

വസന്തതിലകം

നാശം വരാതെ ഭുവനം നിലനിൽപതിന്നു–
ള്ളാശാവശേന ജനനത്തിനു തക്കവണ്ണം
നാശത്തെയും നിയതമങ്ങനെ സർവ്വജന്തു–
രാശിക്കു ചേർത്തിടുവതാരിഹ ഭേദഹീനം?

കവി : കേ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

### 3.1500 നിത്യം ശ്ലോകസദസ്സിലോർമ്മയെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നിത്യം ശ്ലോകസദസ്സിലോർമ്മയെയരിച്ചത്യന്തഹൃദ്യങ്ങളാം
പദ്യങ്ങൾ പരിചോടെടുത്തരുളിടും സ്തുത്യർഹരാം പണ്ഡിതർ
മുക്തന്മാർ മുനിമാരുമെന്നുമൊരുമിച്ചുൾത്താരിലാശിച്ച പോ–
ലെത്തുന്നൂ പരമം പദം സകലദം – സത്യം ശിവം സുന്ദരം!

കവി : **ഉമേഷ് നായർ**